**ധനകാര്യം**

## 2026-2027 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. ഡി. കെ. മുരളി: സർ, കേരളത്തിലെ സമഗ്ര വികസനം മുന്നിൽകണ്ടുകൊണ്ട് എല്ലാ മേഖലകളെയും സ്പർശിച്ച് കേരളത്തിൽ തുടർന്നുവന്ന വികസന ക്ഷേമ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനുതകുന്ന ഒരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. കേരള വിരുദ്ധ സമീപനംകൊണ്ട് രണ്ടുമൂന്ന് കൂട്ടർ കേരളത്തിന്റെ ശത്രുക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. അതിലൊന്ന് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബജറ്റിലൂടെ കേരളത്തിന് അർഹതപ്പെട്ട ടാക്സ് ഷെയർ നിഷേധിച്ചുകൊണ്ട് ഇന്ത്യയുടെ ഭൂപടത്തിൽനിന്നും കേരളത്തെ മായ്ച്ചുകളയുകയെന്ന സമീപനം സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. മറ്റൊന്ന് യു.ഡി.എഫ്. ആണ്. യു.ഡി.എഫ്.-ന്റെ പൊതുസമീപനം നിലവിൽ കേരള വിരുദ്ധതയായിമാറിയിട്ടുണ്ട്. കേരളത്തിൽ വികസനങ്ങൾ നടത്താൻ പാടില്ല, ക്ഷേമ പദ്ധതികളെ അട്ടിമറിക്കണം, വ്യാജ പ്രചരണവും നുണ

പ്രവാഹവും കൊണ്ട് കേരളത്തിന്റെ നേട്ടങ്ങളെ മറച്ചുവയ്ക്കാനാണ് അവർ രാഷ്ട്രീയമായി ലക്ഷ്യമിട്ടിരിക്കുന്നത്. വലതുപക്ഷ മാധ്യമങ്ങളിലെ ചിലരാണ് മറ്റൊരുകൂട്ടർ. അവരും കേരള വിരുദ്ധത പ്രചരിപ്പിക്കുകയാണ്. ഈ വെല്ലുവിളികളെയെല്ലാം നേരിട്ടുകൊണ്ടാണ് കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ പിണറായി സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ ദിശയിലേക്കുള്ള കേരള സർക്കാരിന്റെ യാത്രയ്ക്ക് വേഗതയും ചടുലതയും പകരുന്ന ഒരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചതെന്ന് നമുക്ക് നിസ്സംശയം പറയാൻ സാധിക്കും. ദീർഘവീക്ഷണമുള്ളതും പ്രായോഗികമായതുമായ ഒരു ബജറ്റ് എന്ന് ഇതിനെ വിശേഷിപ്പിക്കാനാകും. ഏത് മേഖലയെയാണ് ഈ ബജറ്റ് സ്പർശിക്കാതെ പോയത്? ഈ ബജറ്റ് സംബന്ധിച്ച് ഊന്നൽ നൽകി പറയേണ്ട ചില കാര്യങ്ങളുണ്ട്. സമൂഹത്തിൽ എല്ലാകാലത്തും പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുണ്ട്. പല വിഭാഗങ്ങളും അതിലേക്ക് വന്നുപെടുകയും ചെയ്യുന്നു. ഏറ്റവും താഴ്ന്ന വരുമാനമുള്ളതും ജീവിതത്തിന്റെ കഷ്ടപ്പാടുകൾ അനുഭവിക്കുന്നവരുമായ ആളുകളെ സഹായിക്കാനുള്ള പദ്ധതികളുടെ പ്രഖ്യാപനം ഈ ബജറ്റിൽ കാണാൻ

സാധിക്കും. ഈ ബജറ്റിന്മേൽ ഒരു ചർച്ചയ്ക്കും പ്രതിപക്ഷം തയ്യാറായില്ലല്ലോ? ചർച്ച ചെയ്താൽ പ്രതിപക്ഷം പ്രതിക്കൂട്ടിലാകും. അവർക്ക് ബജറ്റിനെ അനുകൂലിച്ച് സംസാരിക്കേണ്ടിവരും. ഈ ബജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികളെ എതിർക്കാനുള്ള ശേഷി അവർക്കുണ്ടാകില്ല. അതിൽനിന്നുള്ള ഒളിച്ചോട്ടം കൂടിയല്ലേയിത്? സ്വർണ്ണക്കൊള്ളയുടെ പേര് പറഞ്ഞാണ് പ്രതിപക്ഷമിവിടെ ബഹിഷ്കരണം നടത്തുന്നത്. സ്വർണ്ണക്കൊള്ളയെ സംബന്ധിച്ച് ഈ നിയമസഭയിൽ ഒരു ചർച്ച നടത്താൻ പ്രതിപക്ഷത്തിന് ധൈര്യമുണ്ടോ; കള്ളന്മാർ ശബരിമലയിൽ പ്രവേശിച്ച കാലം എല്ലാവർക്കും ഇപ്പോൾ അറിയാവുന്നതല്ലേ; നിലവിൽ നടക്കുന്ന അന്വേഷണം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിലല്ലേ; ആ അന്വേഷണം തൃപ്തികരമായി മുന്നോട്ടുപോകുന്നുവെന്ന വിലയിരുത്തലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയിട്ടുള്ളത്. ന്യായാധിപന്മാരെപോലും അസഭ്യം പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ നടത്തുന്ന അന്വേഷണത്തെ തടസ്സപ്പെടുത്താനുള്ള നീക്കമല്ലേ ഇപ്പോൾ പ്രതിപക്ഷം നടത്തുന്നത്. എന്താണ് പ്രതിപക്ഷം ഒരു ചർച്ചയ്ക്ക് തയ്യാറാകാത്തത്? ചർച്ചയ്ക്ക് തയ്യാറായാൽ ഇപ്പോൾ ഇവിടെ ഉയർത്തുന്ന

മുദ്രാവാക്യമായ 'സ്വർണ്ണം കട്ടത് ആരപ്പ്' എന്നതിന്റെ ഉത്തരം നമുക്ക് തെളിഞ്ഞുവരും. അപ്പോൾ പ്രതിക്കൂട്ടിൽ യു.ഡി.എഫ്.-ന് നിൽക്കേണ്ടിവരും. അതുകൊണ്ടാണ് അവർ ചർച്ചയ്ക്ക് തയ്യാറാകാത്തത്. 'സഖാക്കളാണേ അയ്യപ്പ്' എന്ന വ്യാജ പ്രചരണത്തിന്റെ പൊള്ളത്തരം പൊളിഞ്ഞുവീഴും. അതുകൊണ്ടാണ് ഒരു ചർച്ചയ്ക്ക് തയ്യാറാകാതെ ഒളിച്ചോടുന്നത്. എന്ത് ജനാധിപത്യ മര്യാദയാണ് ഇത്; നിയമസഭയുടെ ചരിത്രത്തിൽ ഇത്തരത്തിലൊരു അനുഭവമുണ്ടായിട്ടുണ്ടോ? ഞങ്ങളാരും കേട്ടിട്ടില്ല. ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നു. സഭയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ പ്രതിപക്ഷം ഉന്നയിക്കുന്നില്ല. രാവിലെ വന്ന് ബാനർ എടുത്ത് ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറയ്ക്കുന്നു. എന്ത് കോപ്രായങ്ങളും കാണിക്കുന്നു. അതിന് പ്രേരിപ്പിച്ചുവിടുന്ന ഒരു പ്രതിപക്ഷനേതാവാണുള്ളത്. ആ പ്രതിപക്ഷ സമീപനം കേരളം മനസ്സിലാക്കുന്നുണ്ട്. കേരളത്തിന്റെ ബോധനിലവാരം ഒരു കോർപ്പറേറ്റ് കനഗോലുവിന്റെയും നിരീക്ഷണ പരിധിക്കുള്ളിൽ നിൽക്കുന്നതല്ല. ദീർഘകാലത്തെ അനുഭവങ്ങളിലൂടെയും ചരിത്രത്തിലൂടെയും പോരാട്ടങ്ങളിലൂടെയും നേടിയെടുത്ത ഒരു പൊതുബോധമാണ് കേരളത്തെ

നയിക്കുന്നത്. അതിനെയെല്ലാം ഇപ്രകാരം മറികടക്കാമെന്നൊക്കെ ശ്രീ. സുനിൽ കനഗോലുവും കോർപ്പറേറ്റുകളും യു.ഡി.എഫ്.-ഉം ധരിച്ചിട്ടുണ്ടെങ്കിൽ അത് അബദ്ധമാണെന്ന് വരുംകാലങ്ങളിൽ തെളിയാൻ പോകുകയാണ്. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനത്തെക്കുറിച്ച് ഗൗരവമായ ഒരു ചർച്ചയ്ക്ക് എന്തുകൊണ്ടാണ് പ്രതിപക്ഷം തയ്യാറാകാത്തത്? അവർ ഭാവിയിൽ ഭരണം പിടിക്കാൻ നിൽക്കുന്നവരല്ലേ; കേന്ദ്ര സർക്കാർ കേരളത്തിന് ലഭ്യമാക്കേണ്ട അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാതിരുന്നാൽ അത് ബാധിക്കുന്നത് എൽ.ഡി.എഫ്.-നെ മാത്രമാണോ; അത് ബാധിക്കുന്നത് കേരളത്തിലെ ജനങ്ങളെയല്ലേ; കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബജറ്റിൽ കേരളത്തിന് ഒന്നും നൽകിയില്ല. ആകെയൊരു ആമ സംരക്ഷണ കേന്ദ്രമാണ് അനുവദിച്ചത്. ഇത് എത്ര പരിഹാസ്യമാണ്? ഇവിടെ ആക്ഷൻ ഹീറോ ചമഞ്ഞ് നടക്കുന്ന കേന്ദ്ര സഹമന്ത്രിമാരൊക്കെയില്ലേ; അവർ എന്തെല്ലാമാണ് ചോദിച്ചത്; എയിംസ് വരും മറ്റെമോനെ എന്ന് പ്രഖ്യാപിച്ചതല്ലേ; എന്ത് ഭാഷ ഉപയോഗിച്ചാണ് കേരളത്തിലെ ജനങ്ങൾ ഇദ്ദേഹത്തെ വിശേഷിപ്പിക്കേണ്ടതെന്ന് പറഞ്ഞുതരാമോ? ഇതൊക്കെ ഈ നിയമസഭയിൽ ചർച്ച ചെയ്യേണ്ട ഒരു അവസരം കൂടിയല്ലേ; പ്രതിപക്ഷം

എന്തുകൊണ്ടാണ് അതിന് തയ്യാറാകാത്തത്; ബി.ജെ.പി.-യും കോൺഗ്രസ്സും തമ്മിലുള്ള അന്തർധാര കേരളത്തിൽ വളർന്നുവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് ചിത്രങ്ങൾ നമ്മൾ കണ്ടതല്ലേ; ഒരു സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ സ്ഥാനം ലഭിക്കാൻ ബി.ജെ.പി.-യുമായി ധാരണയുണ്ടാക്കുകയാണ് കോൺഗ്രസ്. ഏത് വർഗീയ പാർട്ടികളെയും കൂട്ടുപിടിച്ച് അധികാരം കവരുകയെന്നുള്ള ഒരു വ്യാമോഹത്തിൽ മാത്രം അടിപ്പെട്ട് നിൽക്കുകയാണ് കോൺഗ്രസ്. അതിന്റെയെല്ലാം ദുരന്തം യു.ഡി.എഫ്. അനുഭവിക്കാൻ പോകുകയാണ്. കേരളം അതിനെ അതിജീവിക്കും. കേരളത്തിന്റെ പ്രബുദ്ധത ഈ പൊറാട്ട് നാടകങ്ങളെ തള്ളിക്കളയുമെന്നതിന് യാതൊരു സംശയവുമില്ല. ഈ ബജറ്റിലൂടെ കേരളത്തിൽ ഏകദേശം ഒന്നേകാൽ കോടിയിലധികം ജനങ്ങൾക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ അതിൽ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളുണ്ട്. ക്ഷേമ പെൻഷൻ 62 ലക്ഷം ആളുകൾക്ക് നൽകികൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. ആശാവർക്കർമാരെയും പാചക തൊഴിലാളികളെയും അങ്കണവാടി

ജീവനക്കാരെയും പരിഗണിക്കുന്നുണ്ട്. അങ്ങനെ നോക്കിയാൽ താഴെത്തട്ടിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും സഹായിക്കുന്നുണ്ട്. മാത്രമല്ല, പുതിയ ജനവിഭാഗങ്ങൾക്കുകൂടി ആനുകൂല്യങ്ങൾ നൽകുകയാണ്. കുടുംബിനികൾ, തൊഴിലില്ലാത്ത ചെറുപ്പക്കാർ എന്നിവർക്കെല്ലാം തുക മാറ്റിവച്ചിരിക്കുകയാണ്. ഈ തുക എവിടെനിന്നാണ് കണ്ടെത്തുന്നത്. കേന്ദ്ര സർക്കാർ നമുക്ക് നൽകേണ്ട വിഹിതം നൽകാതിരിക്കുമ്പോഴും നമ്മുടെ ആഭ്യന്തര വരുമാനം വർധിപ്പിച്ചുകൊണ്ടാണ് ഇതെല്ലാം നേടാൻ സാധിച്ചുവെന്നത് ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭരണശേഷി പ്രകടിപ്പിക്കുന്നതാണെന്ന് നമുക്ക് നിസ്സംശയം പറയാൻ സാധിക്കും. പ്രതിശീർഷ വരുമാനം മാത്രമെടുത്ത് പരിശോധിച്ചാൽ മതി. ആഭ്യന്തരോൽപ്പാദനം 2016-17-ൽ 1,66,246 കോടി രൂപ ആയിരുന്നെങ്കിൽ ഇപ്പോൾ 2024-25-ൽ 3,08,238 കോടി രൂപയായി വർധിച്ചു. ആഭ്യന്തരോൽപ്പാദനത്തിന്റെ കാര്യത്തിൽ 2021-ൽ നമുക്ക് പതിനൊന്നാം സ്ഥാനമായിരുന്നു. അത് ഇപ്പോൾ ഏഴാം സ്ഥാനത്തേയ്ക്ക് ഉയർന്നിരിക്കുകയാണ്. ഇങ്ങനെയാണ് ഈ നാടിനെ മുന്നോട്ടുകൊണ്ടുപോകുന്നത്. ഏത് അവഗണനയേയും പ്രതിരോധിച്ച്

മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രാപ്തി നമ്മൾ നേടിയിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ചരിത്ര പ്രധാനമായ ഒരു തീരുമാനമല്ലേ സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസം സൗജന്യമാക്കുന്നതിന് ഏറ്റവും കൂടുതൽ മുൻകൈയെടുത്തത് എൽ.ഡി.എഫ്. ആണ്. കേരളത്തിൽ ഇടതുപക്ഷം ഭരിച്ചപ്പോഴാണ് അതെല്ലാം നടപ്പാക്കിയിട്ടുള്ളത്. ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകാൻ സർക്കാർ ഈ ബജറ്റിലൂടെ തീരുമാനിച്ചിരിക്കുകയാണ്. കേരളം മുന്നോട്ടല്ലേ; എന്താണ് യു.ഡി.എഫ്.-ന്റെ പ്രഖ്യാപനങ്ങൾ? യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ കിഫ്ബി പിരിച്ചുവിടും. കിഫ്ബിയുണ്ടാകുകയില്ല. അതായത് ഇവർ അധികാരത്തിൽ വന്നാൽ കോടിക്കണക്കിന് രൂപയുടെ പശ്ചാത്തല വികസനം ഇനി നടക്കാൻ പോകുന്നില്ല. യു.ഡി.എഫ്. അധികാരത്തിൽ വരാൻ പോകുന്നില്ല. ലൈഫ് മിഷനെ തകർക്കും. നാട്ടിലെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഗുണകരമാകുന്ന അഞ്ച് ലക്ഷം ആളുകൾക്ക് വീട് വച്ച് നൽകുന്ന ലൈഫ് മിഷൻ ഇനിയുണ്ടാകില്ലായെന്നാണ് പ്രഖ്യാപിക്കുന്നത്. ഇതല്ലേ കേരളത്തിൽ വരാൻ പോകുന്നത്. ഒരു വിഭാഗത്തെയും അവഗണിക്കാതെ എല്ലാ വിഭാഗം ആളുകൾക്കും, കന്യാസ്ത്രീകളുൾപ്പെടെ റേഷൻ കാർഡ് നൽകാൻ

തീരുമാനിച്ചിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കും. ഇപ്രകാരമുള്ള നിരവധി കാര്യങ്ങളെക്കുറിച്ച് ഇനിയും പറയാനുണ്ട്. എന്നാൽ സമയക്കുറവുള്ളതിനാൽ അതിനെക്കുറിച്ചൊന്നും സൂചിപ്പിക്കുന്നില്ല. ഈ സർക്കാരിന്റെ പ്രഖ്യാപനങ്ങളുടെ നേട്ടങ്ങൾ എല്ലാ നിയോജമണ്ഡലങ്ങളിലും ഉണ്ടായിട്ടുണ്ട്. ഞാൻ അഭിമാനത്തോടുകൂടി പറയുന്ന ഒന്നും രണ്ടും പിണറായി സർക്കാർ ഭരിച്ചതിന്റെ ഭാഗമായി കഴിഞ്ഞ പത്ത് വർഷക്കാലം എന്റെ നിയോജകമണ്ഡലത്തിൽ ഏകദേശം 2,000 കോടി രൂപയുടെ വികസന ക്ഷേമ പദ്ധതികൾ നടന്നിട്ടുണ്ട്. റോഡിനും പാലത്തിനും കൂടി 980 കോടി രൂപയും വിദ്യാഭ്യാസ മേഖലയിൽ 95 കോടി രൂപയും ആരോഗ്യ മേഖലയിൽ 65 കോടി രൂപയും വൈദ്യുതി മേഖലയിൽ 60 കോടി രൂപയും കുടിവെള്ള പദ്ധതിയായ ജെ.ജെ.എം. പ്രോജക്ടിന് 390 കോടി രൂപയും ഇറിഗേഷൻ പദ്ധതികൾക്ക് ആറ് കോടി രൂപയും ദുരിതാശ്വാസ പദ്ധതിക്ക് ആറ് കോടി രൂപയും കായിക മേഖലയിൽ പത്ത് കോടി രൂപയും റവന്യൂ/വില്ലേജിന് അഞ്ച് കോടി രൂപയും കൃഷിക്കും മൃഗസംരക്ഷണത്തിനും 30 കോടി രൂപയും വനം വകുപ്പിന്റെ പദ്ധതികൾക്ക് 45 കോടി രൂപയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ പദ്ധതികൾക്ക് 35

കോടി രൂപയും ഗ്രാമീണ റോഡുകൾക്ക് 45 കോടി രൂപയും എം.എൽ.എ. ആസ്തി വികസന പദ്ധതിക്ക് 60 കോടി രൂപയും അങ്ങനെ ഏകദേശം 2,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലേയും അനുഭവം ഇതാണ്. ഒരു കാര്യം കൂടി ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും അത് അദ്ദേഹത്തിന്റെ പരിഗണനയിൽ വന്നില്ല. അതുകൂടി ഈ ബജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ ബജറ്റിനെ അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ചട്ടം 118 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന ഈ സഭ അംഗീകരിച്ചിരിക്കുകയാണ്. പ്രമേയത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 40:60 എന്ന അനുപാതത്തിലേക്ക് മാറ്റുകയാണ്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ കേരളത്തിന്റെ

ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി പുതുതായി 1000 കോടി രൂപയാണ് ഈ ഇനത്തിലേക്ക് വകയിരുത്തിയിട്ടുള്ളത്. ഈ ചർച്ചയിലുടനീളം പ്രതിപക്ഷാംഗങ്ങൾ ഉണ്ടാകേണ്ടതായിരുന്നു. ഗാന്ധിവധം വീണ്ടും നടത്തുന്ന പ്രക്രിയയാണ് തൊഴിലുറപ്പ് പദ്ധതിയെ ഇല്ലാതാക്കുന്ന കേന്ദ്ര നിലപാട്. യഥാർത്ഥത്തിൽ VB-G RAM-G (വിക്ഷിത് ഭാരത് - റോസ്ഗർ, അജീവിക മിഷൻ (ഗ്രാമിൻ)) എന്ന പദ്ധതിയിലൂടെ V-വിനായക, G-ഗോഡ്സെ, RAM-G - നാഥുറാം ജി എന്നും പദ്ധതിയുടെ പരിവർത്തനത്തിലൂടെ മാറ്റിയെടുക്കാനാണ് അവർ ആഗ്രഹിക്കുന്നത്. നമ്മുടെ രാജ്യത്താകമാനവും സംസ്ഥാനത്തും പ്രത്യേകിച്ച് സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്ന ഒരു മേഖലയെ തകർത്തില്ലാതാക്കാൻ ശ്രമം നടക്കുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയത്തിൽ സൂചിപ്പിച്ചതുപോലെ കേരളം നൂറ് ശതമാനം ജോലി നൽകുന്ന സംവിധാനമാക്കി തൊഴിലുറപ്പ് പദ്ധതിയെ മാറ്റുകയും അതിലൂടെ സ്ത്രീകൾക്ക് തൊഴിൽ രംഗത്ത് മാന്യമായ അംഗീകാരം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കേരളം കടക്കെണിയിലാണെന്ന് വിളിച്ചുകൂവുന്ന ആളുകൾ കേന്ദ്രസർക്കാരിന്റെ കടബാധ്യത കണ്ണ് തുറന്ന് കാണേണ്ടതുണ്ട്. 2025-26

സാമ്പത്തിക വർഷത്തെ മൊത്തം കടത്തിന്റെ ജി.ഡി.പി. അനുപാതം 56.1 ശതമാനമായി ഉയർന്നു. അടുത്ത സാമ്പത്തിക വർഷത്തിൽ 55.6 ശതമാനമാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വായ്പ ജി.എസ്.ഡി.പി. അനുപാതം 24.83 ശതമാനം എന്നിരിക്കെയാണ് കേരളത്തിനെതിരെ വ്യാപകമായ ദുഷ്പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രബജറ്റിൽ ധനക്കമ്മി 4.3 ശതമാനം എന്ന് സൂചിപ്പിക്കുമ്പോൾ, കേരളം 2026-27-ൽ കണക്കാക്കിയിരിക്കുന്നത് 3.8 ശതമാനമാണ്. കേരളം സാമ്പത്തിക അച്ചടക്കം പാലിക്കുന്നില്ലെന്ന രാഷ്ട്രീയ വിമർശനം ബി.ജെ.പി.-യും യു.ഡി.എഫ്-ഉം ഈ സഭയിൽ ഉൾപ്പെടെ നിരന്തരം പറയുമ്പോൾ കണക്കുകളിൽ നിന്നും സത്യം തെളിയുന്നുണ്ട്. കേന്ദ്രം കടമെടുക്കുമ്പോൾ അത് പുണ്യവും കേരളത്തിന്റെ കാര്യത്തിൽ അത് പാപമായും മാറുന്നതിലെ യുക്തി മനസ്സിലാകുന്നില്ല. വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയുള്ള വൈവിധ്യപൂർണ്ണമായ ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ബജറ്റ് അവതരണത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, A New Normal സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിന്റെ ഭാഗമായി എല്ലാ മേഖലകളെയും

കൂട്ടിച്ചേർത്തുകൊണ്ട് ഒരു പുതിയ കേരളം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളും പദ്ധതികളുമാണ് അദ്ദേഹത്തിന്റെ ആറ് ബജറ്റുകളിലൂടെയും കേരളത്തിലെ ജനങ്ങൾക്ക് കാണാൻ കഴിഞ്ഞത്. സാമ്പത്തിക ഞെരുക്കത്തിൽപ്പെട്ട് എന്തുചെയ്യുമെന്ന് യു.ഡി.എഫ്. ആലോചിച്ച സമയമുണ്ടായിരുന്നു. 'കരിമ്പിൻ തോട്ടത്തിൽ ആന കയറിയതുപോലെ' എന്ന രീതിയിലായിരുന്ന കേരളത്തെ ഇന്ന് എല്ലാവരും ചർച്ച ചെയ്യുന്നതുപോലെ ഇങ്ങനെയൊരു കേരളമാക്കി മാറ്റിയെടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റുകളിലൂടെയും കിഫ്ബി പദ്ധതികളിലൂടെയും കഴിഞ്ഞിട്ടുണ്ട്. പദ്ധതികളുടെ ഗുണഭോക്താക്കളല്ലാത്ത 35 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള സഹോദരിമാർക്ക്/അമ്മമാർക്ക് പ്രതിമാസം 1000 രൂപ വീതം നൽകുകയെന്നത് എത്രമാത്രം മഹത്തരമായ ഒരു കാര്യമാണെന്ന് ചിന്തിക്കേണ്ടതാണ്. പഠനം കഴിഞ്ഞശേഷം തൊഴിലിനുവേണ്ടി വിവിധ പരിശീലനങ്ങളിൽ ഏർപ്പെടുന്ന ചെറുപ്പക്കാർക്ക്/വിദ്യാർത്ഥികൾക്ക് 1000 രൂപ നൽകുന്ന പദ്ധതി, കേരളത്തിലല്ലാതെ മറ്റെവിടെയെങ്കിലും കാണാൻ കഴിയുമോ; ഇക്കാര്യങ്ങൾ യു.ഡി.എഫ്.-ന് ചിന്തിക്കാൻ കഴിയുന്നതാണോ? കുടുംബശ്രീ എ.ഡി.എസ്.-കൾക്ക് 2025 നവംബർ 1 മുതൽ പ്രതിമാസം

1000 രൂപ പ്രവർത്തന ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 19,470 എ.ഡി.എസ്.-കൾക്ക് ഈ പ്രയോജനം ലഭിക്കുന്നുവെന്നതിലൂടെ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി ലോകത്തിനുതന്നെ മാതൃകയായി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ ശക്തി എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. അതിനെ പരാജയപ്പെടുത്താൻ ഗൃഹശ്രീ ആരംഭിച്ച യു.ഡി.എഫ്.-ന് ഇത് വിറളിയുണ്ടാക്കുന്ന കാര്യമായിരിക്കും. സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത ഭൂരിഭാഗം അംഗങ്ങളും പ്രതിപാദിച്ചിട്ടുള്ളത് സാമൂഹ്യസുരക്ഷാ പെൻഷൻ വർധനവിലൂടെ ഒരു വലിയ മാറ്റമാണുണ്ടായിരിക്കുന്നതെന്നാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തുമ്പോഴാണ് എല്ലായിപ്പോഴും യു.ഡി.എഫ്. ഭരണകാലത്തെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുള്ളത്. അതായത് അപ്പോഴാണ് ജനങ്ങൾക്ക് കുടിശ്ശിക തുക ലഭിക്കുന്നത്. വി.എസ്. സർക്കാർ അധികാരത്തിലെത്തിയപ്പോൾ അതുവരെയുണ്ടായിരുന്ന കുടിശ്ശികയായ 28 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തു. പിന്നീട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരമേറ്റപ്പോൾ പ്രകടന പത്രികയിൽ സൂചിപ്പിച്ചതുപോലെ 600 രൂപ നിരക്കിൽ 18

മാസത്തെ കുടിശ്ശിക നൽകുകയും തുക 1600 രൂപയാക്കി വർധിപ്പിക്കുകയും ചെയ്തു. നിലവിൽ പെൻഷൻ 2000 രൂപയാക്കി ഉയർത്തി നൽകിക്കൊണ്ടിരിക്കുന്നതും പിണറായി സർക്കാരാണ്. ഇനിയും തുക ഉയർത്തി നൽകണമെന്ന് മാത്രമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എത്ര ലക്ഷം പേർക്കാണ് തുക ലഭിക്കുന്നതെന്നും എത്ര കുടുംബങ്ങളാണ് ഇതിലൂടെ ജീവിച്ചുപോകുന്നതെന്നും നാം മനസ്സിലാക്കണം. ഇത്തരത്തിൽ എണ്ണിയെണ്ണി പറയാൻ കഴിയുന്ന ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങളാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ബജറ്റിൽ 14500 കോടി രൂപയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈയിനത്തിൽ വകയിരുത്തിയിട്ടുള്ളത്. അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, സാക്ഷരത പ്രേരക്മാർ, ആശാവർക്കർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ, പ്രീ-പ്രൈമറി അധ്യാപകർ, ആയമാർ തുടങ്ങിയവരുടെയെല്ലാം ഓണറേറിയം വർധിപ്പിച്ചു. ഗ്രാമപഞ്ചായത്തുകളിലെ ശിശുമന്ദിരങ്ങളിൽ ബാലവാടി അധ്യാപകരുണ്ട്. അവരുടെ കാര്യംകൂടി പരിഗണിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. എൽ.ഡി.എഫ് സർക്കാർ അവർക്ക് നേരത്തെ തുക വർധിപ്പിച്ച് നൽകിയിട്ടുണ്ട്. കഴിയുമെങ്കിൽ ഈ ബജറ്റിലൂടെ തുക

വർധിപ്പിക്കാനുള്ള ശ്രമം നടത്തണം. ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു വിഭാഗമാണ്. സ്കീം തൊഴിലാളികളുടെ വിഷയത്തിൽ ഒട്ടേറെ സമരങ്ങൾ സെക്രട്ടേറിയറ്റിന് മുന്നിൽ സംഘടിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള അംഗങ്ങൾ അവിടെപ്പോയി സമരത്തിന് അഭിവാദ്യം ചെയ്ത വാർത്തകളൊക്കെ നാം കണ്ടതാണ്. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അവരുടെ തുക വർധിപ്പിക്കാൻ തയ്യാറായിട്ടില്ല. എന്നാൽ എല്ലാ വർഷവും കേരള സർക്കാർ അവർക്ക് ആയിരം രൂപ വീതം വർധിപ്പിച്ച് നൽകുകയാണ്. ഈ വർഷവും അത് നൽകിയിട്ടുണ്ട്. സ്കീം തൊഴിലാളികൾ എന്ന വിഭാഗത്തിൽ നിന്നുമാറി തൊഴിലാളികളായി അംഗീകരിച്ചാൽ കേരളത്തിലെ മിനിമം വേജസ് അവർക്ക് നൽകാൻ കഴിയും. അതാണ് നമ്മുടെ ആവശ്യം. എൽ.ഡി.എഫ്.-ന്റെ നയമെന്ന നിലയിലും ഇടതുപക്ഷം എക്കാലത്തുമെടുത്ത നിലപാടുകളുടെ അടിസ്ഥാനത്തിലും അവർക്കും 1000 രൂപ വർധിപ്പിച്ച് നൽകിയിട്ടുണ്ട്. അങ്കണവാടി വർക്കർമാരുടെ വേതനത്തിൽ 1000 രൂപ, ഹെൽപ്പർമാർ 500 രൂപ, ആശാ വർക്കർമാർ 1000 രൂപ, പ്രീ-പ്രൈമറി അധ്യാപകർ 1000 രൂപ, പാചക തൊഴിലാളികൾ 25 രൂപ എന്നിങ്ങനെ സാക്ഷരതാപ്രേരക്മാർ ഉൾപ്പെടെയുള്ളവരുടെ

തുകയിൽ വർധനവുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ ഡി.എ. സംബന്ധിച്ചുള്ള വിഷയമായിരുന്നു യു.ഡി.എഫ്. അംഗങ്ങൾ വളരെ ശക്തമായി ഉന്നയിച്ചിരുന്നത്. സർക്കാർ ജീവനക്കാരുടെ ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ ഉൾപ്പെടുത്തി ഒരു ഗഡുവും ബാക്കി ഗഡു തുകകൾ മാർച്ച്/ഏപ്രിൽ മാസത്തെ ശമ്പളങ്ങളിലൂടെ ലഭ്യമാക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൂടുതൽ ട്രഷറികളും പൂട്ടിക്കിടക്കുന്ന കാലമായിരുന്നു. ട്രഷറി പൂട്ടാതെ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ഈ സർക്കാരിന് മുന്നോട്ട് പോകാൻ കഴിഞ്ഞു. പവർ കട്ടും ലോഡ് ഷെഡിങ്ങും കാരണം യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഗാർഹിക മേഖലകളും വ്യാവസായിക മേഖലകളും തകർന്ന് തരിപ്പണമായിട്ടുണ്ട്. പവർകട്ടും ലോഡ് ഷെഡിങ്ങും ഇല്ലാത്ത ഒരു സാഹചര്യം നിലവിൽവന്നു. കുട്ടികൾക്ക് ഒരു ക്ലാസിലെ അവസാന പരീക്ഷ എഴുതുമ്പോൾപ്പോലും പാഠപുസ്തകം ലഭിക്കാത്ത സാഹചര്യത്തിൽ നിന്നുമാറി പാഠപുസ്തകങ്ങൾ നേരത്തെ കൊടുക്കുന്ന നിലപാടുകൾ സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞു. അന്ന് ആശുപത്രികൾ അടഞ്ഞുകിടക്കുന്ന കാഴ്ചയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ

പ്രൈമറി ഹെൽത്ത് സെന്ററുകളെ ഉൾപ്പെടെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ ചികിത്സാ സംവിധാനത്തിന്റെ മാറ്റം പൊതുസമൂഹത്തിന് അറിയാവുന്നതാണല്ലോ; യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പി.എസ്.സി. നിയമന നിരോധനമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് ഇന്ത്യയിൽ ആകെ നടക്കുന്ന നിയമനങ്ങളിൽ അറുപത് ശതമാനം നിയമനങ്ങളും കേരളത്തിലാണെന്ന വസ്തുത അഭിമാനപൂർവം കേരളത്തിലെ ചെറുപ്പക്കാർക്ക് പറയാൻ കഴിയുന്ന കാര്യമാണ്. ഇന്ന് കേരളസമൂഹത്തിന് ശാന്തമായ അന്തരീക്ഷത്തിൽ ജീവിക്കാൻ കഴിയുന്നുണ്ട്. കലാപങ്ങളില്ലാത്ത പത്ത് വർഷങ്ങളായിരുന്നു ഇത്. വർഗീയ കലാപങ്ങളും മറ്റ് സംഘർഷങ്ങളും ഇല്ലാത്ത കാലഘട്ടമായിരുന്നു. ഒരു രാജ്യത്തിന്റെ വികസനത്തിനോടൊപ്പം നടക്കേണ്ട കാര്യം ഇതാണ്. ജനങ്ങൾക്ക് മാന്യമായി ജീവിക്കാൻ കഴിയുന്ന ശാന്തമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചുവെന്നത് നിസ്സാര കാര്യമാണോ; യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കലാപങ്ങളും ഗുണ്ടകളുടെ വിളയാട്ടവുമായിരുന്നു. അധിക വരുമാനം സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. സമയക്കുറവ് കാരണം അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. കേരളത്തിൽ ഒരാളും ചികിത്സ കിട്ടാതെ മരിക്കാൻ

പാടില്ലെന്ന് കോവിഡിന്റെ കാലത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ അറുപതുവയസ്സുകഴിഞ്ഞവരിൽ പലരും ന്യൂമോണിയ ബാധിച്ച് മരിക്കുന്നു. അത് തടയുന്നതിനുവേണ്ടിയാണ് സാർവത്രികമായി സൗജന്യമായി വാക്സിൻ നൽകാനുള്ള തീരുമാനം ബജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. ബജറ്റിലെ ടി പ്രഖ്യാപനം എടുത്തു പറയേണ്ട സവിശേഷതയാണ്. കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 25 ശതമാനം മാത്രമാണ് കേന്ദ്ര വിഹിതം. എഴുപത്തിയഞ്ചുശതമാനവും സ്വന്തം ചെലവിലാണ് നടപ്പാക്കുന്നത്. ആഭ്യന്തര റവന്യൂ വർധിപ്പിക്കുന്നതിൽ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ നേതൃത്വത്തിൽ എടുത്ത നടപടികൾ ഏറെ ശ്ലാഘനീയമാണ്, അഭിമാനകരവും സന്തോഷകരവുമാണ്. നികുതിയേതര വരുമാനമായി 24898 കോടി രൂപയാണ് അധികമായി പിരിച്ചെടുക്കാൻ കഴിഞ്ഞത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വാർഷിക ശരാശരി 10455 കോടിയായിരുന്നുവെന്നുകൂടി ഓർക്കേണ്ടതുണ്ട്. നേരത്തെ പലരും സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 118 പ്രകാരമുള്ള ഗവൺമെന്റ് പ്രമേയം കൊണ്ടുവരുന്നുണ്ടെന്ന് മനസ്സിലാക്കിയതിന്റെ

അടിസ്ഥാനത്തിലാണ് ബി.ജെ.പി.-ക്കെതിരെ ഒരക്ഷരം പറയാൻ ഞങ്ങൾ തയാറല്ലെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചത്. കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന തെറ്റായ നിലപാടിനെതിരെയും അവഗണനയ്ക്കെതിരെയും നമ്മൾ മലയാളികളുടെ അഭിമാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി പ്രക്ഷോഭത്തിൽ പങ്കെടുക്കാൻ വരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തോട് പറഞ്ഞപ്പോൾ ആലോചിക്കാമെന്ന് പറഞ്ഞതിനുശേഷം, ആലോചനയുടെ പാരതമ്യതയിലെത്തിയതിന്റെ ഫലമാണ് ഇന്നത്തെ ഒളിച്ചോട്ടം. അതിന്റെ ഭാഗമായി കേരളത്തിൽനിന്നും മുഖ്യമന്ത്രി, മന്ത്രിമാർ, ഇടതുപക്ഷ എം.എൽ.എ.-മാർ എന്നിവർ ഡൽഹിയിൽപോയി സമരം നടത്തി. അതുകഴിഞ്ഞ് തലസ്ഥാന നഗരിയിലും നമ്മൾ സമരം തുടരുകയാണ്. ജനങ്ങളുടെ അഭിമാനം കാത്തുസൂക്ഷിക്കാനുള്ള ഈ പ്രവർത്തനങ്ങളിൽ ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാ വെല്ലുവിളികളെയും നേരിട്ടുകൊണ്ട് മുന്നോട്ടുപോകുന്നു. മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിയെ സംരക്ഷിച്ചുകൊണ്ടും കേന്ദ്രസർക്കാരിന്റെ മുമ്പിൽ മുട്ടുമടക്കാൻ തയ്യാറല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടും കേരള സർക്കാർ

പ്രതിസന്ധികൾ തരണംചെയ്യുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബജറ്റിന് എല്ലാവിധ പിന്തുണയും അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, 2026-27-ലെ സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ ഞാൻ അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. കേന്ദ്ര ബജറ്റ് ഈ മാസം ഒന്നാം തീയതി അവതരിപ്പിക്കുകയുണ്ടായി. കേന്ദ്ര ബജറ്റിൽ നമുക്ക് എന്താണ് ലഭിച്ചത്? കേന്ദ്ര ബജറ്റിൽ കേരളത്തിന് AIIMS ഇല്ല, അതിനുപകരം കേരളത്തിലെ കടലിലെ കടലാമകൾക്ക് AIIMS എന്നാണ് പറയുന്നത്. കേന്ദ്ര മന്ത്രിസഭയിൽ കേരളത്തിൽനിന്നും രണ്ട് സഹമന്ത്രിമാർ ഉണ്ടായിരുന്നിട്ടുകൂടി നമുക്ക് AIIMS ലഭിച്ചില്ല. ഇപ്പോൾ രണ്ടുപേരും AIIMS-നെക്കുറിച്ച് ഒന്നും സംസാരിക്കുന്നില്ല. ക്ഷേമത്തിനും വികസനത്തിനും ഊന്നൽ നൽകികൊണ്ടുള്ള ബജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. കഴിഞ്ഞ പത്തുവർഷംകൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ ജീവിത നിലവാരത്തിലുണ്ടായ ഉയർച്ച നാം കാണാതെ പോകരുത്. കിഫ്ബിയിലൂടെ പണം കണ്ടെത്തി വികസനക്ഷേമ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന്

പറഞ്ഞപ്പോൾ കളിയാക്കിയവരാണ് പ്രതിപക്ഷാംഗങ്ങൾ. എന്നാൽ നിലവിൽ കിഫ്ബി മുഖാന്തരം നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ക്രഡിറ്റെടുക്കാൻ 140 എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുകയാണ്. വിഴിഞ്ഞം തുറമുഖം കഴിഞ്ഞ പത്തുവർഷംകൊണ്ട് യാഥാർത്ഥ്യമായി. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അമ്പതുവയസ്സുകഴിഞ്ഞ കന്യാസ്ത്രീകൾക്ക് പെൻഷൻ നൽകാൻ ഈ സർക്കാർ എടുത്ത തീരുമാനത്തെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. ഇക്കാര്യം ഒരുപത്രത്തിലും വാർത്തയായി വന്നില്ല. ഇവിടെ എനിക്ക് സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം റബ്ബറിന്റെ വിലയെക്കുറിച്ചാണ്. ഇടതുപക്ഷ സർക്കാർ പല അവസരങ്ങളിലായി റബ്ബറിന്റെ വില കൂട്ടുകയുണ്ടായി. ഇപ്പോൾ 150 രൂപയിൽനിന്ന് 200 രൂപയിലേക്ക് എത്തിച്ചു. കേരളത്തിലെ റബ്ബർ കർഷകർക്കുവേണ്ടി അത് 250 രൂപയായി വർധിപ്പിക്കണമെന്ന് ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്. റബ്ബർ കർഷകരെ രക്ഷിക്കാൻ, ആശ്വാസം എത്തിക്കാൻ ഇടതുപക്ഷ സർക്കാർ തയാറാകണമെന്ന് ഞാൻ ഈ അവസരത്തിൽ പ്രത്യേകമായി പറയുന്നു. വിദ്യാഭ്യാസ മേഖലയിലെ

ഗുണപ്രദമായ മാറ്റങ്ങളെക്കുറിച്ച് നമുക്കറിയാം. കേരളത്തിൽ ഡിഗ്രി വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി ലഭ്യമാകുന്നുവെന്ന് നമുക്ക് അറിയാം. നിലവിൽ മുപ്പത്തിയഞ്ചിനും അറുപതിനും ഇടയിൽ പ്രായമുള്ള ട്രാൻസ്ജെൻഡർ ഉൾപ്പെടെയുള്ള സ്ത്രീകൾക്ക് ആയിരം രൂപ നൽകാനുള്ള പദ്ധതിയും വിദ്യാർഥികൾക്ക് ആയിരം രൂപ നൽകുന്ന പദ്ധതിയും കേരളത്തിലെ ജനങ്ങൾ ആവേശത്തോടെ സ്വീകരിക്കും. ആശാവർക്കർമാരുടെ ഓണറേറിയം വർധിപ്പിച്ചു. എൽ.ഡി.എഫ്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ആശാവർക്കർമാരുടെ ഓണറേറിയം ഒമ്പതിരട്ടിയായാണ് വർധിപ്പിച്ചത്. രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്നത് നമ്മുടെ സംസ്ഥാനമാണ്. ഹെൽപ്പർമാരുടെ വേതനം, സാമൂഹ്യക്ഷേമ പെൻഷൻ, പ്രീ-പ്രൈമറി അധ്യാപക വേതനം, സ്കൂൾ പാചകത്തൊഴിലാളി വേതനം അതോടൊപ്പംതന്നെ അങ്കണവാടി ജീവനക്കാർക്കും 1000 രൂപയുടെ വർധനവ് ആണ് നമ്മൾ നൽകിയത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി വളരെയധികം ക്ഷേമപ്രവർത്തനങ്ങളാണ് ബജറ്റിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്. ഈ ബജറ്റിനെ പ്രതിപക്ഷം പിന്തുണയ്ക്കാതിരിക്കുന്നത് കേന്ദ്രസർക്കാരിനെതിരെ ഒന്നും പറയാതിരിക്കാൻ

വേണ്ടിയാണ്. അതുകൊണ്ടാണ് അവർ ബജറ്റ് പ്രസംഗത്തിൽ പങ്കെടുക്കാതെ സമ്മേളനത്തിൽനിന്നും വിട്ടുനിൽക്കുന്നത്. സംസ്ഥാന സർക്കാർ റബ്ബർ വില 250 രൂപയായി വർധിപ്പിക്കാൻ തയാറാകണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ട്, ഈ ബജറ്റിന് എല്ലാ പിന്തുണയും നൽകികൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, 'മതമല്ല മതമല്ല മതമല്ല പ്രശ്നം, എരിയുന്ന വയറിലെ തീയാണ് പ്രശ്നം' . ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിലെ പ്രധാനപ്പെട്ട വരിയാണിത്. എരിയുന്ന വയറിലെ തീ കെടുത്തി സർവ മേഖലകളിലും വികസനത്തിന്റെ, ക്ഷേമത്തിന്റെ, പനിനീർ മഴയായി പെയ്തിറങ്ങിയ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2026-27-ലെ കേരള ബജറ്റിനെ ഹൃദയപൂർവം ഞാൻ പിന്തുണയ്ക്കുന്നു. ദുരന്തമുഖത്തും ദുഷ്ടശക്തികൾ നമ്മെ പിറകോട്ടുപിടിച്ചുവലിക്കുമ്പോൾ കരുത്തുറപ്പോടെ മതനിരപേക്ഷബോധം ഉയർത്തി മുന്നോട്ടുകുതിക്കാൻ നമുക്ക് കരുത്തുപകരുന്ന ബജറ്റാണ് ഈ ബജറ്റെന്ന് നിസ്സംശയം പറയാൻ കഴിയും. എത്ര കോടി രൂപ ചെലവാക്കിയാലും നമുക്ക് കിട്ടാത്ത സമ്പത്ത് കേരളത്തിന് സ്വന്തമായുണ്ട്, അതാണ് ഒരുമ. ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ വാക്കുകളാണ് വികസിത

കേരളത്തിന്റെ ഗ്യാരൻഡിയെന്ന് നമുക്ക് പറയാൻ കഴിയും. നമ്മുടെ പ്രതിപക്ഷനേതാവിന് എന്തുപറ്റിയെന്ന് ഞാൻ ചിന്തിക്കുകയാണ്. അദ്ദേഹത്തിന്റെ മനോനില തകിടം മറിഞ്ഞോയെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ ഒരുകാരണവശാലും നമുക്ക് കുറ്റം പറയാൻ കഴിയില്ല. 'ഖജനാവിൽ പൂച്ച പെറ്റ് കിടക്കുന്നു, തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ടുകൊണ്ടുള്ള ബജറ്റാണ്, കഴിഞ്ഞ പത്തുവർഷവും കേരളം പരാജയമാണ്, എല്ലാം ഞങ്ങളുടെ തലയിൽ ഇടുന്നു, യു.ഡി.എഫ്. പുതിയ ബജറ്റ് അവതരിപ്പിക്കും' എന്നാണ് പ്രതിപക്ഷനേതാവ് പറയുന്നത്. അടുത്ത ബജറ്റ് അവതരിപ്പിക്കാൻ പോകുന്നത് തങ്ങളാണെന്നുള്ള അഹന്തയോടുകൂടിയുള്ള നിലപാടാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും നമുക്ക് കാണാൻ കഴിയുന്നത്. എത്ര സുന്ദരമായ സ്വപ്നമാണ്, ഇത് നടക്കുന്ന കാര്യമാണോ? നടക്കുന്ന കാര്യമല്ല. 2021-ൽ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതും ഇതേ വാചകങ്ങളാണ്. ഇതുവരെ വല്ലതും നടന്നോ? ഇന്നത്തെ പ്രതിപക്ഷനേതാവ് ഇരിക്കുമ്പോൾ തന്നെയാണ് അന്ന് ഇത് പറഞ്ഞത്. 2021-ലെ ബജറ്റിനുശേഷം ശ്രീ. രമേശ് ചെന്നിത്തലയുടെ ശാപവചനങ്ങൾ നമ്മൾ കേട്ടതാണ്, 2021-ലെ ബജറ്റ് പൊള്ളയാണ്, യു.ഡി.എഫ്. പുതിയ

ബജറ്റ് അവതരിപ്പിക്കും എന്നൊക്കെ പറഞ്ഞിരുന്നു. ആ വചനഘോഷത്തിൽ മതിമറന്ന് കൈയടിച്ച ആളാണ് ശ്രീ. വി. ഡി. സതീശൻ. അദ്ദേഹം അതേ വാചകങ്ങൾ കടമെടുത്തുകൊണ്ടാണ് ഇന്നത്തെ സർക്കാരിനെതിരെ ശാപവചനം ചൊരിയുന്നതെന്ന് നമുക്ക് കാണാൻ കഴിയും. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം എത്ര സീറ്റ് 2021-ൽ നേടിയെന്ന് നമ്മൾ കണ്ടതാണ്. അന്ന് യു.ഡി.എഫ്.-ന്റെ സീറ്റ് നാൽപ്പത്തി ഏഴായിരുന്നത് 2021-ലെ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നാൽപ്പത്തി ഒന്നായി കുറഞ്ഞു. ഒരു ബജറ്റുപോലും അവതരിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ കൊണ്ടുവിട്ടു. എന്നാൽ എൽ.ഡി.എഫ്.-ന്റെ സീറ്റോ, 91-ൽ നിന്ന് 99-ലേയ്ക്ക് കുതിക്കുന്ന കാഴ്ചയാണ് നമ്മൾ 2021-ൽ കണ്ടത്. കാരണം ആ അഞ്ചുവർഷത്തെ ഇടതുപക്ഷ ഗവൺമെന്റിന്റെ നേട്ടങ്ങൾ ജനങ്ങൾ നന്നായി കാണുകയുണ്ടായി. 2026-ലും യു.ഡി.എഫ്.-നെ നിലംപരിശാക്കി എൽ.ഡി.എഫ്.-ന്റെ ജൈത്രയാത്ര തുടരുമെന്നത് തർക്കമില്ലാത്ത കാര്യമാണ്. പുതിയ യുഗത്തിലാണ് നമ്മളെന്ന് ഓർക്കുന്നത് നല്ലതാണ്. 2016-നുമുമ്പുള്ള ഇരുണ്ട യുഗത്തെ അറബിക്കടലിൽ താഴ്ത്തി ചുവന്ന സൂര്യന്റെ പൊൻപ്രഭയിലാണ് ഇന്ന് കേരളം

മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ പൊൻപ്രഭയിൽ പുതിയ യാത്ര നടത്തുന്നത് തകർന്ന മനോനില വീണ്ടെടുക്കാൻ യു.ഡി.എഫ്.-ന് വളരെയേറെ സഹായകരമാകും. അവരുടെ യാത്രയുടെ പേര് തന്നെ പുതുയുഗയാത്രയെന്നാണ്. പുതുയുഗമാണെന്നത് തർക്കമില്ലാത്ത കാര്യമാണ്. മനോനില വീണ്ടെടുത്ത് കണ്ണ് തുറക്കുമ്പോൾ കേരളത്തിൽ എൽ.ഡി.എഫ്.-ന്റെ തുടർച്ചയായ ഭരണത്തിന്റെ പെരുമ്പറ മുഴക്കം കേട്ട് യു.ഡി.എഫ്. ഞെട്ടിപ്പോകുന്നത് നമുക്ക് കാണാൻ കഴിയും. മരണത്തിലേക്കുള്ള യാത്രയിൽ ഊർധ്വശ്വാസം വലിക്കുന്ന ഗൃഹനാഥന്റെ സമീപത്തിരുന്ന് ഭാര്യ പറയുന്ന വാക്കുകളുണ്ട്: "നമ്മുടെ മൂത്ത മകൾ പുര നിറഞ്ഞുനിൽക്കുകയാണ്, അവളെ ഒരുത്തന്റെ കയ്യിൽ ഏൽപ്പിച്ച് മരിച്ചാൽ മതിയായിരുന്നു." ഈ പുതുയുഗയാത്ര തുടങ്ങുന്നതിനുമുമ്പ് യു.ഡി.എഫ്. ഇന്നലെ സഭ ബഹിഷ്കരിക്കാൻ കാരണമെന്താണ്? അവർ സീറ്റ് വിഭജന ചർച്ച നടത്തുകയാണ്. ആരാണ് വന്നിരിക്കുന്നത്? ശ്രീമതി ദീപാദാസ് മുൻഷി ഇന്നലെ വന്ന് സ്ഥാനാർഥി നിർണ്ണയ ചർച്ച തുടങ്ങി. പുതുയുഗ യാത്രയ്ക്ക് മുൻപ് സ്ഥാനാർഥികളെ പ്രഖ്യാപിച്ച് മുന്നോട്ട് പോകാനുള്ള ശ്രീ. വി. ഡി. സതീശന്റെ തന്ത്രപ്പാടിലാണ് ഇന്നലെ സഭ സ്തംഭിപ്പിച്ചത്. ഇന്ന് അവരുടെ

സ്റ്റീറിംഗ് കമ്മിറ്റി ചേരുകയാണ്. അതിനുവേണ്ടിയാണ് ഈ പരിപാടി നടത്തുന്നത്. കാരണം എന്താണ്; ഇതൊന്നുമില്ലാതെ യാത്ര തുടങ്ങിയാൽ ചെല്ലുന്നിടത്തെല്ലാം എന്താവും? തല്ലാവും. എൽ.ഒ.പി.-യുടെ എല്ല് പൊടിയുന്ന കഥയിലേക്ക് നമുക്ക് കാര്യങ്ങൾ കാണാൻ കഴിയും, എല്ല് ഒപ്പിയെടുക്കേണ്ടി വരും. സ്ഥാനാർഥി ചർച്ചയ്ക്കുവേണ്ടി സഭ അലങ്കോലപ്പെടുത്തുകയാണ്. ഇന്നും സ്ഥിതി വ്യത്യസ്തമല്ല. 2016-ന് മുമ്പുള്ള കേരളത്തിന്റെ അവസ്ഥ എന്തായിരുന്നു? സമസ്ത മേഖലകളിലും നിർജ്ജീവാവസ്ഥ, വികസനം മുരടിച്ചു, ക്ഷേമ മേഖല തകർന്നു. എന്നാൽ 10 വർഷമായി സ്ഥിതി ആകെ മാറിയില്ലേ? ഒന്നാം പിണറായി സർക്കാരിന്റെ ഭൂരിപക്ഷം വർധിച്ച് രണ്ടാം പിണറായി സർക്കാർ കാലാവധി പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ പ്രതിപക്ഷത്തിന്റെ സ്ഥിതി പരമദയനീയമാണ്. ശരശയ്യയിലാണ് പ്രതിപക്ഷം കിടന്നിരുന്നത്. വികസനത്തിന്റെയും ക്ഷേമ പദ്ധതികളുടെയും ഗാണ്ഡീവം എടുത്തുയർത്താൻ കഴിയാതെ ഇട്ടെറിഞ്ഞുപോയ കാലഘട്ടമായ 2016-ന് മുമ്പുള്ള സ്ഥിതി ആകെത്തന്നെ മാറി. മഹാഭാരത യുദ്ധത്തിൽ ഗാണ്ഡീവം പ്രധാന ആയുധമാണ്. അത് എടുത്തുയർത്താൻ അർജ്ജുനന് അല്ലാതെ മറ്റാർക്കും കഴിയില്ല, ഗാണ്ഡീവം ഉയർത്തി തൊടുത്തുവിട്ട

അസ്ത്രങ്ങളാൽ മുറിവേറ്റ് കൗരവപ്പട തകരുന്ന കാഴ്ച യുദ്ധത്തിൽ കാണുകയുണ്ടായി. വികസനക്ഷേമ പദ്ധതികൾ എന്ന ഗാണ്ഡീവം ഉയർത്താൻ 2011-2016 കാലത്തെ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. എന്നാൽ 2016-ൽ അധികാരത്തിലെത്തിയ പിണറായി സർക്കാർ ആ ഗാണ്ഡീവം എടുത്ത് കേരളത്തെ ലോകോത്തര നിലവാരത്തിലേക്ക് എത്തിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിലൂടെ പുറത്തുവന്ന ജനപ്രിയ പദ്ധതികളുടെ ശരമേറ്റ് പ്രതിപക്ഷത്തിന്റെ നടുവൊടിഞ്ഞിരിക്കുകയാണ്, ഉയർത്തെഴുന്നേൽക്കാൻ കഴിയില്ല. നട്ടുനിവർന്ന് നിന്ന് ഈ ഗവൺമെന്റിനെ വിമർശിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ് അവർ ഈ ബഹളമൊക്കെ വക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. നട്ടുനിവർത്തി സർക്കാരിനെതിരെ സഭയിൽ ഒരുവാക്ക് പോലും പറയാൻ കഴിയാത്ത അവസ്ഥയാണ്. അതുകൊണ്ടാണ് അക്രമത്തിന്റെ ഭാഷ പ്രയോഗിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർക്ക് നേരെയും അക്രമം നടത്തുകയാണ്. എന്തിനുവേണ്ടി? ജനങ്ങൾക്ക് വേണ്ടിയാണോ. എൽ.ഡി.എഫ്. സർക്കാരിനെതിരെ നട്ടാൽ കുരുക്കാത്ത നുണപ്രചരണങ്ങളും അക്രമങ്ങളും

നടത്തി അടുത്ത തിരഞ്ഞെടുപ്പിൽ പിടിച്ചുനിൽക്കാൻ കഴിയുമോയെന്ന തത്രപ്പാടിലാണ് പ്രതിപക്ഷം. സകല വർഗീയ പിന്തിരിപ്പൻ ശക്തികളെയും മാധ്യമങ്ങളെയും ഇവർ കൂട്ടുപിടിക്കുകയാണ്. മാധ്യമങ്ങൾ സ്വയം അവകാശപ്പെടുന്നത്, "ഞങ്ങൾ നിഷ്പക്ഷ മാധ്യമങ്ങളാണ്" എന്നാണ്. എന്നാൽ ഈ ബജറ്റ് അവതരിപ്പിച്ച ദിവസം ഒരു മാധ്യമത്തിന്റെ നിഷ്പക്ഷ മുഖംമൂടി അഴിഞ്ഞുവീഴുന്നത് നമ്മൾ കണ്ടു. എന്താ കണ്ടത്? ബജറ്റിനെ സംബന്ധിച്ചുള്ള പൊതുജനാഭിപ്രായം ആരാഞ്ഞുള്ള സർവെ. സർവെ നടത്തി മുന്നോട്ട് പോകുമ്പോൾ, എന്താ കാണുന്നത്? സർക്കാരിന്റെ ബജറ്റിന് പിന്തുണ ഏറി വരികയാണ്. നിഷ്പക്ഷ പത്രമാണെങ്കിൽ ആ ബജറ്റ് ചർച്ച മുന്നോട്ട് പോകണ്ടേ; എന്താണുണ്ടായത്? അത് അവിടെവച്ച് അവസാനിപ്പിച്ചു. പിന്നെ തിരിഞ്ഞുനോക്കുമ്പോൾ ആ സൈറ്റ് കാണാനേയില്ല. ആ അവസ്ഥയിലേക്കാണ് വലിയ പ്രചാരണം നടന്നത്. 90% വരെ അനുകൂലിച്ച് വോട്ട് രേഖപ്പെടുത്തുന്നത് കണ്ട് അമ്പരന്ന മാധ്യമം സർവെ പൂർത്തീകരിച്ച് തടിതപ്പിപോകുന്ന കാഴ്ചയാണ് കണ്ടത്. ഇതാണോ നിഷ്പക്ഷത? ഇതാണ് കേരളത്തിലെ മാധ്യമങ്ങൾ പ്രതിപക്ഷവുമായി ചേർന്ന് ഇടതുപക്ഷത്തിനെതിരെ

നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനമെന്ന് നമുക്ക് കാണാൻ കഴിയും. സുശക്തമായ കേന്ദ്രവും സുശക്തമായ സംസ്ഥാനങ്ങളും നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന തത്വമാണ്. എന്നാൽ തങ്ങൾക്ക് ഇഷ്ടമില്ലാത്ത സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുകയും അന്വേഷണ ഏജൻസികളെ കയറൂരി വിട്ട് ഭയപ്പെടുത്തുകയും ചെയ്യുന്ന കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിന്റെ നടപടികൾക്കെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം കേരളീയ സമൂഹത്തിന്റെ പൊതുവായ വികാരമാണ്. എന്നാൽ പ്രതിപക്ഷം ശ്രീ. നരേന്ദ്ര മോദിയോടുള്ള ഭയഭക്തി ബഹുമാനത്താൽ ഇതിലൊന്നും സഹകരിക്കാതെ സഭയ്ക്ക് പുറത്ത് നിൽക്കുന്ന കാഴ്ച ആരെ സഹായിക്കാനാണ്; ജനങ്ങളെ സഹായിക്കാനാണോ; ശ്രീ. നരേന്ദ്ര മോദിയെയും കൂട്ടരെയും സഹായിക്കാനല്ലേ? നടപ്പ് സാമ്പത്തിക വർഷം പദ്ധതി വിഹിതം ഒരുപാട് വെട്ടിക്കുറച്ചു. സമസ്ത മേഖലയിലും അത് കാണാൻ കഴിയും. ഇവിടെ ഇതിനെതിരെ ശബ്ദമുയർത്താൻ പ്രതിപക്ഷമുണ്ടോ? ഇല്ല. എൽ.ഡി.എഫ്. സർക്കാർ കേരളത്തെ നെഞ്ചോട് ചേർത്തുപിടിച്ചുകൊണ്ട് അവർക്ക് അർഹതപ്പെട്ടതെല്ലാം നൽകി. വികസന രംഗത്ത് വമ്പൻ മാറ്റങ്ങളല്ലേ

കാണുന്നത്. നടക്കില്ലെന്ന് കരുതിയ നിരവധി പദ്ധതികൾ, അസാധ്യമായ പദ്ധതികളെല്ലാം സാധ്യമാക്കിക്കൊണ്ട് കേരളത്തിനുവേണ്ടി ഇടതുപക്ഷ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ക്ഷേമ പദ്ധതികൾ കൂടിക്കൂടി വരുകയല്ലേ; സമസ്ത മേഖലയിലും ക്ഷേമ പദ്ധതികളില്ലേ? ആശാ വർക്കർമാർക്കുവേണ്ടി സെക്രട്ടേറിയറ്റ് നടയിൽ നൃത്തം ചെയ്തവരുണ്ട്. ഒരു കേന്ദ്രമന്ത്രി ഉൾപ്പെടെയുണ്ട്, എന്താ സംഭവിച്ചത്? കേന്ദ്ര ബജറ്റിൽ ആശാ വർക്കർമാരെക്കുറിച്ച് ഒരു പരാമർശവുമില്ല. അവരുടെ ഓണറേറിയം കേരള സർക്കാർ വർധിപ്പിച്ചു, അങ്കണവാടി വർക്കർമാരുടെ വേതനം, ഹെൽപ്പർമാരുടെ വേതനം, സാക്ഷരതാ പ്രേരക്മാരുടെ വേതനം, പ്രീപ്രൈമറി അധ്യാപക വേതനം, സ്കൂൾ പാചക തൊഴിലാളികളുടെ വേതനം, കാൻസർ, ലെപ്രസി രോഗികളുടെ പെൻഷൻ, ലൈബ്രേറിയൻമാരുടെ വേതനം, പത്രപ്രവർത്തകരുടെ പെൻഷൻ അല്ലേ? 1500 രൂപ പെൻഷൻ വർധിപ്പിച്ചിട്ടും സർക്കാരിന് അനുകൂലമായാണ് സർവെ വരുന്നതെന്നുകണ്ടപ്പോൾ അതിൽനിന്ന് തടി തപ്പിപോകുന്ന മാധ്യമപ്രവർത്തകരെയാണ് നമ്മൾ കണ്ടത്. എന്ത് നെറികേടാണ്? ഞാൻ ദീർഘിപ്പിക്കുന്നില്ല. തദ്ദേശ സ്ഥാപനങ്ങളുടെ ഓണറേറിയം വർധിപ്പിച്ചു.

ഓട്ടോറിക്ഷ തൊഴിലാളികളെയും പത്രജീവനക്കാരെയും ചേർത്തുപിടിച്ചു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സമസ്ത മേഖലകളിലും ജനങ്ങൾക്ക് ഉപകാരപ്രദമായ നടപടിയുമായി മുന്നോട്ട് പോകുമ്പോൾ ആ നടപടികളെ തകർക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് വാളെടുക്കുമ്പോൾ ആ വാളോങ്ങുന്ന കേന്ദ്രസർക്കാരിനെതിരെ ഒരക്ഷരം ഉരിയാടാൻ മനക്കരുത്തില്ലാതെ ഇറങ്ങിപ്പോകുന്ന പ്രതിപക്ഷത്തെയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. ഈ ബജറ്റിനെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, എല്ലാ വിഭാഗം ജനങ്ങളെയും എല്ലാ മേഖലയെയും ചേർത്തുപിടിക്കുന്ന ഈ ബജറ്റിനെ ഞാൻ സർവാത്മനാ പിന്തുണക്കുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ അവസാന സമ്മേളനമാണ് കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ചേർന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ മൂന്ന് ദിവസമായി ബജറ്റിനെ സംബന്ധിച്ച് ചർച്ച നടക്കുകയാണ്. ഈ മൂന്ന് ദിവസവും കേരളത്തിലെ പ്രതിപക്ഷം സ്വീകരിച്ച സമീപനം പൊതുസമൂഹം നല്ല നിലയിൽ തിരിച്ചറിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. രാജ്യത്തെ ഇതര നിയമസഭകൾക്കെല്ലാം മാതൃകയാകുന്ന നിലയിൽ

തന്നെയാണ് ഈ നിയമസഭയുടെ പ്രവർത്തനങ്ങൾ എല്ലാ കാലത്തും സംഘടിപ്പിച്ചിട്ടുള്ളതെന്ന് കേരള നിയമസഭയെ സംബന്ധിച്ച് പലപ്പോഴും ചെയർ തന്നെ സൂചിപ്പിക്കാറുണ്ട്. വർഷത്തിൽ ഏറ്റവുമധികം സമയം സമ്മേളിക്കുന്ന ഒരു നിയമസഭ ഏതെന്ന് ചോദിച്ചാൽ അത് കേരള നിയമസഭയാണ്. അപ്പോൾ ആ നിയമസഭയിലെ അംഗമാണെന്ന് പറയുന്നത് നമ്മളെ സംബന്ധിച്ച് ഏറെ അഭിമാനകരമായ കാര്യമാണ്. ഏറ്റവുമധികം സമയം സഭ സമ്മേളിക്കുന്നുവെന്ന് മാത്രമല്ല ചരിത്ര പ്രാധാന്യമുള്ള ബില്ലുകളും ജനങ്ങളുടെ ജീവിത പ്രശ്നങ്ങളും ജീവിത ദുരിതങ്ങളും അതോടൊപ്പം നാടിന്റെ പൊതുവായ വിഷയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ ചരിത്ര പ്രാധാന്യമുള്ള ബില്ലുകൾ അടക്കം നമ്മുടെ സഭയിൽ വരാറുണ്ട്. കഴിഞ്ഞ സഭാ സമ്മേളനം ബില്ലുകൾക്ക് വേണ്ടി മാത്രമുള്ള ഒരു പ്രത്യേക സമ്മേളനമായിരുന്നു. ആ സമ്മേളനത്തിൽ ഉൾപ്പെടെ പ്രതിപക്ഷം സ്വീകരിച്ച സമീപനം, അതിൽ ഏക കിടപ്പാട സംരക്ഷണ നിയമം അടക്കം എത്രയോ ബില്ലുകളാണുണ്ടായിരുന്നത്. ഇന്ന് കേരളത്തിലെ ഒരു വലിയ വിഭാഗം, ഏതാണ്ട് 35 ലക്ഷത്തിലധികം ആളുകൾ നേരിടുന്ന വന്യമൃഗ ശല്യവുമായി ബന്ധപ്പെട്ട വിഷയങ്ങളും വനം,

വന്യജീവി സംരക്ഷണ നിയമത്തിലെ ഭേദഗതി അടക്കമുള്ള ഒട്ടനവധി വിഷയങ്ങളുമുൾപ്പടെ ചരിത്ര പ്രാധാന്യമുള്ള ബില്ലുകളാണ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ചത്. അങ്ങനെ ഓരോ സഭയോടും കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്ന സമീപനമെന്താണ്; അതിന്റെ ഒടുവിലത്തെ ഉദാഹരണമല്ലേ? ബജറ്റ് അവതരിപ്പിച്ചതിന്റെ തുടർച്ചയായി പ്രതിപക്ഷനേതാവ് അടക്കം പ്രതിപക്ഷ നിരയിൽ നിന്നുള്ളവർക്കെല്ലാം സംസാരിക്കാൻ അവസരമുണ്ട്. ഒരാൾപോലും ബജറ്റിനെക്കുറിച്ച് ഒരക്ഷരം ഈ സഭയ്ക്കകത്ത് സംസാരിക്കാൻ തയ്യാറാകുന്നില്ല. സഭയ്ക്ക് പുറത്ത് കവല പ്രസംഗം നടത്തുന്ന ആളുകളുണ്ട്. അങ്ങനെയുള്ള ആളുകൾ ഈ സഭയ്ക്കകത്ത് എന്ത് സമീപനമാണ് സ്വീകരിച്ചതെന്ന് കേരളത്തിന്റെ പൊതുസമൂഹം നന്നായി തിരിച്ചറിയും. ഏറ്റവും ഒടുവിൽ നമുക്കറിയാം, ഇന്നലെ നടന്ന സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ വാച്ച് ആൻഡ് വാർഡിനെ ആക്രമിക്കാൻ ശ്രമിക്കുന്നു. രാവിലെ മുതൽ ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ട് വലിയ കോലാഹലം സഭയ്ക്കകത്ത് ഉണ്ടാക്കുന്നത് ഞങ്ങളെല്ലാം ഇവിടെ നിന്ന് കണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്റെ ജില്ലയിൽ

നിന്നുള്ള രണ്ട് അംഗങ്ങളെ അദ്ദേഹത്തിന്റെ അടുത്തേക്ക് വിളിച്ചു. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. ഒരാളെ സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞു, രണ്ടാമത്തെ ആൾ നിയമജ്ഞനാണ്. എല്ലാ കാര്യത്തിലും ഒരു തികഞ്ഞ നിയമജ്ഞനാണെന്ന് നടിക്കുന്ന ഒരു വ്യക്തിത്വം കൂടിയാണ്.

ശ്രീ. വി. ജോയി: സർ, അദ്ദേഹത്തെയല്ലേ ഇനി വന്നാൽ ശിക്ഷിക്കുമെന്ന് സുപ്രീംകോടതി പറഞ്ഞത്?

ശ്രീ. ആന്റണി ജോൺ: സർ, സുപ്രീംകോടതി നിയമജ്ഞൻ എന്ന് അദ്ദേഹം നടിക്കുന്നതാണ്. സുപ്രീംകോടതിയിൽ പോയി തിരിച്ചടി നേരിട്ട കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവരെ രണ്ടുപേരെ നിയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറെ ആക്രമിക്കാൻ വേണ്ടിയിട്ടുള്ള നിർദേശമല്ലേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നൽകിയത്. ഇന്നും അതിൽനിന്നും വ്യത്യസ്തമായ സമീപനമല്ലല്ലോ; പ്രതിപക്ഷനേതാവായി അദ്ദേഹം ചുമതല ഏറ്റെടുത്തപ്പോൾ എന്താണ് പറഞ്ഞിരുന്നത്? ഞങ്ങൾ നിയമസഭയ്ക്കകത്തും പുറത്തും ഒരു ക്രിയാത്മക പ്രതിപക്ഷം എന്ന നിലയിലുള്ള സമീപനം സ്വീകരിക്കുമെന്നാണ്. അങ്ങനെ പറഞ്ഞ ആളുകൾ ഇത്തരത്തിലുള്ള സമീപനമാണ് അഞ്ചുവർഷക്കാലം, പ്രിയപ്പെട്ട ശ്രീ. വി.

ഡി. സതീശന്റെ നേതൃത്വത്തിൽ സഭയ്ക്കകത്ത് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ഈ ബജറ്റുമായി ബന്ധപ്പെട്ടുള്ളത്. ഏത് മലയാളിക്കാണ് ഈ ബജറ്റിനെ എതിർക്കാൻ കഴിയുന്നത്? ഞാൻ ആദ്യം സൂചിപ്പിച്ച, എല്ലാ മേഖലയെയും എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുനിർത്തിയ ഒരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. ഓരോ വിഷയങ്ങളിലും പ്രതിപക്ഷം സഭയ്ക്കകത്ത് സ്വീകരിക്കുന്ന സമീപനങ്ങളോട് ഗവൺമെന്റ് എന്ത് സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്? എത്ര ക്ഷമിക്കാമോ അതിന്റെ അങ്ങേയറ്റം, എല്ലാ പരിധികളും ലംഘിക്കുന്ന നിലയിലുള്ളതും ക്ഷമിച്ച്, തികച്ചും ജനാധിപത്യപരമായ സമീപനമാണ് ഗവൺമെന്റും ബഹുമാനപ്പെട്ട ചെയറും സഭയിൽ സ്വീകരിച്ചിട്ടുള്ളത്. യഥാർഥത്തിൽ ആ നിലയിലുള്ള സമീപനങ്ങൾ സ്വീകരിച്ച അംഗങ്ങളെ സസ്പെൻഡ് ചെയ്യേണ്ടതല്ലേ? അവർ ലക്ഷ്യം വയ്ക്കുന്നതും അതുതന്നെയാണ്. സഭയ്ക്കകത്ത് എന്തെങ്കിലുമൊക്ക പ്രശ്നങ്ങളുണ്ടാക്കി രണ്ടോമൂന്നോ അംഗങ്ങളെ സസ്പെൻഡ് ചെയ്ത് കേരളത്തിന്റെ തെരുവുകളിൽ വലിയതോതിലുള്ള കോലാഹലം ഉണ്ടാക്കിയെടുക്കാൻ ബോധപൂർവമായ ശ്രമം നടത്തുകയാണ്, ഇതെല്ലാം

കേരളത്തിന്റെ പൊതുസമൂഹം തിരിച്ചറിയുകയാണ്. ഇപ്പോൾ ശബരിമല വിഷയവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പ്രതിപക്ഷം സ്വീകരിക്കുന്ന സമീപനമെന്താണ്? ഇന്ന് പ്രതിപക്ഷം കേവലമൊരു ബഹിഷ്കരണ കമ്മിറ്റിയായി മാറിയിരിക്കുകയാണ്. ഈ സർക്കാരിന്റെ അവസാന സഭാസമ്മേളനം ആരംഭിച്ച ദിവസം മുതൽത്തന്നെ ജനകീയ വിഷയങ്ങളൊന്നും ഈ സഭയിൽ ഉന്നയിക്കാതെ ശബരിമലയെന്ന ഒറ്റ വിഷയത്തിൽതൂങ്ങി സഭ സ്തംഭിപ്പിക്കുകയാണ്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് എസ്.ഐ.ടി.-യുടെ നേതൃത്വത്തിൽ ഹൈക്കോടതിയുടെ പൂർണമായ മേൽനോട്ടത്തിൽ നടക്കുന്ന അന്വേഷണത്തെക്കുറിച്ച് സഭയ്ക്കകത്തും പുറത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും എത്രയോ പ്രാവശ്യം വിശദീകരിച്ചു. മലയാളികൾക്കെല്ലാം മനസിലാകുമ്പോൾ എന്തുകൊണ്ടാണ് പ്രതിപക്ഷനേതാവടക്കമുള്ള പ്രതിപക്ഷത്തിന് ഇക്കാര്യം മനസിലാക്കാൻ സാധിക്കാത്തത്? അത് മറ്റൊന്നും കൊണ്ടല്ല, സ്വാമി അയ്യപ്പനെ ഉപയോഗിച്ചുകൊണ്ടാണെങ്കിലും വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ നാല് വോട്ട് കിട്ടുമെങ്കിൽ അത് നേടാനുള്ള നെറികെട്ട രാഷ്ട്രീയമാണ് കേരളത്തിൽ പ്രതിപക്ഷം കാണിച്ചുകൊണ്ടിരിക്കുന്നത്. മറ്റ്

കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. സഭയ്ക്കകത്തും പുറത്തുമായി മുഖ്യമന്ത്രിയടക്കം ഒരുപാട് വിശദീകരണം ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട്, കൃത്യമായ അന്വേഷണം നടക്കുന്നുണ്ട്. ഹൈക്കോടതിയുടെ പൂർണമായ മേൽനോട്ടം ഇക്കാര്യങ്ങളിൽ നിലനിൽക്കുമ്പോഴാണ് ഇത്തരം തെറ്റായ സമീപനമുണ്ടാകുന്നത്. കോടതിയുടെ മേൽനോട്ടത്തിൽ നടക്കുന്ന അന്വേഷണത്തിന്റെ ഭാഗമായി സഭയ്ക്കകത്ത് ചർച്ച സംഘടിപ്പിച്ചാൽ എന്താണ് സ്ഥിതി? സഭയ്ക്കകത്ത് ചർച്ച സംഘടിപ്പിച്ചാൽ വസ്തുത ജനങ്ങൾ തിരിച്ചറിയുമെന്നുള്ളതുകൊണ്ടാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാനുള്ള നോട്ടീസ് പോലും നൽകാതെ സഭയെ അലങ്കോലപ്പെടുത്തുന്ന സമീപനം സ്വീകരിക്കുന്നത്. സാങ്കേതികമായി തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടില്ലെങ്കിലും തിരഞ്ഞെടുപ്പിന് ഇനി ഏതാനും ദിവസങ്ങൾ മാത്രമേയുള്ളൂ. യഥാർഥത്തിൽ ഒരു നിയമസഭാ തിരഞ്ഞെടുപ്പിന്റെ അന്തരീക്ഷത്തിലേക്ക് കേരളം എത്തിയിരിക്കുകയാണ്. അതുകൊണ്ട് മൂന്നാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വരുമോയെന്നുള്ള ആശങ്കയിൽനിന്നാണ് ഇത്തരത്തിലുള്ള സമീപനം കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്നത്. അതിന് അവർ സ്വാമി

അയ്യപ്പനെ കൂട്ടുപിടിക്കുകയാണ്. അയ്യപ്പൻപോലും നിങ്ങളോട് പൊറുക്കാൻ പോകുന്നില്ല, ഏതായാലും അധികം താമസിയാതെ അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ സ്വാമി അയ്യപ്പൻതന്നെ നിങ്ങളോട് പകരം വീട്ടുമെന്ന കാര്യത്തിൽ തർക്കമില്ല. അടുത്ത അഞ്ചുവർഷംകൂടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ പാരഡി പാട്ടും പാടി കേരളത്തിൽ നടക്കേണ്ടിവരുമെന്ന് പ്രത്യേകമായി ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ബജറ്റിനെ ഞാൻ നല്ല രീതിയിൽ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ പത്ത് വർഷംകൊണ്ട് കേരളത്തിലെ സാമ്പത്തിക മേഖലയെ ഉത്തേജിപ്പിച്ച് നവകേരളത്തിന്റെ പുതിയ ഉദയം പ്രഖ്യാപിക്കുന്നതിനുള്ള ഒരു സാമ്പത്തിക ബജറ്റാണ് പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കേന്ദ്രത്തിന്റെ നിരന്തരമായ ആക്രമണങ്ങളെ ചെറുത്തുകൊണ്ട്, നോട്ടുനിരോധനം മുതൽ കോവിഡ് അടക്കം ഇതുവരെ കണ്ടിട്ടില്ലാത്ത ദുരന്തങ്ങളെ അതിജീവിച്ചാണ് ഈ നേട്ടത്തിൽ എത്തിയിരിക്കുന്നത്, അതൊരു ചെറിയ കാര്യമല്ല. ഞാൻ കുട്ടനാട്ടിൽനിന്നുള്ള ജനപ്രതിനിധിയാണ്. കുട്ടനാടിനെ

സംബന്ധിച്ചുപറയുമ്പോൾ നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടതാണെങ്കിലും കുടിക്കാൻ വെള്ളമില്ലെന്ന സങ്കടകരമായ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് 615 കോടി രൂപ കുട്ടനാടിനുവേണ്ടി നൽകിയത് ഈ ഗവൺമെന്റാണ്. ഇന്ന് അതിന്റെ പൂർണതയിലെത്തിയിരിക്കുകയാണ്, 9 ടെൻഡറുകളായി നൽകിയ വർക്കുകൾ അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്. എല്ലാ ഗ്രാമങ്ങളിലും എല്ലാ വാർഡുകളിലും പൈപ്പ്ലൈൻ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. വളരെ നല്ലരീതിയിൽ, ഏറ്റവും നല്ല കമ്പനിയായ Chicago Constructions International Pvt. Ltd. വർക്ക് ഏറ്റെടുത്ത് അതിന്റെ പ്ലാന്റ് പൂർണതയിലെത്തി. ഈ സമയത്ത് പലയാളുകളും ഇതിന്റെ അവകാശവാദം ഉന്നയിച്ചുവരികയാണ്, ഈ പദ്ധതി കേരള ഗവൺമെന്റിന്റെ മാത്രമാണ്, കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിനായി ഒരുപൈസപോലും നൽകുന്നില്ലെന്നുമാണ് ഇക്കഴിഞ്ഞ ദിവസത്തെ വികസന ജാഥയിൽ ഞാൻ പറഞ്ഞത്. വെള്ളപ്പൊക്ക നിയന്ത്രണത്തിനായി 50 കോടി രൂപയും ചാമ്പ്യൻസ് ബോട്ട് ലീഗിലേക്ക് 10 കോടി രൂപയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ ഗ്രാമീണ റോഡുകളുൾപ്പെടുന്ന അടിസ്ഥാന

വികസനത്തിനായി 100 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. എനിക്കൊരു റിക്വസ്റ്റുണ്ട്, കൊച്ചുകൊച്ചുപാലങ്ങൾക്കായി അടിയന്തര ഫണ്ട് അനുവദിക്കണം. പല റോഡുകളും പാലങ്ങളും ദയനീയാവസ്ഥയിലാണ്, ഈ ദിവസങ്ങളിൽ എം.എൽ.എ.-യ്ക്കെതിരെ പത്രങ്ങളിൽ ന്യൂസുകൾ വരുന്നുണ്ട്. ഈ വിഷയം പരിഹരിച്ചാൽ മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അങ്ങ് ഇക്കാര്യം കൂടി മനസ്സിലാക്കിക്കൊണ്ട് അടിയന്തരമായി ഫണ്ട് അനുവദിക്കണം. നെല്ല് സംഭരണമാണ് അടുത്ത ഏറ്റവും വലിയ വിഷയം. ഞാൻ ഉൾപ്പെടെ കർഷക കുടുംബത്തിൽ ജനിച്ച കർഷകരാണ്. കർഷകരെ സംബന്ധിച്ച് നെല്ലിന് 30/- രൂപയാക്കിയെങ്കിലും അത് പര്യാപ്തമല്ല. കുട്ടനാട്ടിൽ കർഷകന്റെ കണ്ണുനീർ വീഴുന്നു, അതൊരു വലിയ പ്രശ്നമാണ്. അതുകൊണ്ട് നെല്ലിന്റെ വില 33.50 രൂപയാക്കാൻ നടപടിയുണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്ര ഗവൺമെന്റിന്റെ എക്സ്പൻഡിച്ചർ സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഒരു ലെറ്റർ ലഭിച്ചുവെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുകയുണ്ടായി. 30/- രൂപ അല്ലെങ്കിൽ നമ്മൾ ഇൻസെന്റീവ് ബോണസ് നൽകുന്നത് തെറ്റാണെന്നും

അങ്ങനെ കൊടുക്കാൻ പാടില്ലെന്നും അത് അധികമാണെന്നുമാണ് കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം. ഇതുസംബന്ധിച്ച കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയും, ഞാൻ ഒരു ഇൻഫർമേഷൻ നൽകിയെന്നേയുള്ളൂ.

ശ്രീ. തോമസ് കെ. തോമസ്: സർ, അവർക്ക് എന്ത് വേണമെങ്കിലും പറയാം. പക്ഷേ നമ്മൾ അനുഭവിക്കുന്ന പ്രതിസന്ധി വലുത് തന്നെയാണ്. 33.50 രൂപ കിട്ടിയാൽ മാത്രമേ കർഷകർക്ക് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. തക്കസമയത്ത് കാർഷിക കലണ്ടർ ലഭ്യമാക്കണം, അതോടനുബന്ധിച്ച് വിത്ത്, വളം എന്നിവയ്ക്കുള്ള സംവിധാനമൊരുക്കണം. നെല്ല് സംഭരിക്കുന്ന സമയത്തുതന്നെ PRS (Paddy Receipt Sheet) എഴുതിയാണ് പൊയ്ക്കൊണ്ടിരുന്നത്. അതിനെല്ലാം മാറ്റം വരുത്തിക്കൊണ്ട് ഉടനടി തുക ലഭ്യമാക്കുന്ന സംവിധാനത്തിലേക്ക് ഗവൺമെന്റ് പോയത് വളരെ നല്ല കാര്യമാണ്. ഈ രീതിയിൽ നെല്ല് സംഭരണത്തിന്റെ തുക ഉടനടി ലഭിക്കുന്ന സംവിധാനത്തിലേക്ക് എത്തണം. കർഷന്റെ കണ്ണീരൊപ്പണം, അവർക്കാവശ്യമായ സഹായം ഗവൺമെന്റ് ചെയ്തുകൊടുക്കണമെന്നുമാണ് അങ്ങയോടും സഭയോടും എനിക്ക് ശക്തമായി

പറയനുള്ളത്. നെല്ലിന്റെ വില 33.50 രൂപയിലേക്കെത്തിക്കാനുള്ള വലിയ സംവിധാനമൊരുക്കണം.

തൊഴിലുറപ്പ് തൊഴിലാളികളുടെ ജോലി സമയം വൈകുന്നേരം 5 മണിവരെയെന്നത് 4 മണിവരെയാക്കാനും അവരുടെ കൂലിയിൽ അൽപം വർധിപ്പിച്ച് കൊടുക്കാനുമുള്ള സംവിധാനമൊരുക്കണം. ആശാ വർക്കർമാർക്കും അങ്കണവാടി ജീവനക്കാർക്കും പാചകത്തൊഴിലാളികൾക്കും ഓണറേറിയം/കൂലി വർധിപ്പിച്ചിട്ടുണ്ട്. ഇവയൊന്നും നിഷേധിക്കുന്നില്ല, നല്ല കാര്യമാണ്. നൂറുകണക്കിനുവരുന്ന ഞങ്ങളുടെ സഹോദരിമാർക്ക് ദിവസക്കൂലി 368/- രൂപയാണ്. അതുകൊണ്ട് ഒരു കുടുംബം ഇന്ന് പുലരുകയില്ല. ഈ വിഷയത്തിൽ അങ്ങയുടെ ഇടപെടൽ ഉണ്ടായെങ്കിൽ മാത്രമേ സമാധാനപരമായി അവർക്ക് കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. പ്രത്യേകമായി പറയാനുള്ള മറ്റൊരു കാര്യം, പല പഞ്ചായത്തുകളിലും കെട്ടിടം പണിയുന്നതിനായി ഞാൻ എഴുതി നൽകിയിരുന്നു. മുട്ടാർ എന്ന ഒരു പഞ്ചായത്ത് കെട്ടിടമാണ് ആകെ നൽകിയത്. കാവാലം പഞ്ചായത്ത് കെട്ടിടം വളരെ ശോച്യാവസ്ഥയിലാണ് അതുകൊണ്ട് കാവാലം പഞ്ചായത്ത് കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് ഈ

ബജറ്റിൽത്തന്നെ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് പ്രത്യേകമായി പറയുന്നു. പാലങ്ങളുടെയും ഗ്രാമീണറോഡുകളുടെയും കാര്യങ്ങളിൽ സഹായിക്കത്തക്ക രീതിയിലുള്ള ഫണ്ട് അടിയന്തരമായി കുട്ടനാട് എം.എൽ.എ.-യ്ക്ക് അനുവദിച്ചുതരണമെന്ന് പറഞ്ഞുകൊണ്ട് ഈ ബജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുകയാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, ഈ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു ഇടതുപക്ഷ സർക്കാരിന്റെ എല്ലാ നയങ്ങളും ഉൾക്കൊള്ളുന്ന എന്നാൽ, കാലഘട്ടം ആവശ്യപ്പെടുന്ന നൂതനമേഖലയിലേക്ക് കടന്നുചെല്ലുന്ന മികച്ച ഒരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത്. 1957-ലെ ഇ.എം.എസ്. സർക്കാർ തുടക്കം കുറിച്ച അതേ ഇടതുപക്ഷ നയങ്ങളും എന്നാൽ അതിന്റെ ആധുനികമായ തുടർച്ചയുമാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. 1957-ലെ സർക്കാർ കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നത്, കുടിയൊഴിപ്പിക്കൽ നിരോധിച്ചുകൊണ്ടുള്ള നിയമം മുതൽ പൊതുജനങ്ങളെ സേവിക്കുന്ന രീതിയിലുള്ള പൊതുജനാരോഗ്യ രംഗവും അതുപോലെ പൊതുവിദ്യഭ്യാസ രംഗവുമൊക്കെ ശക്തീകരിക്കുന്നതിന് തുടക്കം കുറിച്ചു.

പിന്നീട് മാറിമാറിവന്ന ഇടതുപക്ഷ സർക്കാരുകളെല്ലാംതന്നെ ആ നയങ്ങൾ കൂടുതൽ ശക്തി പ്രാപിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. ക്ഷേമപെൻഷനുകൾ ആരംഭിക്കുക മാത്രമല്ല, അത് ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടുവന്നത് ഇടതുപക്ഷ സർക്കാരാണ്. നമുക്കറിയാം, ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ 4 മിഷനിലൂടെ അത് കൂടുതൽ ഉയരങ്ങളിലേക്കെത്തി. ആർദ്രം, ലൈഫ്, ഹരിതമിഷൻ, വിദ്യാകിരണം തുടങ്ങിയ മിഷനുകളിലേക്ക് നാം തിരിഞ്ഞുനോക്കുമ്പോൾ ഇടതുപക്ഷ സർക്കാരുകളാണ് സമ്പൂർണ സാക്ഷരതയ്ക്കും അതുപോലെ ജനകീയാസൂത്രണത്തിനുമൊക്കെ മുൻകൈയെടുത്തത്. ഇന്ന് അതിന്റെയൊക്കെ തുടർച്ചയെന്നനിലയിൽ ക്ഷേമവും വികസനവും ഒരുപോലെ മുന്നോട്ടുകൊണ്ടുപോകുന്ന ഒരു ബജറ്റാണ്. ചരിത്രത്തിലാദ്യമായി 50 വയസ്സിനുമുകളിലുള്ള കന്യാസ്ത്രീകൾക്ക് പെൻഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നു, വീട്ടുജോലിയെടുക്കുന്ന വീട്ടമ്മമാർക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചിരിക്കുന്നു, കാൻസർ രോഗികളുടെ പെൻഷൻ വർധിപ്പിച്ചിരിക്കുന്നു തുടങ്ങിയവ അതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്. ക്ഷേമപെൻഷനുകൾ വർധിപ്പിക്കുക

മാത്രമല്ല, സമൂഹത്തിൽ അധികമാരും ശ്രദ്ധിക്കാതിരുന്ന ഗിഗ് തൊഴിലാളികളെവരെ പരിഗണിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഗിഗ് തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധിയും അവർക്കുവേണ്ടി ഒരു ഗിഗ് ഹബ്ബെന്ന രീതിയിലുള്ള കൺസപ്റ്റുകൾ കൊണ്ടുവരികയും ചെയ്തത്. ഇന്ന് കേരളത്തിൽ നടത്തുന്ന പ്രവൃത്തികളെല്ലാം നാളെ രാജ്യം ഉറ്റുനോക്കുകയും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ അതെല്ലാംതന്നെ പകർത്തുകയും ചെയ്യുന്നതായാണ് നാം കണ്ടുവരുന്നത്. ഈ കാലഘട്ടത്തിൽ ഇതുവരെ അതായത് നാലര വർഷംകൊണ്ട് 50,000 കോടി രൂപയാണ് ക്ഷേമപെൻഷനുകൾക്കായി ചെലവഴിച്ചത്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 54,000 കോടി രൂപ ക്ഷേമപെൻഷനുകൾക്കായി നീക്കി വച്ച ഒരു സർക്കാരാണ് ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ, സ്കൂൾ പാചകതൊഴിലാളികൾ, പ്രീ പ്രൈമറി ടീച്ചർമാർ ആശാ വർക്കർമാർ, അങ്കണവാടി ടീച്ചർ, ഹെൽപ്പർ അങ്ങനെ എല്ലാവർക്കുംതന്നെ ഓണറേറിയം വർധിപ്പിച്ചു. സ്കൂൾ കുട്ടികൾ, ഓട്ടോ ഡ്രൈവർമാർ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയ ഗ്രൂപ്പുകൾക്കെല്ലാം ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന നിലപാട് എടുക്കുകയുണ്ടായി. ആരോഗ്യ ഇൻഷ്വറൻസ്

മേഖലയിലും വിപ്ലവകരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. മെഡിസെപ്പ് വഴി ഇതിനോടകം 32 ലക്ഷം പേർക്ക് ആരോഗ്യ ഇൻഷ്വറൻസുണ്ട്.  കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വഴി 42 ലക്ഷം കുടുംബങ്ങൾക്ക് അതായത് ഏകദേശം ഒന്നരക്കോടി ആളുകൾക്ക് നിലവിൽ ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസുണ്ട്. KASP-ൽ ഉൾപ്പെടാത്തവരെക്കൂടി ഇൻഷ്വറൻസിന്റെ പരിരക്ഷയിൽ കൊണ്ടുവരാനായി തുക മാറ്റിവച്ചിരിക്കുകയാണ്. അത്തരത്തിൽ ഒരുപക്ഷേ സമ്പൂർണ്ണമായി ആരോഗ്യ ഇൻഷ്വറൻസ് നിലവിൽവരുന്ന ഒരു സംസ്ഥാനമായി നമ്മുടെ കേരളം മാറാനുള്ള സാധ്യത അതിവിദൂരമല്ല.

ചവറ കരിമണലിന്റെ നാടാണ്. അവിടെ കരിമണൽ വ്യവസായം ആരംഭിച്ചിട്ട് ഏകദേശം നൂറ് വർഷമാകുന്നു. എന്നാൽ കരിമണൽ വ്യവസായത്തിന്റെ ഇതുവരെയുള്ള പ്രതിസന്ധി എന്തായിരുന്നു; അവിടെ മോണോസൈറ്റ്, ഇൽമനൈറ്റ്, സിർക്കോൺ, ഗാർനെറ്റ് തുടങ്ങിയ ധാതുക്കളുണ്ടെങ്കിലും അവ വേർതിരിക്കുകയോ മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാവുകയോ ചെയ്യുന്നില്ല.  ഇതാണ് അവിടുത്തെ പ്രതിസന്ധി.  ഈ ബജറ്റിലൂടെ വിഴിഞ്ഞം-ചവറ-കൊച്ചി ഇടനാഴി സ്ഥാപിക്കുമെന്ന്

പ്രഖ്യാപിച്ചുകൊണ്ട് അതിന് നല്ലൊരു പരിഹാരം നിർദ്ദേശിക്കുകയാണ്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ.)-നോട് ചേർന്ന് ഒരു വലിയ ഹബ് സ്ഥാപിക്കുകയാണ്. ഒരുപക്ഷേ രാജ്യത്തിലെ ഏറ്റവും വലിയ പെർമനന്റ് മാഗ്നറ്റ് ഹബ്ബായി വളരാൻ കേരളത്തിന് കഴിയും. ഏകദേശം 50000 പേർക്ക് തൊഴിലവസരം ലഭിക്കുന്ന രീതിയിൽ 42,000 കോടി രൂപയുടെ നിക്ഷേപസാധ്യതകളാണ് മുന്നോട്ടുവയ്ക്കുന്നത്. കെ.എം.എം.എൽ., കെൽട്രോൺ, എൻ.എഫ്.ടി.ഡി.സി. എന്നീ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് ഒരു റെയർ എർത്ത് ആൻഡ് ക്രിറ്റിക്കൽ മിനറൽസ് മിഷൻ രൂപീകരിക്കുന്നതിനുവേണ്ടി 100 കോടി രൂപയാണ് സർക്കാർ മാറ്റിവച്ചിരിക്കുന്നത്. എനിക്ക് സർക്കാരിനോടും ബഹുമാനപ്പെട്ട ധനകാര്യ/വ്യവസായ വകുപ്പുമന്ത്രിമാരോടും സൂചിപ്പിക്കാനുള്ളത് കെ.എം.എം.എൽ.-ന് ചുറ്റുമുള്ള മലിനീകരിക്കപ്പെട്ട പ്രദേശങ്ങൾ എത്രയുംവേഗം ഏറ്റെടുക്കാനുള്ള നടപടിയുണ്ടാകണം. അത് ഏകദേശം മൂന്ന് ദശാബ്ദക്കാലമായിട്ടുള്ള നാടിന്റെയും ജനങ്ങളുടെയും ആവശ്യമാണ്. നിലവിൽ അവിടെ കെ.എം.എം.എൽ.-ന് സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിലുള്ള ഒരു ടീമുണ്ട്. അല്ലെങ്കിൽ ഒരു

പ്രത്യേകം പർച്ചേസ് കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് സ്ഥലമേറ്റെടുക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടത്തേണ്ടതാണ്. ഇന്നലെ കെ.എം.എം.എൽ.-ആയി ബന്ധപ്പെട്ട് വ്യവസായ വകുപ്പുമന്ത്രി ശ്രീ.പി.രാജീവിന്റെ നേതൃത്വത്തിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ഏകദേശം 15 വർഷമായിട്ടുള്ള ആവശ്യമായിരുന്നു. ഭൂമി നൽകിയിട്ടുള്ള തൊഴിലാളികൾ ലാപാ (LAPA-Land Acquired Persons Association) സൊസൈറ്റിയുടെ കീഴിലായിരുന്നു. കഴിഞ്ഞ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അവരെ ഡയറക്ട് കോൺട്രാക്ട് വർക്കേഴ്സ് (DCW) ആക്കി മാറ്റി. 726 ലാപാ തൊഴിലാളികൾ നിലവിൽ 650-ഓളം പേർ മാത്രമാണുള്ളത്. അവരെ കാഷ്വൽ വർക്കേഴ്സായി സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. കൂടാതെ, ലാപാ സൊസൈറ്റിയിൽ വർക്ക് ചെയ്തിരുന്ന 45 സ്പോഞ്ച് ഫാക്ടറി തൊഴിലാളികളെ ഡയറക്ട് കോൺട്രാക്ട് വർക്കേഴ്സ് ആക്കാനും തീരുമാനമുണ്ടായി. ഈ നിലപാടുകളെടുത്ത മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ എന്നിവർക്ക് മുക്തകണ്ഠം നാടിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുകയാണ്. ഈ

ബജറ്റിൽ മുഖ്യമായി വച്ചിരിക്കുന്ന ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറയുകയാണ്. ഒന്ന്, ചവറ നിയോജകമണ്ഡലത്തിലെ കൊല്ലം കോർപ്പറേഷൻ ഡിവിഷനിൽ കന്നിമേൽചേരിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിനുവേണ്ടി കഴിഞ്ഞ ബജറ്റിൽ 10 കോടി രൂപയും ഓഷ്യനേറിയത്തിന് സ്ഥലമേറ്റെടുക്കാൻ ഈ ബജറ്റിൽ 10 കോടി രൂപയും വകയിരുത്തിയിരിക്കുന്നു. 300 കോടി രൂപയുടെ ഈ പദ്ധതി പിപിപി മോഡലിലാണ് ചെയ്യുന്നത്. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടുള്ള പഠനത്തോടൊപ്പം വലിയ ടൂറിസം സാധ്യതയും കൂടിയാണ് തുറന്നുതരുന്നത്. കേരളത്തിലെ ആദ്യത്തെ ഓഷ്യനേറിയമാണ് ഇവിടെ സ്ഥാപിതമാകുന്നത്. മറ്റൊന്ന്, നീണ്ടകരയിലെ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ആണ്. കേസുമായി ബന്ധപ്പെട്ട് പത്തുവർഷത്തോളം അവിടെ നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കേസ് കഴിഞ്ഞപ്പോൾ വീണ്ടും നിർമ്മാണപ്രവർത്തനങ്ങൾ പുനഃരാരംഭിക്കുകയാണ്. ഇതിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചുകൊണ്ട് ഒരു ടെൻഡർ വന്നിട്ടുണ്ട്. അത് ക്യാബിനറ്റ് പാസ്സാക്കുന്ന മുറയ്ക്ക് പിപിപി മോഡലിൽ ചെറു ക്രൂയിസ്

ഷിപ്പുകളുടെ കപ്പൽ നിർമ്മാണ മെയിന്റനൻസ് ശാലയടക്കം ടൂറിസത്തിനും വിവിധതരം മാരിടൈം കോഴ്സുകൾക്കും ഉതകുന്ന രീതിയിലുള്ള 100 കോടി രൂപയുടെ പദ്ധതിയാണ് അവിടെ വരുന്നത്. അതിന് നിലപാടെടുത്ത ഈ സർക്കാരിന് നന്ദി അറിയിക്കുന്നു. വിവിധ മേഖലകളിൽ നിരവധി ഫണ്ടുകളാണ് ഇത്തരത്തിൽ ചവറയിലും മറ്റെല്ലാ മണ്ഡലങ്ങളിലും നൽകിയത്. മത്സ്യഫെഡ് വഴി ബോട്ട് ബിൽഡിങ് യാഡും നെറ്റ് ഫാക്ടറികളും കൂടാതെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾക്കും നൽകിയ പൂർണപിന്തുണയ്ക്ക് ഒരിക്കൽകൂടി നന്ദി അറിയിച്ചുകൊണ്ട് ഈ ബജറ്റ് ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ ഈ ബജറ്റിനെ സ്വാഗതം ചെയ്യുകയാണ്. ആദ്യമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് രണ്ട് റിക്വസ്റ്റാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, ബജറ്റിൽ പത്രപ്രവർത്തകരുടെ പെൻഷൻ 1,500 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ പത്രജീവനക്കാരുടെ പെൻഷനെക്കുറിച്ച് ഒന്നും പരാമർശിച്ചുകാണുന്നില്ല. പത്രം ഇറങ്ങാൻ ഏറ്റവും പ്രധാനപ്പെട്ട പങ്കാളിത്തം വഹിക്കുന്നതും പത്രപ്രവർത്തകർക്കു തുല്യമായ സംഭാവന നൽകുന്നവരുമാണ്

പത്രജീവനക്കാർ. പത്രജീവനക്കാർ എന്നുമാത്രം പറഞ്ഞാൽ പോരാ. മാധ്യമങ്ങളിലെ മുഴുവൻ ജീവനക്കാരും അതിലുൾപ്പെടുന്നുണ്ട്. പത്രപ്രവർത്തകരുടെ പെൻഷൻ ഉയർത്തിയ അതേ മനസ്സോടെ തന്നെ പത്രജീവനക്കാരുടെ പെൻഷനും വർധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ള അഭ്യർത്ഥനയാണ്. രണ്ട്, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് ബജറ്റുകളിലായി ചന്തേര റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് ടോക്കൺ എമൗണ്ട് വയ്ക്കാറുണ്ട്. ഇത്തവണ 20 ശതമാനം തുക അതിന് നീക്കിവയ്ക്കാനാവശ്യമായ നിലപാട് സ്വീകരിക്കാൻ അങ്ങ് തയ്യാറാകണം. കേന്ദ്ര-കേരള ബജറ്റുകൾ തമ്മിൽ താരതമ്യം ചെയ്യേണ്ടതുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ കേരളത്തിലെ ജനക്ഷേമ ബജറ്റിനെക്കുറിച്ച് സമഗ്രമായിത്തന്നെ പരിശോധിക്കുകയുണ്ടായി. കേന്ദ്ര ബജറ്റ് ബഹുഭൂരിപക്ഷംവരുന്ന സാധാരണ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഉതകുന്നതല്ല. ധനാഢ്യന്മാരുടെ സമ്പന്ന പക്ഷപാതിത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് സർക്കാരിന്റെ വർഗപക്ഷപാതിത്വം പ്രതിഫലിപ്പിക്കത്തക്ക രീതിയിലുള്ള അത്യന്തം അപകടകരമായിട്ടുള്ള ഒരു ജനവിരുദ്ധ ബജറ്റാണ് കേന്ദ്ര സർക്കാർ

പാർലമെന്റിൽ പാസ്സാക്കിയിരിക്കുന്നത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി സാധാരണ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും വികസന ക്ഷേമ പദ്ധതികളുടെ വേഗത വർധിപ്പിക്കാനുമുതകുന്ന രീതിയിലുള്ള ഏറ്റവും ശ്രദ്ധേയവും ഹൃദയസ്പർശിയുമായ ഒരു സാമ്പത്തിക സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ബജറ്റിനെക്കുറിച്ച് ആലോചിക്കുമ്പോൾ സാധാരണയായി ഉത്സവപ്പറമ്പിൽ കണ്ടുവരുന്ന ബോംബെ മിഠായി വിൽക്കാൻ വരുന്ന കുട്ടികളെ ഓർക്കും. അവർ മണി കിലുക്കിക്കൊണ്ട് വരും. റോസും വെള്ളയുമൊക്കെയാണ് മിഠായിയുടെ നിറം. അതങ്ങ് വായിലിട്ടാൽ പിന്നെ ധന്വന്തരം ഗുളികയുടെ വലിപ്പം പോലും അതിനുണ്ടാവില്ല. പക്ഷേ ധന്വന്തരം ഗുളികയ്ക്ക് ഔഷധമൂല്യമെങ്കിലുമുണ്ട്. അങ്ങനെ ആളെ പറ്റിക്കുന്ന ഒരു ബജറ്റാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ചത്. കേരളം ആവശ്യപ്പെട്ടതൊന്നും പരിഗണിച്ചില്ല; അതിവേഗ റെയിൽപ്പാത, തിരുവനന്തപുരം മെട്രോ, കൊച്ചി മെട്രോ എന്നിവയുടെ വിപുലീകരണത്തിനാണ് നമ്മൾ പണം ചോദിച്ചത്. എന്നാൽ നമുക്ക് കിട്ടിയതോ, കടലാമകൾ മുട്ടയിടാനെത്തുന്ന തീരങ്ങളിൽ പുതിയ കോസ്റ്റൽ

ഹൈവേ, കടലാമ പാത. ഇവിടെ ആമമുട്ട പദ്ധതി എന്ന രീതിയിലാണ് ഈ പദ്ധതി കൊണ്ടുവന്നിട്ടുള്ളത്. ആമമുട്ട പദ്ധതി കേരളത്തിന് സമ്മാനിച്ച ഗതികേടിലല്ലേ നമ്മളെല്ലാവരുമുള്ളത്. കടലാമകളെ പരിഗണിക്കണമെന്ന കാര്യത്തിൽ സംശയമില്ല. കടലാമകൾക്ക് നൽകിയ പരിഗണനയുടെ ഒരു ശതമാനം പോലും കേരളത്തിലെ മനുഷ്യർക്ക് നൽകാനുള്ള സന്നദ്ധത കേന്ദ്ര സർക്കാർ കാണിച്ചോ; മറ്റൊരു പ്രഖ്യാപനം എന്താണ്? അപൂർവ ധാതു ഇടനാഴി. കേരളത്തിന്റെ ധാതുസമ്പത്ത് കവർന്നെടുക്കുകയെന്ന ദുഷ്ടലാക്കാണ് ഇതിനുപിന്നിൽ. വികസനത്തെ വിപുലീകരിക്കാനല്ല; ഈ ബജറ്റ് ആർക്കുവേണ്ടിയുള്ളതാണ്; വൻകിട കോർപ്പറേറ്റുകളുടെയും അതിസമ്പന്നരുടെയും താൽപര്യം സംരക്ഷിക്കാനുള്ള മോദി സർക്കാരിന്റെ ബജറ്റല്ലേ ഇത്; കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുന്ന സാമ്പത്തിക അച്ചടക്കം ആർക്കുവേണ്ടിയുള്ളതാണ്; ബഹുഭൂരിപക്ഷംവരുന്ന സാധാരണജനങ്ങളുടെ ഭൗതിക ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ളതാണോ; അല്ല. കോർപ്പറേറ്റുകൾക്കും സമ്പന്നർക്കും നികുതി ഇളവ് നൽകിക്കൊണ്ടുള്ള ഏറ്റവും അപകടകരമായ നീക്കമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. അധ്വാനിക്കുന്ന മനുഷ്യരുടെ ജീവിത

സാഹചര്യം മെച്ചപ്പെടുത്താനുള്ള ഒരു പദ്ധതി പോലും കേന്ദ്ര ബജറ്റിലില്ല. എന്നാൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കേരളത്തെക്കുറിച്ച് നന്നായി പ്രശംസിക്കുന്നു. ഇന്ത്യൻ പാർലമെന്റിൽ സാമ്പത്തിക സർവെ റിപ്പോർട്ട് അവതരിപ്പിച്ചു. കൈവരിച്ച നേട്ടങ്ങൾക്ക് മുക്തകണ്ഠം പ്രശംസയാണ്. കേരളത്തിലെ അതിദാരിദ്ര്യനിർമ്മാർജ്ജനമുക്ത പദ്ധതിയും കൊച്ചി ജല മെട്രോയും കുറഞ്ഞ ശിശുമരണ നിരക്കും കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന ആധുനിക പദ്ധതികളും പുനരുപയോഗ ഊർജ്ജ സംയോജന പദ്ധതിയും പ്രശംസയ്ക്കർഹമായി. അതിദാരിദ്ര്യനിർമ്മാർജ്ജനവും ജല മെട്രോയും മാതൃകാപദ്ധതികളായിട്ടാണ് കേന്ദ്ര സർക്കാർ ഈ രേഖയിൽ വിശദീകരിച്ചിരിക്കുന്നത്. അഞ്ചു പൈസ കൊടുക്കാത്ത പിശുക്കൻ കാരണവരെപ്പോലെയാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി നമ്മളോട് പെരുമാറുന്നത്. എന്നാൽ കേരളത്തിലോ, കേരളത്തിലെ ബജറ്റിലെ ഏറ്റവും വലിയ പ്രത്യേകതകളെ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. വൈകുണ്ഠപതി ദർശനത്തിന് അയ്യാ വൈകുണ്ഠസ്വാമികളുടെ ഒരു തിരുവചനമുണ്ട് "..താഴെ കിടപ്പോരെ തർക്കാപ്പതേ ധർമ്മം.." അതായത് ജീവിതത്തിൽ എല്ലാ മേഖലകളിലും പിന്നോക്കം നിൽക്കുന്നവരെ

സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്നുള്ളതാണ് ധർമ്മം. അതാണ് കേരളത്തിലെ സർക്കാർ കാണിച്ചത്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം, എസ്.സി./എസ്.ടി. മേഖല ഇവയെല്ലാം മുൻനിർത്തി ഏറ്റവും ശ്രദ്ധേയമായിട്ടുള്ള വികസന പദ്ധതികൾക്ക് രൂപം നൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.80 ശതമാനമായ 3,507 കോടി രൂപ വകയിരുത്താൻ നമുക്ക് കഴിഞ്ഞു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 2.83 ശതമാനം പട്ടികവർഗ്ഗ ഉപപദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തെക്കാൾ കൂടുതലാണ് ഈ പദ്ധതിവിഹിതം. 1,012 കോടി രൂപ പട്ടികവർഗ്ഗ ക്ഷേമത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ ഇടപെടലാണിത്. കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ ബജറ്റിന്റെ സമീപനം എന്താണ്. ജെൻഡർ ബജറ്റും സ്ത്രീക്ഷേമ ബജറ്റും അവതരിപ്പിച്ച സർക്കാരാണിത്. ഇത്തവണ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള വയോജന സംരക്ഷണത്തിലൂന്നിനിന്നുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച സർക്കാരാണിത്. വനിതാക്ഷേമത്തിന്റെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഏറ്റവമുയർന്ന സാക്ഷരത

സമ്പന്നതയുള്ള സംസ്ഥാനമാണ് കേരളം. ആ സാക്ഷരത സമ്പന്നത കൈവരിച്ച വഴികളിലൂടെ കേരളത്തിലെ സ്ത്രീ സാക്ഷരത ഉയർന്നപ്പോൾ കേരളത്തിലെ പൊതുവിടങ്ങളിൽ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം ഇന്ന് സ്ത്രീസാന്നിധ്യം സജീവമാണ്. ഭരണരംഗങ്ങളിൽ അവർ ഇടപെടുന്നു. തദ്ദേശതിരഞ്ഞെടുപ്പ് കഴിഞ്ഞതോടുകൂടി കേരളത്തിൽ 50 ശതമാനമല്ല 55 ശതമാനം ജനപ്രതിനിധികളും സ്ത്രീകളാണ്. കേരളത്തിന്റെ മുഖമായി മാറുകയാണ് അവർ. അങ്ങനെ അവരെ ശാക്തീകരിച്ച് അവർക്ക് സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തിയത് കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനത്തിലൂടെയാണ്. സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട് വടക്കൻ മേഖലകളായ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ വീടുകളിൽ അമ്മമാരും സഹോദരിമാരെല്ലാവരും വൈകുന്നേരങ്ങളിൽ ഡാൻസ് പ്രാക്ടീസിന് പോകുകയാണ്. കൊച്ചുകുട്ടി-കുച്ചിപ്പുടി, അമ്മ-ഭരതനാട്യം, അമ്മൂമ്മ-കൈകൊട്ടി കളി അല്ലെങ്കിൽ തിരുവാതിര എന്നിങ്ങനെ ഉത്സവ അന്തരീക്ഷത്തിലാണ്. ഇതാണ് ഈ കേരളം. കേരളത്തിലെ സ്ത്രീകൾക്ക് അവരുടെ സാംസ്കാരിക അവബോധം മെച്ചപ്പെടുത്താനും, കലാ-സാംസ്കാരിക രംഗങ്ങളിലും വികസന

പ്രവർത്തനങ്ങളിലുമെല്ലാം ഇടപെടാനുള്ള കരുത്ത് വർധിപ്പിക്കാൻ കേരളത്തിലെ ഗവൺമെന്റിന്റെ നിലപാടുകളിലൂടെ സാധിച്ചു. എന്നാൽ, കേന്ദ്ര ഗവൺമെന്റിന്റെ നിലപാടെന്താണ്? ഇന്ത്യയുടെ സർവസൈന്യാധിപയായിട്ടുള്ള രാഷ്ട്രപതി ഒരു മഹത് വ്യക്തിത്വമാണ്. ഇന്ത്യയുടെ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യമന്ത്രി ഒരു മാന്യവനിതയാണ്. അങ്ങനെയുള്ള സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, കേന്ദ്ര ബജറ്റ് ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിക്കുമ്പോൾ വനിതകൾക്കുള്ള പദ്ധതിയിൽനിന്ന് 51,144 കോടി രൂപയാണ് വെട്ടിക്കുറച്ചത്. ഇവിടെയാണ് ഈ വിവേചനപരമായ സമീപനമുള്ളത്. കേരളത്തിലാണെങ്കിൽ മതിയായ തുക അനുവദിക്കുന്ന സർക്കാരാണ്. ഇതാണ് ഈ രണ്ട് ബജറ്റുകളുടെ പ്രധാനപ്പെട്ട താരതമ്യം. അതുപോലെ ക്ഷേമ പദ്ധതികൾ, വികസന പദ്ധതികൾ എന്നിവയെല്ലാം വിസ്മയകരമായി നടപ്പാക്കിമുന്നോട്ടുപോകുകയാണ്. എന്നാൽ, പ്രതിപക്ഷം ഇതൊന്നും അംഗീകരിക്കാൻ തയ്യാറാവുന്നില്ല. ഇന്നലെ ഈ സഭയിൽ അരങ്ങേറിയത് എന്തായിരുന്നു; ഒരു പ്രതിപക്ഷാംഗത്തിന്റെ വാമനാവതാരമല്ലേ; നന്മയെ ചവിട്ടി താഴ്ത്തുന്നതല്ലേ; മനുഷ്യ നന്മയുടെ പ്രതീകമായിട്ടുള്ള ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്

ഈ നിയമസഭ. അവിടെയിരിക്കുന്ന ചെയറിന് നേരെയാണ് ആ പ്രതിപക്ഷാംഗം ചവിട്ടാൻ കാലോങ്ങിയത്. ഇന്ന് നമ്മുടെ ഓഫീസുകളിലും മുറികളിലും വർത്തമാന പത്രങ്ങൾ പടികയറി വന്നത് കാലോങ്ങി നിൽക്കുന്ന ഒരു അംഗത്തിന്റെ ഫോട്ടോയല്ലേ; ഈ വെല്ലുവിളി ആരോടാണ്? ഈ ജനാധിപത്യ കേരളത്തോടാണോ; കാരണം, ജനക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കേരളത്തിലെ സർക്കാരിനെതിരെ സമരാഭാസങ്ങളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുന്ന പ്രതിപക്ഷത്തിന് ജനങ്ങൾ തിരിച്ചടിനൽകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. പരാജയ ഭീതിപൂണ്ട കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്ന സമീപനമെന്താണ്; 'സംഘപരിവാറിന് കുപ്പകൈ, ജമാഅത്തെ ഇസ്ലാമിക്ക് സ്വാഗതം' ഇതല്ലേ നമ്മൾ പഞ്ചായത്ത് ഇലക്ഷനിൽ കണ്ടത്. കാരണം, എന്റെ ജില്ലയായ കാസർഗോഡ് പൈവളികെ ഗ്രാമപഞ്ചായത്തിൽ യു.ഡി.എഫ്.-9, സി.പി.എം.(ഐ.)-7, ബി.ജെ.പി.-5, ഇതാണ് കക്ഷിനില. എന്നാൽ, സ്റ്റാന്റിങ് കമ്മിറ്റി ഇലക്ഷനിൽ നാല് യു.ഡി.എഫ്. അംഗങ്ങളിൽ രണ്ടെണ്ണം മുസ്ലീം ലീഗ് അംഗങ്ങളാണ്. നാല് യു.ഡി.എഫ്. അംഗങ്ങൾ വോട്ട് ചെയ്തത് ബി.ജെ.പി.-

ക്ക് ആണ്. കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ പഞ്ചായത്തിൽ യു.ഡി.എഫ്.-9 എൽ.ഡി.എഫ്.-9 ബി.ജെ.പി.-1. എന്നിങ്ങനെയാണ് കക്ഷിനില. വികസന സ്റ്റാന്റിങ് കമ്മിറ്റി തിരഞ്ഞെടുപ്പിലേക്ക് ബി.ജെ.പി. അംഗം സന്തോഷ് കുമാറിനെ നാമനിർദേശം ചെയ്യുന്നതിന് വോട്ട് നൽകുന്നത് അവിടത്തെ യു.ഡി.എഫ്. ആണ്. അവിടത്തെ ആസൂത്രണ കമ്മീഷന്റെ ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള ഇലക്ഷൻ വന്നപ്പോൾ പ്രത്യുപകാരമായി ബി.ജെ.പി. അംഗം തിരിച്ചുവോട്ട് ചെയ്തു. ഇതൊക്കെ മതിയായ തെളിവാണ്. ഈ കേരളത്തിന്റെ പോക്ക് എങ്ങോട്ടാണ്? ഭൂരിപക്ഷ ന്യൂനപക്ഷ വർഗീയതയെ കൂട്ടുപിടിച്ചുകൊണ്ട് സമാധാന അന്തരീക്ഷം നിലനിൽക്കുന്ന മതേതരത്വത്തിന്റെ പൂങ്കാവനമായ ഈ വർത്തമാനകാല കേരളത്തിന്റെ ജനങ്ങളുടെ സ്വൈരജീവിതം തകർക്കാനുള്ള, അത്യന്തം അപകടകരമായിട്ടുള്ള വർഗീയ നീക്കങ്ങളുമായിട്ടാണ് കോൺഗ്രസ് മുന്നോട്ടുപോകുന്നത്. നമുക്ക് ആർക്കും അതിൽ അത്ഭുതമില്ല. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഭൂരിപക്ഷ വർഗീയതയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് വർഗീയപ്രീണനനയം ആവിഷ്കരിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ്, രണ്ട് സീറ്റിൽനിന്ന്

മുന്നൂറിലേക്കും മൂന്നാം ഭരണത്തിലേക്കും ഇന്ന് ബി.ജെ.പി. ഗവൺമെന്റ് ഇന്ത്യ ഭരിക്കുന്നത്. ആരാണ് അതിന് ഉത്തരവാദി? ഇന്ത്യൻ രാഷ്ട്രീയത്തിലെ കോൺഗ്രസാണ് ഉത്തരവാദി. അവർ സ്വീകരിച്ച വർഗീയ നിലപാടാണ്. ഈ കേരളത്തിൽ എത്തുമ്പോൾ ന്യൂനപക്ഷ വർഗീയതയും ഭൂരിപക്ഷ വർഗീയതയും ഒരുപോലെ പ്രോത്സാഹിപ്പിക്കുകയാണ്. അങ്ങനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് വർഗീയധ്രുവീകരണത്തിന് നേതൃത്വം കൊടുക്കുകയാണ്. കേവല മതേതരവാദികൾ എന്ന് അവകാശപ്പെടുന്ന കോൺഗ്രസ്, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും ഇന്ദിരഗാന്ധിയെയും മഹാത്മാ ഗാന്ധിയെയും ധ്യാനിക്കുന്ന ഈ കേരളത്തിലെ കോൺഗ്രസുകാർ, ഗാന്ധിഘാതകരും ഗാന്ധിശിഷ്യരും കൈകോർത്ത് പിടിക്കുന്ന അതിദയനീയമായ രാഷ്ട്രീയ നാണക്കേടിന്റെ പര്യായമായി മാറുകയാണ്. എല്ലാ സ്ഥലത്തുമുള്ള ഇവരുടെ ധാർഷ്ട്യവും ഈ കേരളത്തിന് അപമാനകരമാണ്. ഇത് ചോദ്യം ചെയ്യാൻ നമുക്ക് കഴിയണം. കാരണം, കേരളത്തിൽ വർഗീയ കലാപമില്ലാത്ത വർഗീയ അസ്വാസ്ഥ്യമില്ലാത്ത നാടായി കേരളത്തെ ഉയർത്തികൊണ്ടുവരാൻ നമുക്ക് കഴിഞ്ഞത്. അവിടെയാണ് എങ്ങനെയെങ്കിലും കേരളത്തെ

സാമ്പത്തികമായി ഞെരുക്കുന്നതിനുള്ള നിലപാടുകൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച് മുന്നോട്ടുപോകുന്നത്. അതിനെ പ്രതിരോധിക്കാൻ സഹായകമായിട്ടുള്ള ഏറ്റവും ശക്തമായ ഗവൺമെന്റ് പ്രമേയമാണ് ഇന്ന് ആദരണീയനായ മുഖ്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചത്. നമ്മൾ ഓർക്കുന്നുണ്ടാവും കേരളം എന്താ ഇന്ത്യയിൽ അല്ലേയെന്ന് ചോദ്യശരം ഉയർത്തികൊണ്ട് ഇന്ത്യയിലെ ഭരണാധികാരികളെ പ്രതിക്കൂട്ടിൽ നിർത്തിയ കേരളത്തിന്റെ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം അക്ഷരാർഥത്തിൽ ഇന്നത്തെ ഈ ഗവൺമെന്റ് പ്രമേയത്തിലൂടെ വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. കാരണം, നിരപരാധികളും നിഷ്കളങ്കരുമായ കേരളത്തിലെ ജനങ്ങൾ എന്ത് തെറ്റാണ് കേന്ദ്ര ഗവൺമെന്റിനോട് ചെയ്തത്? നമ്മൾ നികുതി കൃത്യമായി കൊടുത്തതാണോ ചെയ്ത തെറ്റ്? കേരളത്തിലെ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നുവെന്നുള്ളതാണോ ചെയ്ത തെറ്റ്? ഇത് വളരെ കൃത്യമായ രാഷ്ട്രീയ പകപോക്കലാണ്. ഈ രാഷ്ട്രീയപകപോക്കലിനെതിരെ ഒന്നിച്ചുനിന്ന് ഇന്ത്യൻ ഭരണവർഗത്തിനെതിരായി ശക്തമായ സമര കാഹളം ഉയർത്തികൊണ്ട് അത്യുജ്ജ്വലമായിട്ടുള്ള, പ്രതിഷേധവും പ്രതികരണവും വളർത്തിയെടുക്കേണ്ട

ജനങ്ങൾ അണിനിരത്തേണ്ട രാഷ്ട്രീയ ഉത്തരവാദിത്വം നിർവഹിക്കുന്നതിനുപകരം കോൺഗ്രസ് ഇവിടെ സമരാഭാസങ്ങൾ കാണിക്കുകയാണ്. കേരളത്തിന് അർഹമായിട്ടുള്ള നികുതി വിഹിതം കിട്ടിയാൽ, ഗ്രാന്റ് കിട്ടിയാൽ നമുക്ക് കടമെടുക്കാൻ അനുമതി തന്നാൽ ആർക്കാണ് നേട്ടം. കേരളത്തിലെ സി.പി.എം(ഐ.)-നും ഇടതുപക്ഷ പാർട്ടികൾക്കും എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും മാത്രമാണോ; ഈ കേരളത്തിലെ ജനങ്ങൾക്ക് അല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്......

ശ്രീ. എം. രാജഗോപാലൻ: സർ, ആ ജനങ്ങളുടെ താൽപര്യത്തെ മുൻനിർത്തി നിലപാടുകൾ സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാകേണ്ടതല്ലേ? അതുകൊണ്ട് ഈ വരുംനാളുകളിൽ ശക്തമായ ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും വരുന്ന നിയമസഭ തിരഞ്ഞെടുപ്പിനെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഏറ്റവും ഉജ്ജ്വലമായ രീതിയിൽത്തന്നെ മൂന്നാംഘട്ടത്തിലേക്ക് പ്രവേശിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിനുവേണ്ടി നമുക്ക് ഒന്നിച്ച് മുന്നേറാമെന്ന്

മാത്രമാണ് അഭ്യർഥിക്കാനുള്ളത്. ഈ ബജറ്റിനെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്യുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അടുത്ത ഒരു വർഷക്കാലത്തേക്കുള്ള കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെ അങ്ങേയറ്റം ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച ഒരു ബജറ്റാണ് നമ്മളിവിടെ അവതരിപ്പിച്ചതും അതിന്റെ പ്രാഥമിക ചർച്ച ഇപ്പോൾ പൂർത്തീകരിക്കുന്നതും. ബജറ്റ് എന്നത് ഒരു വർഷത്തേക്കുള്ള കണക്ക് മാത്രമാണ്. അടുത്ത പത്തോ അമ്പതോ വർഷക്കാലത്തേക്കുള്ള നമ്മുടെ നാടിന്റെ ദിശ എങ്ങനെയാണെന്ന് ചിന്തിക്കുന്ന, രൂപം നൽകുന്ന കാര്യംകൂടിയാണത്. എന്നാൽ അങ്ങനെയുള്ള കാര്യങ്ങൾക്ക് പ്രതിപക്ഷം വലിയ പ്രധാന്യം നൽകുന്നില്ലെന്നുള്ളതാണ് ദൗർഭാഗ്യവശാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ ബജറ്റ് ആദ്യം അവതരിപ്പിക്കുന്ന സമയത്ത് ബജറ്റിന്റെ കണക്കുകൾ ഉദ്ധരിച്ച് കൃത്യമായി ചോദ്യങ്ങൾ ചോദിച്ച്, ബജറ്റിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ നടക്കുമോ; അതിന്റെ വിശ്വസനീയത എങ്ങനെയാണ്; നിങ്ങൾ പറയുന്ന കാര്യങ്ങൾ ശരിയാണോ; അതിലെ കണക്കുകൾ ശരിയാണോ? ബജറ്റിൽ സൂചിപ്പിട്ടുള്ള കാര്യങ്ങൾ

പ്രാവർത്തികമാക്കാൻ സാധിക്കുമോയെന്നുമുള്ള കാര്യങ്ങൾ ഉന്നയിക്കേണ്ടത് ഭരണപക്ഷം മാത്രമല്ല പ്രതിപക്ഷവുമാണ്. ഈ ബജറ്റിൽ പ്രതിപക്ഷമെടുത്ത സമീപനം, ഞങ്ങൾക്ക് ഈ സഭാനടപടിക്രമങ്ങളിലൊന്നും വലിയ വിശ്വാസമില്ല, ജനാധിപത്യപരമായി അംഗീകരിക്കപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറല്ല, ഞങ്ങൾ കൊണ്ടുവരുന്ന അജണ്ട മറ്റൊന്നാണ്, അത് ജനങ്ങളുടെ ഇടയിലെ പ്രവർത്തനങ്ങളും കണക്കുകളും വച്ചിട്ടല്ലെന്നും പാർലമെന്ററി സിസ്റ്റം അനുസരിച്ചിട്ടല്ലെന്നുമുള്ള പ്രഖ്യാപനം നടത്തിയിട്ടാണ് അവർ പോയത്. ആദ്യദിനം ബജറ്റ് അവതരിപ്പിക്കുമ്പോൾ അതിലെ കണക്കുകൾ സംബന്ധിച്ച് പ്രതിപക്ഷം വിശദമായി സംസാരിക്കാൻ തയ്യാറായില്ലെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ പറയുന്നതിന് പകരം പത്രസമ്മേളനത്തിൽ പറഞ്ഞത് ഇത് നടപ്പാക്കാനുള്ള ബജറ്റല്ലെന്നും യു.ഡി.എഫ്. അധികാരത്തിൽ വന്നിട്ട് ബജറ്റ് അവതരിപ്പിക്കാമെന്നുമാണ്. ബജറ്റിനെ സംബന്ധിച്ച് അവർക്ക് തർക്കമൊന്നുമില്ല. വളരെ നല്ല കാര്യങ്ങളാണ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പക്ഷേ ഇത് നടപ്പാക്കാൻ പറ്റുമോയെന്നും ഇതൊരു സ്വപ്ന ബജറ്റാണെന്നും ഇങ്ങനെയൊരു ബജറ്റ് നടപ്പാക്കാൻ

പോകുന്നില്ലെന്നുമാണ് പ്രതിപക്ഷം പറയുന്നത്. ഇത്രയും വലിയ ബാധ്യത വരുന്ന, ജീവനക്കാരുടെ ശമ്പളം വർധിപ്പിച്ച, സാധാരണക്കാരുടെ പെൻഷൻ വർധിപ്പിച്ച, മറ്റ് കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിയ ഈ ബജറ്റ് നടപ്പാക്കാൻ സാധിക്കില്ലെന്നും അതുകൊണ്ട് ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം പുതിയ ബജറ്റ് അവതരിപ്പിച്ചോളാമെന്നുമുള്ള സമീപനമാണ് അദ്ദേഹം സ്വീകരിച്ചത്. ഇതുമാത്രമല്ല, അദ്ദേഹം പറഞ്ഞത് കേരളത്തിലെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഒരു ധവളപത്രം അവതരിപ്പിക്കണമെന്നാണ്. ഇങ്ങനെ ചർച്ച ചെയ്യുകയെന്ന് പറഞ്ഞാൽ സാധാരണഗതിയിൽ എല്ലാ അക്കൗണ്ടുകളും നമ്മുടെ കൈയിലുള്ളപ്പോൾ അത് രാഷ്ട്രീയ നേതൃത്വം എന്ന നിലയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികളും പ്രതിപക്ഷവും എം.എൽ.എ.-മാരും എന്ന നിലയിലല്ല, സാധാരണഗതിയിൽ ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കുന്നതിന് അടിസ്ഥാനപരമായി നമ്മുടെ ധനകാര്യ വകുപ്പ്, അതിനുള്ളിലെ ബജറ്റിന്റെ പ്രത്യേക വകുപ്പ്, ആ ബജറ്റ് വിങ് തന്നെ 6 മാസം കണക്കുകൾ കൂട്ടി താഴെത്തട്ടിൽനിന്നുള്ള എല്ലാ കണക്കുകളും ക്രോഡീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് പ്രതീക്ഷിക്കുന്ന വരുമാനവും ചെലവുകളും അവലോകനം

നടത്തി തയ്യാറാക്കുന്നതാണ് ബജറ്റ്. ആ ബജറ്റ് സഭ അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ മുന്നോട്ടുപോകേണ്ട എല്ലാ കാര്യങ്ങളും ഈ ബജറ്റ് രേഖയുടെ അടിസ്ഥാനത്തിലാണ് നിർവഹിക്കുന്നത്. ബജറ്റ് രേഖകളിൽനിന്നുള്ള വസ്തുതയും അതിൽ നിന്നുള്ള വ്യത്യാസവുമെല്ലാം സി&എ.ജി. ഉൾപ്പെടെയുള്ളവർ പരിശോധിക്കും. നിയമസഭ എന്നത് പരമോന്നതമായൊരു സമിതിയുടെ പ്രത്യേകതകൾ വ്യക്തമാക്കുന്നതാണല്ലോ, കഴിഞ്ഞ ദിവസം ബഹുമാന്യനായ ഗവർണ്ണർ പ്രഖ്യാപിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാന കാബിനറ്റ് അംഗീകരിച്ച നയങ്ങളല്ലാതെ അതിൽനിന്നും വ്യത്യസ്തമായ ചില കാര്യങ്ങൾ പറഞ്ഞു. പ്രധാനമായും കേന്ദ്ര സംസ്ഥാന ബന്ധത്തെയും സാമ്പത്തിക ഫെഡറലിസത്തെയും ചോദ്യം ചെയ്യുന്ന സമീപനം കേന്ദ്ര സർക്കാർ എടുക്കുന്നുവെന്ന കാര്യം നമ്മൾ ഇവിടെ ചൂണ്ടിക്കാണിച്ചത് വായിക്കാൻ ബഹുമാനപ്പെട്ട ഗവർണ്ണർ തയ്യാറായില്ല. ആ ഒരു വാചകംപോലും നിയമസഭയുടെ അവകാശത്തെ ബാധിക്കുമെന്നതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവർണ്ണറുടെ പ്രസംഗത്തിനുശേഷം മൂന്ന് ഭാഗങ്ങളിലെ ചില ഒമിഷൻസ് ഞങ്ങൾ അംഗീകരിക്കുന്നില്ലെന്നും അത്

സഭാരേഖകളിൽ വേണമെന്നും പറഞ്ഞത്. എത്രത്തോളം പ്രധാനപ്പെട്ടതാണ് സഭ; ഈ സഭയിൽ വായിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതാണ് യാതൊരു തരത്തിലുള്ള ഇടപെടലുകളെക്കാലും വലുതെന്ന് വ്യക്തമാക്കുന്ന ഇത്തരം സംഭവങ്ങൾ ധാരാളമുണ്ട്. അങ്ങനെയൊരു സഭയെ വിശ്വാസത്തിലെടുക്കാതെ പ്രതിപക്ഷം പ്രവർത്തിക്കുന്നുവെന്നുപറഞ്ഞാൽ അവർ ജനങ്ങളെ വിശ്വാസത്തിലെടുക്കുന്നില്ലെന്നാണ് അർഥമാക്കേണ്ടത്. ഈ സഭയിൽ പ്രതിപക്ഷത്തും ഭരണപക്ഷത്തുമിരിക്കുന്ന അംഗങ്ങൾ മാറിമാറി വരാറുണ്ട്, അതുകൊണ്ടാണ് പ്രതിപക്ഷവും ഭരണപക്ഷവും എന്നുപറയുന്നത്. പ്രതിപക്ഷത്തിരിക്കുന്നുവെന്നതുകൊണ്ട് ഞങ്ങൾ ഒരു കാര്യത്തോടും സഹകരിക്കില്ല എന്നുപറയുന്നതല്ല, പ്രതിപക്ഷത്തിരിക്കുകയെന്ന് പറയുന്നതും വലിയൊരു ഉത്തരവാദിത്വമാണ്. വാസ്തവത്തിൽ ജനാധിപത്യത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കേണ്ടത് പ്രതിപക്ഷമാണ്. സാധാരണഗതിയിൽ ഏറ്റവും ശക്തമായ കാര്യങ്ങളും കണക്കുകളും ഉന്നയിക്കുന്നത് പ്രതിപക്ഷത്തെ അംഗങ്ങളാണ്. ഏതൊരു ഭരണപക്ഷത്തെ സംബന്ധിച്ചും അതിന് മറുപടി കൃത്യമായും ലോജിക്കലായും പറയുകയെന്നത് വലിയ ഉത്തരവാദിത്വമുള്ള കാര്യമാണ്. ഞാൻ പാർലമെന്റ്

അംഗമായിരുന്ന സമയത്ത് ഒരു ചോദ്യം സഭയിൽ വരുന്നതിനുമുമ്പ് അതിന്റെ ബന്ധപ്പെട്ട മന്ത്രിമാർ ആ ചോദ്യത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് ചോദ്യം സമർപ്പിച്ച അംഗങ്ങളോട് അന്വേഷിക്കാൻ ശ്രമിക്കുമായിരുന്നു. പാർലമെന്റിൽ ഒരു ചോദ്യം ഉന്നയിച്ച് കഴിഞ്ഞാൽ അതിൽ വരുന്ന മറുപടിയും കാര്യങ്ങളും അത്രത്തോളം ഗൗരവത്തോടുകൂടിയാണ് അവർ പരിഗണിക്കുന്നത്. ശ്രീ. ഗുലാം നബി ആസാദിനെപ്പോലെ സീനിയറായ നേതാവ്, അദ്ദേഹം ആരോഗ്യവകുപ്പ് മന്ത്രിയായിരുന്നപ്പോൾ വളരെ സങ്കീർണ്ണമായ ചില പ്രശ്നങ്ങളെ സംബന്ധിച്ച് ഞാൻ ചോദ്യം ഉന്നയിച്ചപ്പോൾ എന്തൊക്കെയാണ് ആ ചോദ്യത്തിൽ ഉദ്ദേശിക്കുന്നതെന്ന് അറിയാൻ നേരത്തെതന്നെ അദ്ദേഹത്തിന്റെ ഓഫീസിൽ എന്നെ വിളിപ്പിച്ചു. പാർലമെന്റിൽ നാളെയാണ് എന്റെ ചോദ്യം പരിഗണിക്കുന്നതെങ്കിലും തലേദിവസംതന്നെ എന്നെ വിളിപ്പിച്ചു. 'എന്താണ് നിങ്ങൾ ഇതിനകത്ത് ഉദ്ദേശിക്കുന്നത്?" എന്ന് ചോദിച്ചു. ഇങ്ങനെ വളരെ വലിയ ഉത്തരവാദിത്വത്തോടുകൂടി ഹോംവർക്ക് ചെയ്ത് സഭയെ കാണുന്നതാണ് പൊതുസമീപനം. കഴിഞ്ഞ വർഷം ബജറ്റ് പ്രസംഗത്തിന്റെ അവസാനം ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച ഒരു

ചോദ്യത്തിന് ഞാൻ വളരെ ഗൗരവത്തോടുകൂടിയാണ് മറുപടി പറഞ്ഞത്. ഈ വർഷം ഞങ്ങളുടെ ബജറ്റ് 2 ലക്ഷം കോടി രൂപയാകുമെന്ന് പറഞ്ഞു. ഇത് കേട്ട ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത് ഇതൊക്കെ വെറും സ്വപ്നമാണമെന്നും നടക്കാൻ പോകുന്നില്ലെന്നുമാണ്. ഇതെല്ലാം കേൾക്കുമ്പോൾ ആളുകൾ വിശ്വസിക്കുന്നതാണ്. അത്രയും സീരിയസായി കാര്യങ്ങൾ പഠിച്ച് ഇവിടെ വിമർശനങ്ങൾ ഉന്നയിക്കണമെന്നാണ് ഞാൻ പറയുന്നത്. അല്ലാതെ അദ്ദേഹം ചോദിച്ചതിന് എതിരായിട്ടല്ല ഞാൻ പറഞ്ഞത്. എങ്ങനെ 2 ലക്ഷം കോടി രൂപയാകും? ഞാൻ അന്ന് പറഞ്ഞു ഇന്നയിന്ന കാര്യങ്ങളൊക്കെയുണ്ടാകും. ബജറ്റ് വകയിരുത്തിയതിൽ 198000 കോടി രൂപയായിരുന്ന ഏകദേശം തുക, ആകെ വരവും ചെലവും. അത് 2 ലക്ഷം കോടി രൂപയാകുന്നതിനുള്ള കണക്ക് 2000 കോടി രൂപ കൂടി അധികമാകും, അതിൽ യാതൊരു സംശയവുമില്ല. അന്ന് ഞങ്ങൾ പറഞ്ഞത് ശരിയായിരുന്നുവെന്ന് തെളിയിക്കാൻ ഇന്ന് അദ്ദേഹം കൂടി ഇവിടെ ഉണ്ടായിരുന്നെങ്കിൽ എളുപ്പമായിരുന്നു. പുറത്തിരുന്നിട്ട് ഇത് കേൾക്കുന്നുണ്ടാകില്ല. ഈ വർഷം ജനുവരി മാസം മുതൽ മാർച്ച് മാസംവരെ ഞങ്ങൾക്ക് കിട്ടുമെന്ന് പ്രതീക്ഷിച്ച 12000 കോടി രൂപയിൽ 5944 കോടി

രൂപ കേന്ദ്രം വെട്ടിക്കുറച്ചെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതിനെതിരെ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരും എം.പി.-മാരും എല്ലാം വലിയ സമരം നടത്തിയതല്ലേ? കേരളത്തിന്റെ പ്രശ്നമാണിത്. 6000 കോടി രൂപ കുറഞ്ഞിട്ടും സന്തോഷത്തോടെ പറയട്ടെ, ഈ വർഷത്തെ സംസ്ഥാനത്തിന്റെ ചെലവ് 1,95,000 കോടി രൂപയാകും. കഴിഞ്ഞ തവണ ബജറ്റിൽ പ്രതിപക്ഷം ഉന്നയിച്ചത് സീരിയസായ കാര്യമാണ്, അക്കാര്യം ഞാൻ അംഗീകരിക്കുന്നു. ആ സിരീയസായ കാര്യത്തിന് അതേ സീരിയസ്സോടുകൂടി ഞാൻ മറുപടി പറഞ്ഞത് പൂർണ്ണമായും ശരിയാണെന്ന് തെളിയിക്കുന്നതാണല്ലോ ഇപ്പോഴത്തെ കണക്ക്; കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നോക്കുന്ന കണക്കാണല്ലോ; പ്രാഥമിക കണക്കനുസരിച്ചാണ് ഞാൻ ഈ പറയുന്നത്. 1,95,000 കോടി രൂപയെന്ന് പറഞ്ഞാൽ അന്ന് പ്രതിപക്ഷം പറഞ്ഞതിന് ഒരടിസ്ഥാനമുണ്ട്. ഖജനാവിൽ പൂച്ച പെറ്റുകിടക്കുകയാണെന്ന് നിരന്തരം ആവർത്തിച്ചിട്ടൊന്നും കാര്യമില്ല. അത് പറഞ്ഞതിനൊരു കാര്യമുണ്ട്, ഒന്നാം പിണറായി സർക്കാരിന്റെ അവസാന വർഷത്തെ 1,32,000 കോടി രൂപയിൽനിന്ന് ഈ ഗവൺമെന്റ് വന്നതിന്റെ ആദ്യ വർഷം 1,62,000

കോടി രൂപയായിരുന്നു ആകെ ചെലവായത്. അങ്ങനെ ചെലവായ തുകയിൽ, ആദ്യത്തെ 3 വർഷമൊരു സ്റ്റാഗ്നേഷൻ സ്വഭാവമുണ്ടായിരുന്നു. കാരണം കഴിഞ്ഞ 6 വർഷത്തെ കണക്കിൽ ധനകാര്യ കമ്മീഷൻ ഒരു വർഷത്തേയ്ക്ക് ഒരു ഇടക്കാല ഉത്തരവിലൂടെ 15,000 കോടി രൂപയും അതിനുശേഷമുള്ള 5 വർഷക്കാലത്തേയ്ക്ക് 37,000 കോടി രൂപ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി തന്നു. ഒന്നാം വർഷം 19,000 കോടി രൂപ രണ്ടാം വർഷം 13,000 കോടി രൂപ മൂന്നാം വർഷം 4,000 കോടി രൂപ എന്ന നിലയിൽ മൂന്ന് വർഷമാണ് കിട്ടിയത്. പിന്നീട് ഒന്നുമില്ല. ആ സമയത്ത് തുടങ്ങുന്ന വർഷം ജി.എസ്.ടി. നടപ്പാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തിന് വന്ന നഷ്ടത്തിന് പരിഹാരമായി 12,000 കോടി രൂപ കോമ്പൻസേഷനായി ലഭിച്ചു. അതും ഇപ്പോൾ നിർത്തിയിരിക്കുന്നു. ബോറോയിങ്ങിന്റെ കാര്യത്തിലും കുറവ് വന്നു. ഇതെല്ലാം നിർത്തിയതിന്റെ ഭാഗമായി ആദ്യത്തെ മൂന്ന് വർഷം സ്റ്റാഗ്നേഷൻ വന്നു. ഏകദേശം 1,60,000 കോടി രൂപയായിരുന്നു മൂന്ന് വർഷവും. എന്നാൽ നാലാം വർഷം ചെലവ് 1,73,000 കോടി രൂപയായി. ഇപ്പോൾ 22,000 കോടി രൂപ ഒറ്റ വർഷം കൊണ്ട് നമ്മുടെ വരുമാനത്തിലും ചെലവിലും വർധനവ് വന്നുവെന്നുള്ളത്

അഭിമാനകരമായ കാര്യമാണ്. ഈ അഞ്ചാം വർഷം വന്ന പ്രിലിമിനറി കണക്കനുസരിച്ച് 1,95,000 കോടി രൂപയിലേയ്ക്ക് ചെലവ് പോകുമെന്ന് ഞാൻ പറഞ്ഞത് ശരിയായില്ലേ? ഈ വർഷത്തെ ചെലവിൽ വലിയൊരു കുതിപ്പാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ഇതൊക്കെ സഭയിൽ അവർ പറയേണ്ടതാണ്. പക്ഷേ ജനത്തിനോട് പറയാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട് എന്നുള്ളതുകൊണ്ടാണ് ഇതെല്ലാം വിശദമാക്കുന്നത്. ഇതെല്ലാം നടക്കാത്ത സ്വപ്നമാണെന്നും നടക്കാത്ത ബജറ്റ് എന്നുപറഞ്ഞാണല്ലോ പ്രതിപക്ഷം സഭവിട്ട് ഇറങ്ങിപോയത്. അവർ ഇതിനകത്ത് പറഞ്ഞ കാര്യങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ പോകുന്നില്ല. അതിലെ കാര്യങ്ങളെ സംബന്ധിച്ച് ഒരു തർക്കവുമില്ല. എല്ലാ മേഖലയും ഇത്രയേറെ സ്പർശിച്ച ഒരു ബജറ്റ് ഇടതുപക്ഷത്തിന് മാത്രമേ അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇടതുപക്ഷം എന്നുപറയുന്നത് ഒരു രാഷ്ട്രീയമാണ്, ഒരു കാഴ്ചപ്പാടാണ്, ഒരു മാനസികാവസ്ഥയാണ്, മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായ നിലപാടാണ്. ഇപ്പോൾ ഇടതുപക്ഷത്തിന് ഇടതുപക്ഷത്തുമില്ലെന്നാണ് പറയുന്നത്, "ലെഫ്റ്റിന് ലെഫ്റ്റ് നശിച്ചു, പുള്ളിപുലിയുടെ പുള്ളി മാഞ്ഞുപോയി, " എന്നും പറയുന്നുണ്ട്. "ഞാൻ ആണ് ഇടതുപക്ഷം" എന്ന് കഴിഞ്ഞ ദിവസം

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പുറത്ത് പ്രസംഗിക്കുന്നത് കേട്ടു. ഇടതുപക്ഷത്തിന് ഇടതുപക്ഷത്തെ നഷ്ടപ്പെട്ടിട്ടുണ്ടോ? ഇന്ത്യയിലെ സാധാരണക്കാരന് യു.പി.എസ്.സി. വഴി നിയമനങ്ങൾ ലഭിക്കാത്ത തരത്തിലേയ്ക്ക് യു.പി.എസ്.സി.-യെ ഇല്ലാതാക്കി. യു.പി.എസ്.സി. വഴി നിയമനങ്ങളില്ല. പട്ടാളത്തിൽപ്പോലും നാലുവർഷ കോൺട്രാക്ടിലാണ് ആളുകളെ നിയമിക്കുന്നത്. ഇന്ത്യയിലാകെ നടക്കുന്ന പി.എസ്.സി./യുപി.എസ്.സി. നിയമനങ്ങളിൽ 60 ശതമാനത്തിലധികവും കേരളത്തിലാണ് നടക്കുന്നത്. ഇവിടെ ഇടതുപക്ഷം ഉള്ളതുകൊണ്ടാണ് ഇങ്ങനെയൊക്കെ നടക്കുന്നത്. സർക്കാരിന്റെ ശമ്പളവും ആനുകൂല്യങ്ങളും പെൻഷനും അവകാശമാണെന്ന് ചിന്തിക്കുന്നതാണ് ഇടതുപക്ഷം. ഈ നാട്ടിലെ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എന്താണ് ചെയ്തത്? അവർ ആദ്യം ഒരു നിയമം കൊണ്ടുവന്നു. 60:40 എന്ന അനുപാതത്തിലേയ്ക്ക് മാറ്റി. നേരത്തെ 100 ശതമാനവും സംസ്ഥാനങ്ങൾക്ക് കൊടുക്കുമായിരുന്നു. 60:40 അനുപാതമാക്കിയപ്പോൾ സാധാരണഗതിയിൽ കഴിഞ്ഞ വർഷം ഏകദേശം 1 ലക്ഷം കോടി രൂപയാണ് അവരുടെ ബജറ്റ്. 60,000 കോടി രൂപ വയ്ക്കണം. കഴിഞ്ഞ ദിവസം അവതരിപ്പിച്ച ബജറ്റിലെ

കണക്കനുസരിച്ച് കഴിഞ്ഞ വർഷം 88,000 കോടി രൂപയായിരുന്നത് ഈ വർഷത്തെ ബജറ്റിൽ 30,000 കോടി രൂപയായി കുറഞ്ഞു. എന്ന് പറഞ്ഞാൽ തൊഴിലുറപ്പ് പദ്ധതിക്ക് 58,000 കോടി രൂപ കേന്ദ്ര ബജറ്റിൽ ഇല്ലാതായി. അതായത് അതിന്റെ 70 ശതമാനത്തോളം ഇല്ലാതായി. ഇതാണ് കേന്ദ്രത്തിന്റെ കണക്ക്, സംസ്ഥാനം എന്താണ് ചെയ്തത്? ഇതുവരെ തൊഴിലുറപ്പ് പദ്ധതിക്ക് പണം വകയിരുത്തിയിട്ടില്ല. ഇപ്രാവശ്യം ചില അപകടങ്ങളുണ്ടെന്ന് നമ്മൾ മുൻകൂട്ടി കണ്ടു. ഇതിനായി 1000 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയത്. പത്തര ലക്ഷം കുടുംബങ്ങൾ, ഒമ്പത് കോടി തൊഴിൽ ദിനങ്ങൾ, ഓരോ വാർഡിലും നൂറ്റിയമ്പതിനകത്ത് ആളുകൾ വർഷത്തിൽ 100 ദിവസം പണിയെടുക്കുന്ന ജോലിയുടെ പേരാണ് തൊഴിലുറപ്പ് പദ്ധതി. ആ തൊഴിലുറപ്പ് പദ്ധതി വന്നത് യു.പി.എ. ഗവൺമെന്റ് അധികാരത്തിലുള്ള സമയത്ത്, ഇടതുപക്ഷം പിന്തുണ കൊടുക്കുന്ന സമയത്ത്, ഞങ്ങളുടെ നിർദേശം അനുസരിച്ച് വന്നതാണ്. അന്നുമുതൽ കോൺഗ്രസ് അത് നിർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണക്കാരന്റെ വീട്ടിൽ കഞ്ഞിവയ്ക്കാനും അവന്റെ അടുപ്പിൽ തീ പുകയാനുമുള്ള സംവിധാനമൊരുക്കുന്ന ഒരു

ആശയത്തിന്റെ പേര് അല്ലെങ്കിൽ ജീവിതം മെച്ചപ്പെടുത്തുന്നതിന്റെ പേരാണ് ഇടതുപക്ഷം. അക്കാര്യം നമ്മൾ പറയുമെന്നുള്ളതുകൊണ്ട് സഭയിൽ ചർച്ചയില്ല, പ്രതിപക്ഷം സഭയിൽ ഇരിക്കാൻ തയ്യാറല്ല. അതുമാത്രമല്ല, എല്ലാ മേഖലകളിലും ..... ഹരിതകർമ്മസേനയുടെ സേവനം മികവാർന്നതാണ്. അതുകൊണ്ട് സോഷ്യൽ സെക്യൂരിറ്റിയായി ഒരു ഇൻഷ്വറൻസ് പദ്ധതി ഹരിതകർമ്മ സേനാംഗങ്ങൾക്ക് നടപ്പാക്കുന്നുണ്ട്. സർക്കാർ സംവിധാനവും പൊതുമേഖലയും മറ്റു മേഖലകളുമൊക്കെയുണ്ടെങ്കിലും നാലഞ്ച് ലക്ഷത്തോളം വരുന്ന ഓട്ടോറിക്ഷാ തൊഴിലാളികളെയും മറ്റ് അസംഘടിത മേഖലയിലുള്ളവരെയും ചെറുകിട വ്യവസായം നടത്തുന്നവരെയുംകൂടി സംരക്ഷിക്കേണ്ടതുണ്ട്. പഴയ ഓട്ടോറിക്ഷ മാറ്റി പുതിയ ഇലക്ട്രിക് ഓട്ടോറിക്ഷകളാണ് ഇപ്പോൾ കൂടുതലുള്ളത്. അതാണെങ്കിൽ കുറച്ചുകൂടി ലാഭം തൊഴിലാളികൾക്ക് കിട്ടും. അതിന്റെ ഭാഗമായാണ് സ്ക്രാപ്പ് ചെയ്യുന്ന സമയം ഒരു ഓട്ടോറിക്ഷയ്ക്ക് നാൽപ്പതിനായിരം രൂപ സബ്സിഡി നൽകാൻ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ ആക്സിഡന്റൽ ഇൻഷ്വറൻസ് മാത്രമല്ല, അതുമായി ബന്ധപ്പെട്ട് ക്ഷേമനിധി ബോർഡുമായി ചേർന്ന് ഒരു പൊതു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പാവപ്പെട്ട ഓട്ടോ തൊഴിലാളികളുടെ സ്റ്റാൻഡിൽ മിനിമം സൗകര്യംപോലുമുണ്ടാകാറില്ല. അതുകൊണ്ട് അവർക്ക് അത്യാവശ്യം ഇരിക്കാനും വാഹനം ചാർജ്ജ് ചെയ്യാനും സാധിക്കുന്ന തരത്തിൽ ഒരു സംവിധാനമുണ്ടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിന് സോളാറിൽ നിന്നോ ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെടുത്തിക്കൊണ്ടോ വാഹനം ചാർജ്ജ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ നാട്ടിൽ ഇത്തരത്തിലൊരു സംവിധാനം ഇതുവരെയും ചെയ്യാൻ കഴിഞ്ഞിട്ടില്ലെങ്കിലും ചെയ്യാൻ സാധിക്കുന്നൊരു കാര്യമാണ്. നമ്മുടെ നാട്ടിൽ പല തൊഴിലാളികളുമുണ്ട്. അവയിൽ പ്രധാനമായും ഗിഗ് തൊഴിലാളികളാണ്. നാം ഓർഡർ ചെയ്താൽ പത്തോ പതിനഞ്ചോ മിനിട്ടുകൾക്കകം ഭക്ഷണം എത്തിക്കുന്ന സൊമാറ്റോ, സ്വിഗ്വി പോലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ഫുഡ് ഡെലിവറി ചെയ്യുന്നവരും മറ്റു സാധനങ്ങൾ എത്തിക്കുന്ന തൊഴിലാളികളും ഡെലിവറിയില്ലാത്ത സമയങ്ങളിൽ വഴിയിൽ ഏതെങ്കിലും മരത്തിനുകീഴിലോ വെയിൽ കൊള്ളാതെ ഏതെങ്കിലും കടത്തിണ്ണയിലോ കയറിയിരിക്കുന്നത് കാണാം. ഈ മേഖലയിൽ ധാരാളം സ്ത്രീകളുമുണ്ട്. ജോലിക്ക് പോകുന്നവരും ഇതൊരു

extra earnings ആയി ഇതിനെ കാണുന്നുണ്ട്. അവർക്ക് ഒരു ക്ഷേമപദ്ധതി കൊണ്ടുവരുമെന്ന് മാത്രമല്ല, അവരുടെ കാര്യത്തിനകത്തും പ്രത്യേക പദ്ധതികൾ കൊണ്ടുവരുന്നതിനുള്ള ചില കാര്യങ്ങളും ഈ ബജറ്റിൽ പറഞ്ഞിട്ടുണ്ട്. ഇടതുപക്ഷം എന്നുപറഞ്ഞാൽ ഏറ്റവും സാധാരണക്കാരന്റെ ജീവിതമാണ്. ഈ നാട്ടിലെ ഏറ്റവും സാധാരണക്കാരന്റെ ജീവിതം നോക്കുന്നതിന്, ഈ മന്ത്രിസഭ അധികാരത്തിൽവന്ന് ആദ്യത്തെ ക്യാബിനറ്റിൽ തീരുമാനിച്ചത് കേരളത്തെ അതിദാരിദ്ര്യ മുക്തമാക്കുക എന്നതായിരുന്നു. അതിനായി അറുപത്തയ്യായിരത്തോളം വീടുകളെ അതിദാരിദ്ര്യത്തിൽനിന്നും മുക്തമാക്കുമെന്ന് തീരുമാനിച്ച്, ആ തീരുമാനവുമായി മുന്നോട്ടു പോയപ്പോൾ അതൊന്നും നടക്കാൻ പോകുന്നില്ലെന്നാണ് അന്ന് പ്രതിപക്ഷം പറഞ്ഞത്. ആ അറുപത്തായ്യായിരത്തോളം പേരെ അതിദാരിദ്ര്യത്തിൽനിന്നും മുക്തരാക്കി എന്നുമാത്രമല്ല, ലോകത്തിന്റെ ഏറ്റവും പ്രമുഖ സംഘടനകൾ,.. ലോകാരോഗ്യ സംഘടനയോ അല്ലെങ്കിൽ യു.എൻ.-ന്റെ മറ്റു ഏജൻസികളോ മാത്രമല്ല, കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസികൾപോലും ഇത് പറഞ്ഞിരുന്നു. ചൈന കഴിഞ്ഞാൽ ഒറ്റ സ്ഥലത്തേ ഇതുള്ളൂ. ചൈനയിൽ കുറച്ചുകൂടി വ്യത്യസ്തമായ

ഭരണ സംവിധാനമാണുള്ളത്. ഈ കാര്യങ്ങളെപ്പറ്റിയൊക്കെ ചർച്ച ചെയ്യാൻ പ്രതിപക്ഷം ഈ സഭയിൽ ഇല്ലാത്തതെന്തുകൊണ്ടാണ്? ബഹു. പ്രതിപക്ഷ നേതാവിന് വേറെ ആരും സംസാരിക്കുന്നത് ഇഷ്ടമല്ല. ശ്രീ. എ. പി. അനിൽ കുമാറിന്റെ കാര്യം ഞാൻ പറഞ്ഞു. ശ്രീ. രമേശ് ചെന്നിത്തല സാധാരണ നന്നായി ബജറ്റിനെ സംബന്ധിച്ച് സംസാരിക്കുന്ന അംഗമാണ്. വളരെ സീരിയസായി സംസാരിക്കുന്ന മറ്റു ചില നേതാക്കൻമാരുമുണ്ട്. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. എ. പി. അനിൽ കുമാറും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും.... മറ്റുള്ള നേതാക്കന്മാരൊന്നും സംസാരിക്കണ്ട; ഞാൻ മാത്രം സംസാരിച്ചോളാം എന്നുള്ളതുകൊണ്ടാണോ പ്രതിപക്ഷം പുറത്തിറങ്ങി പോയത്. അതൊരു സമീപനമാണോ; ഈ ബജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെവച്ചുതന്നെ എതിർത്താൽ എന്താണ് കുഴപ്പം? ചർച്ചയിൽ പങ്കെടുത്ത് എതിർക്കുകയല്ലേ പ്രതിപക്ഷം ചെയ്യേണ്ടത്. രാവിലെ വന്ന് ചർച്ച എങ്ങനെ നടത്താതിരിക്കാമെന്നാണ് ചിന്തിക്കുന്നത്. ഒരു ബജറ്റ് സെഷൻ പൂർണ്ണമായി കലക്കിയ ഇന്ത്യയിലെ പ്രതിപക്ഷമാണിവർ. ഇത്തരം സംഭവം വളരെ അപൂർവമാണ്. സമാധാനപരമായി, വേറൊരു പ്രക്ഷോഭത്തിനും

അടിസ്ഥാനമില്ലാതിരിക്കുമ്പോഴാണ് സഭാനടപടികൾ ഇങ്ങനെ സ്തംഭിപ്പിക്കുന്നത്. അല്ലാതെ എന്തെങ്കിലും പ്രക്ഷോഭമുണ്ടെങ്കിൽ ബഹളമുണ്ടാക്കാമായിരുന്നു. അതിനോടൊപ്പം ഒരുകാര്യംകൂടി സംസാരിക്കാമായിരുന്നു. കേന്ദ്ര ബജറ്റാണത്. ഇന്ന് ഈ സഭയിൽ രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചിരുന്നു. നിലവിലെ സ്ഥിതിയിൽ പറ്റുമെങ്കിൽ വീണ്ടുമൊരു പ്രമേയംകൂടി അവതരിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം ഇന്നും അവതരിപ്പിച്ചത് കേന്ദ്ര ബജറ്റിന്റെ സമീപനമാണ്. ഇന്നലെ അമേരിക്കയുമായുള്ള ഇന്ത്യയുടെ Free Trade Agreement (FTA) ഒപ്പിട്ടതായി വാർത്ത വന്നതുസംബന്ധിച്ച് പറയുമ്പോൾ, ഇതിലൂടെ കേന്ദ്രം ഇന്ത്യയെ തകർത്ത് തരിപ്പണമാക്കാൻ പോകുകയാണ്. പണ്ട് കോളനിക്കാലത്ത് ഉണ്ടായിരുന്നതിനേക്കാളും വളരെ മോശപ്പെട്ട നിയമങ്ങളാണ് ഇതിലുള്ളത്. കാർഷിക മേഖലയിൽ സാധനങ്ങൾ യഥേഷ്ടം വരികയും പ്രത്യേകിച്ച് പാൽ പോലുള്ള സാധനങ്ങൾ വരികയും ചെയ്യുമെന്നാണ് നേരത്തെ യൂറോപ്യൻ Free Trade Agreement-ന്റെ കാര്യം ചർച്ച ചെയ്തപ്പോൾ മനസ്സിലായത്. മൂന്നു വർഷംമുമ്പ് ഓസ്ട്രേലിയയിലെ ഒരു

മലയാളി വ്യവസായി വന്നപ്പോൾ പറഞ്ഞത്, അവിടെനിന്നും പാൽ ഇറക്കുമതി ചെയ്യാൻ സമ്മതിക്കുകയാണെങ്കിൽ ഇരുപത്തിയാറ് രൂപയ്ക്ക് ഒരു ലിറ്റർ പാൽ ഇവിടെ എത്തിക്കാൻ കഴിയുമെന്നാണ്. ക്ഷീരവികസന വകുപ്പ് എത്രയോ സഹായം ഈ മേഖലയിൽ ചെയ്യുന്നുണ്ട്. 52-ഉം 54-ഉം രൂപ ക്ഷീരകർഷകർക്ക് ലഭിക്കുന്നുണ്ട്. ലോക്കലായി പാൽ കൊടുത്താൽ അതിൽ കൂടുതൽ തുക കിട്ടും. ഡൊണാൾഡ് ട്രംപ് ഡയറക്ട് ചെയ്യുന്ന കാര്യങ്ങളാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്. കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി ഇന്നലെ സംസാരിക്കുന്നുണ്ടായിരുന്നു... അദ്ദേഹം സഭയ്ക്കകത്ത് പറഞ്ഞില്ല... പ്രധാനമന്ത്രി സഭയ്ക്കകത്തു പറഞ്ഞില്ല.... ഇന്ത്യയുടെ കാര്യങ്ങൾ ഇപ്പോൾ അറിയണമെങ്കിൽ ട്രംപിന്റെ ട്വിറ്റർ അല്ലെങ്കിൽ ഇപ്പോഴത്തെ എക്സ് ചാനൽ നോക്കിയാൽ മതി. ഇന്ത്യയിൽ എന്തുകാര്യമാണ് നടക്കാൻ പോകുന്നതെന്നറിയുന്നത് അമേരിക്കൻ പ്രസിഡന്റിൽനിന്നുമാണ്. അങ്ങനെ ചെയ്ത ഈ തീരുമാനത്തിന്റെ ഭാഗമായി അല്ലെങ്കിൽ ഈ കരാറുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടം ഇന്ത്യയിലെ കാർഷിക മേഖലയിൽ വലിയ ബുദ്ധിമുട്ടുണ്ടാക്കും. ബജറ്റിൽ മാത്രമല്ല അത്, അതിന്റെ റേറ്റ് 18 ശതമാനമാക്കിയെന്ന് മാത്രമല്ല, ചില സാധനങ്ങൾ സീറോ റേറ്റിൽ

ഇന്ത്യയിലേക്ക് അയയ്ക്കും. അങ്ങനെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് നികുതി ഇല്ലെങ്കിൽ എന്താണ് സ്ഥിതി? കേരളത്തെ സംബന്ധിച്ച് ഭക്ഷ്യസാധനങ്ങളും മത്സ്യവും കശുവണ്ടിയും കയറും മറ്റ് ഉല്പന്നങ്ങളുമൊക്കെ കയറ്റി അയയ്ക്കുന്നതാണ്. അതിനെയൊക്കെ സാരമായി ബാധിക്കും. ഇത് അപകടകരമായ സ്ഥിതിയാണ്. ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കാനോ ഇന്ത്യൻ പാർലമെന്റിൽ പോലും പറയാൻ പ്രധാനമന്ത്രിയും ശ്രീ. പിയൂഷ് ഗോയലിനെയും പോലെയുള്ളവർ തയ്യാറാകുന്നില്ല. അതിനനുസരിച്ച് ഒത്തിരി കഥകളും വിവാദങ്ങളും വരുന്നുണ്ട്. ഇതിന് എങ്ങനെയാണ് compell ചെയ്യിപ്പിച്ചതാണെന്നുള്ള ഗോസിപ്പുകളും ചില ഇംഗ്ലീഷ് പത്രങ്ങളിലും മറ്റും പത്രങ്ങളിലും വരുന്നുണ്ട്. അതുകൂടി ബന്ധപ്പെടുത്തി വേണം ഇന്ത്യൻ ബജറ്റിനെ കാണാൻ. 2,39,000 കോടി രൂപ വരവും ചെലവുമുള്ള ഒരു ബജറ്റാണ് കേരളത്തിൽ അവതരിപ്പിച്ചത്. സാധാരണയുള്ളതിനേക്കാൾ വലിയ jump-ആണ് നടത്തിയിട്ടുള്ളത്. സാധാരണ jump വരുന്നതിന് ഒരു അടിസ്ഥാനമുണ്ട്. അതുകൂടി ഞാൻ പറയാം. വെറുതെ ഒരു കണക്ക് എഴുതിവച്ചതല്ല. ഓരോ അഞ്ച് വർഷത്തിലും വരുന്ന ധനകാര്യ കമ്മീഷനിൽ 30 ശതമാനമൊക്കെ

ഇൻക്രീസ് വരാറുണ്ട്. അതിൽനിന്ന് കിട്ടുന്ന തുകയും ഡെഫിസിറ്റ് ഗ്രാന്റുമൊക്കെ വരും. കഴിഞ്ഞ വർഷം ഇരുപത്തയ്യായിരത്തോളം കോടി രൂപ ഒറ്റവർഷം കൊണ്ട് വർധനവുണ്ടായിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഈ വർഷം മുപ്പത്തയ്യായിരത്തോളം കോടി രൂപ വർധനവ് വരത്തക്ക വിധത്തിലുള്ള കണക്കാണ് വച്ചിട്ടുള്ളത്. അതിനകത്ത് പ്രതീഷിച്ചതിനേക്കാളും കൂടുതൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് തരുന്നില്ലെങ്കിലും ഇതെല്ലാം കൃത്യമായി ചെയ്യാൻ കഴിയുന്ന തരത്തിലുള്ള കണക്ക് നോക്കിത്തന്നെയാണ് ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബജറ്റിൽ സർക്കാർ ജീവനക്കാരുടെ ശമ്പള വർധനയും ഡി.എ.-യും ശമ്പള പരിഷ്കരണവും പെൻഷൻകാരുടെ ഡി.ആർ. വർധനയും അടക്കമുള്ള കാര്യങ്ങളാണ് ഏറ്റവും വലിയ ഉത്തരവാദിത്വമായി വരുന്നത്. അതുൾപ്പെടെ കൃത്യമായി നടത്താൻ പറ്റുന്ന തരത്തിലേയ്ക്ക് സാമ്പത്തിക കാര്യങ്ങൾ കണ്ടുകൊണ്ടാണ് ഈ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. അത് ചെയ്യാൻ പറ്റും. ഒരു ആശങ്കയും ഇക്കാര്യത്തിൽ വേണ്ട. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റ് പരിശോധിച്ചാൽ അവരുടെ ആകെ ബജറ്റിനകത്ത് വന്നിരിക്കുന്ന വരുമാന വർധനവ് ഒരു ലക്ഷം കോടി

രൂപയുടേതാണ്. കഴിഞ്ഞ വർഷത്തെ വരുമാനം 38 ലക്ഷം കോടി രൂപയായിരുന്നു. ഇപ്പോൾ 39 ലക്ഷം കോടി രൂപയായി. ഒരു ലക്ഷം കോടി രൂപയാണ് വർധിച്ചിരിക്കുന്നത്. അതിനർത്ഥം 3 ശതമാനം മാത്രമേ വർധനവുള്ളൂ. സാധാരണ 3 ശതമാനമെന്ന് പറയുന്നത് പ്രായോഗികമായി വരണമെന്നില്ല. ഫലത്തിൽ കഴിഞ്ഞ അതേ റവന്യൂ വരുമാനം തന്നെ കേന്ദ്ര ഗവൺമെന്റിന് വന്നാൽ, സാധാരണഗതിയിൽ വിലക്കയറ്റത്തിന്റെ കാര്യം കൂടി പരിഗണിച്ചാൽ ഇന്ത്യൻ നികുതി നെഗറ്റീവാകും. കാരണം ജി.എസ്.ടി. പരിഷ്കാരം ഡൊണാൾഡ് ട്രംപിന്റെ നിർദേശമനുസരിച്ചാണ് റീ-സ്ട്രക്ചർ ചെയ്തത്. ഇത് അപകടകരമാണെന്ന് അന്നേ പറഞ്ഞതാണ്. ട്രംപ് നേരത്തെ യുണൈറ്റഡ് സ്റ്റേറ്റ്സ് കോൺഗ്രസിൽ " India and Russia have bad economics because their tax rate is very bad.' എന്നൊരു സ്റ്റേറ്റ്മെന്റ് നടത്തിയിരുന്നു. ഇന്റേണൽ ടാക്സിനെയാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. താരിഫ് അല്ല. ഇന്ത്യയ്ക്കകത്തുള്ള താരിഫ്...., ഇവിടെ പുകയില ഐറ്റങ്ങൾക്കൊക്കെ 40 ശതമാനത്തിൽ കൂടുതലാണ്. പല Luxury ഐറ്റത്തിനും 28 ശതമാനമാണ് ജി.എസ്.ടി. ഇതുമുഴുവൻ കുറയ്ക്കാൻ തീരുമാനിച്ചു. അങ്ങനെ മൂന്ന് ഭാഗമാക്കി. അതിന്റെ ഭാഗമായി കഴിഞ്ഞ

മാസത്തെ കേന്ദ്ര ഗവൺമെന്റിന്റെ വരവ് കുറവാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുംകൂടി 2,32,000 കോടി രൂപയാണ് ഇതിനുമുമ്പ് ഒരുമാസം ലഭിച്ച വരുമാനം. ഇന്ത്യയിലാകെ ജി.എസ്.ടി കിട്ടിയ 2,32,000 കോടി രൂപയിൽനിന്നും ഒറ്റമാസംകൊണ്ട് 1,70,000 കോടി രൂപയായി കുറഞ്ഞു. 60,000 കോടി രൂപയാണ് ഒറ്റമാസം കൊണ്ട് കുറഞ്ഞത്. പിന്നെ എങ്ങനെയാണ് തൊഴിലുറപ്പ് പദ്ധതിക്ക് പൈസ നീക്കി വയ്ക്കാൻ കഴിയുന്നത്. അറുപതിനായിരം കോടി രൂപ ഒരുമാസം കുറഞ്ഞുവെന്നു പറഞ്ഞാൽ ആറോ ഏഴോ ലക്ഷം കോടി രൂപ കുറയുകയല്ലേ; അമേരിക്ക പറഞ്ഞതനുസരിച്ചുള്ള പരിഷ്കാരം വഴി ഏഴുലക്ഷം കോടി രൂപ വരെ കുറയുകയാണ് ചെയ്തത്. ഇത് വളരെ ഗൗരവമായ കാര്യമാണ്. കേന്ദ്രം വച്ചിരിക്കുന്ന സി.എസ്.ആർ. ഫണ്ട് സംസ്ഥാനങ്ങൾക്ക് കിട്ടുമോയെന്നുള്ളത് കണ്ടറിയണം. എല്ലാവർഷവും ഡിവിസിബിൾപൂളിൽ വകയിരുത്തുന്ന തുക ഗഡുക്കളായി ലഭിക്കുമ്പോൾ മിക്കവാറും അല്പം അധികം തുക ലഭിക്കാറുണ്ട്. കഴിഞ്ഞ വർഷം വകയിരുത്തിയിരുന്നതിൽ ഇരുപത്തിയേഴായിരം കോടി രൂപയ്ക്കുടുത്താണ് നമുക്ക് കിട്ടേണ്ടത്. ഇപ്പോൾ ഫലത്തിൽ 565 കോടി രൂപ അതിൽ നിന്നും കുറയുമെന്നാണ് അറിയുന്നത്. സാധാരണ കഴിഞ്ഞ നാല്

വർഷത്തെ എന്റെ അനുഭവം വച്ച് അവർ അനുവദിക്കുന്ന കണക്കിൽനിന്നും രണ്ടായിരത്തി അഞ്ഞൂറ് കോടി രൂപ അധികം ലഭിക്കുമായിരുന്നു. ഇത്തവണ അത് കുറയുകയാണ്. ഇന്ത്യാ ഗവൺമെന്റ് തന്നെ വല്ലാത്തൊരു സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് പോകുന്ന അവസ്ഥയാണ്. ഇത് ലോകത്താകെ ഉണ്ടാകുന്ന സ്ഥിതിയാണ്. ലോകത്താകെ സാമ്പത്തികമാന്ദ്യം വരുന്നുവെന്നുള്ളത് ചെറിയ കാര്യമാണോ? അത്തരത്തിലുള്ള കാര്യങ്ങളിൽ നിന്നുകൊണ്ടാണ് നമ്മൾ നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് ആലോചിക്കേണ്ടത്. ആരെങ്കിലും പറഞ്ഞുകൊടുക്കുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷം നുണ പ്രചരണവും ചക്കളത്തി പോരാട്ടവുമല്ല നടത്തേണ്ടത്. കേരളം എന്നു പറയുന്ന സംസ്ഥാനം ഇങ്ങനെ നിലനിൽക്കണമെങ്കിൽ, എല്ലാവർക്കും ഐക്യത്തോടുകൂടി പോകണമെങ്കിൽ, കേരളത്തിലെ ജനങ്ങളെ ഒരുമിച്ച് കൊണ്ടുപോകുന്ന സാമ്പത്തിക സമീപനവും ഭരണ സമീപനവുമാണ് വേണ്ടത്. അല്ലാതെ നുണ പറയുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ ചെയ്യില്ല. അത് നേരിട്ട് ചർച്ച ചെയ്യാൻ പ്രതിപക്ഷം തയ്യാറായില്ലെന്നുള്ളതാണ് ഞാൻ പറഞ്ഞത്. ഈ സഭയിൽ ധാരാളം കാര്യങ്ങൾ മെമ്പർമാർ ചർച്ച ചെയ്തു. ബജറ്റിന്റെ ഭാഗമായാണ് ഞാൻ

ഓരോന്നും പറയുന്നത്. ഞാൻ ഇവിടെ അവതരിപ്പിച്ചത് ആറാമത്തെ ബജറ്റാണ്. എന്റെ ആദ്യത്തെ ബജറ്റ് തൊട്ടുമുമ്പിലുള്ള വർഷത്തെ ബജറ്റിന്റെ ഒരു അപ്ഡേറ്റായിരുന്നു. ഓരോ ബജറ്റിലും എല്ലാ കാര്യങ്ങളും തുറന്നുപറഞ്ഞ് മുന്നോട്ടുപോകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സാമ്പത്തികരംഗത്ത് ധനകാര്യ വകുപ്പുമന്ത്രിയുടെ ചുമതല ഏറ്റെടുക്കുമ്പോൾ ഒരിക്കലും പ്രതീക്ഷിക്കാത്ത ചുമതലയാണ് ഏറ്റെടുക്കേണ്ടിവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും എല്ലാ വകുപ്പുകളും എല്ലാ എം.എൽ.എ.-മാരും ഉൾപ്പെടെ സഹായിച്ചതുകൊണ്ടാണ് ഓരോവർഷവും കൂടുതൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. ശരാശരി പത്തു മുതൽ പന്ത്രണ്ട് ശതമാനത്തോളം വളർച്ച നമ്മുടെ സാമ്പത്തിക രംഗത്ത് നേടാൻ കഴിഞ്ഞിട്ടുണ്ട്. ജി.എസ്.ഡി.പി. വരുമാനമുണ്ടാക്കുന്നതിനും എല്ലാ മേഖലയിലും മുന്നേറ്റമുണ്ടാക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. സി.&എ.ജി.-യുടെ കണക്കിലും റിസർവ് ബാങ്കിന്റെ കണക്കിലും... സി.&എ.ജി. ദശവർഷക്കണക്കുകൾ താരതമ്യം ചെയ്യുപ്പോൾ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ വന്നിട്ടുള്ള ഫിസ്കൽ കൺസോളിഡേഷനെപ്പറ്റി സൂചിപ്പിച്ചിരുന്നു. 1970-കളിൽ ഇന്ത്യൻ ആളോഹരി വരുമാനത്തിന്റെ

എഴുപത് ശതമാനം മാത്രമേ കേരളത്തിലുണ്ടായിരുന്നുള്ളൂ. ഇപ്പോൾ അത് ഒന്നര മടങ്ങ് വർധിച്ച് 150-160 ശതമാനമായി മാറി. അതിനുകാരണം കേരളത്തിന് മാറ്റമുണ്ടാക്കി ഓരോ വർഷവും മുന്നോട്ടുപോകുന്നതുകൊണ്ടാണ്. ഒന്നാം മന്ത്രിസഭയിലെ സി. അച്യുതമേനോൻ മുതൽ ഡോ. ടി. എം. തോമസ് ഐസക് വരെയുള്ള മന്ത്രിമാർ സ്വീകരിച്ച ഗവൺമെന്റിന്റെ നിലപാടുകൾ കൂടുതൽ ശക്തമാക്കിക്കൊണ്ട് ജനങ്ങളുടെ ജീവിതം എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നുള്ള സമീപനമാണ് ഞങ്ങൾ സ്വീകരിച്ചത്. അതനുസരിച്ച് ഓരോ മേഖലയിലും നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് മാത്രമാണ് പറഞ്ഞിട്ടുള്ളത്. എന്നെക്കുറിച്ച് എം.എൽ.എ.-മാരും മന്ത്രിമാരും പലപ്പോഴും വിമർശനങ്ങൾ ഉന്നയിക്കാറുണ്ട്. കാരണം, ചില കാര്യങ്ങൾ അല്പമൊന്ന് പിടിച്ചാണ് ചെയ്യുന്നത്. ചെയ്യാൻ കഴിയാത്ത കാര്യങ്ങളെല്ലാം കൂടി പറഞ്ഞാൽ ചെയ്യാൻ സാധിക്കില്ല. പക്ഷെ, ഓരോ ഘട്ടത്തിലും സർക്കാർ ജീവനക്കാരുടെ ഡി.എ. അനുവദിക്കുന്ന കാര്യത്തിൽ കുറച്ച് കാലതാമസം നേരിട്ടിട്ടുണ്ടെന്നത് സത്യമാണ്. ഈ സാമ്പത്തിക വർഷം 13 ശതമാനം (ബാക്ക് ലോഗ്

ഉൾപ്പെടെ) ഡി.എ.-യാണ് നൽകിയത്. അടുത്ത ഏപ്രിൽ മാസത്തോടുകൂടി അവശേഷിക്കുന്ന ഡി.എ. മുഴുവൻ നൽകുകയും ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്യും. ഒരുമിച്ച് കൊടുക്കാൻ തീരുമാനിച്ച് എല്ലാംകൂടി കൊളാപ്സ് ചെയ്യാൻ പാടില്ല. ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ മുൻ സർക്കാർ ശമ്പള പരിഷ്കരണം പ്രഖ്യാപിച്ച് നടപ്പാക്കി തുടങ്ങി. ഏപ്രിൽ 1-ാം തീയതിയാണ് ശമ്പള പരിഷ്കരണം പ്രഖ്യാപിച്ച് നടപ്പാക്കി തുടങ്ങിയത്. തിരഞ്ഞെടുപ്പ് ഏപ്രിൽ 6-ാം തീയതിയായിരുന്നു. മേയ് 20-ാം തീയതിയാണ് പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നത്. എന്നുപറഞ്ഞാൽ ആ ശമ്പളപരിഷ്കരണം നടപ്പാക്കിയത് ഈ സർക്കാർ വന്നതുകൊണ്ടാണ്. ഭരണ തുടർച്ചയില്ലായിരുന്നെങ്കിൽ...., ഇത് വളരെ അപകടമാണെന്നും ഞങ്ങളെ അപകടത്തിലാക്കാനാണെന്നുമാണ് ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചപ്പോൾ ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ 15 ശതമാനം വെട്ടിക്കുറയ്ക്കുമെന്ന് യു.ഡി.എഫ്.-ന്റെ ചില സംഘടനകൾ പറഞ്ഞു. അതുകേട്ടവരാണ് ഇവിടെയിരിക്കുന്നവർ. അതിന്റെ ഭാഗമായി പ്രതിവർഷം 30,000 കോടി രൂപയാണ് അധിക ബാധ്യതയായി വന്നത്.

അതിനൊപ്പം പഴയ ഡി.എ., ഡി.ആർ., ശമ്പള പരിഷ്കരണ കുടിശ്ശികയെല്ലാം നൽകേണ്ടിവന്നു. അതിനും ഏകദേശം തത്തുല്യമായ തുക ആവശ്യമായിവന്നു. അത് കൊടുത്തുതീർത്തു. അത് മുഴുവൻ നൽകിയതിനുശേഷമാണ് ബാക്കി ഇപ്പോൾ നൽകുന്നത്. ഇപ്പോൾ ഈ കാര്യങ്ങൾ കൃത്യമായി ചെയ്യാൻ സാധിക്കുന്ന തരത്തിലാണ്. അടുത്തവർഷത്തേയ്ക്കുള്ള ശമ്പളത്തിനുൾപ്പെടെയുള്ള ഹെഡ്ഡുകൾ പരിശോധിച്ചാൽ 96,000 കോടി രൂപ മാറ്റി വച്ചിട്ടുണ്ടെന്ന് മനസ്സിലാകും. 96,000 കോടി രൂപ എന്നുപറഞ്ഞാൽ ഡി.എ. കുടിശ്ശിക ഉൾപ്പെടെയാണ്. സർക്കാർ ജീവനക്കാർക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുമോയെന്ന ആശങ്ക ഉണ്ടായിരുന്നു. അതിൽ ഡി.എ. കുടിശ്ശിക നൽകാനുള്ള 73,000 കോടി രൂപ ഉൾപ്പെടെ 96,000 കോടി രൂപ വകയിരുത്തണമെങ്കിൽ എത്ര കോടി രൂപ അധികം വേണ്ടി വരും. 73,000 കോടി രൂപയിൽ നിന്ന് 96,000 കോടി രൂപ എന്നാൽ ഡി.എ. കുടിശ്ശികയും കുടിശ്ശികയുടെ ഒരു ഭാഗവും ഡി.എ. വർധിപ്പിച്ചതും കൊടുക്കാനുള്ള പണം അതിൽ നീക്കിവച്ചിട്ടുണ്ട്. ഓരോ മേഖലയിലെയും തുക അത്തരത്തിലാണ് നീക്കിവച്ചിരിക്കുന്നത്. അങ്ങനെ ഇക്കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്ന തരത്തിലാണ് ബജറ്റിൽ തുക

വകയിരുത്തിയിരിക്കുന്നത്. നമ്മുടെ നാട്ടിൽ ഓരോ ഘട്ടങ്ങളിലായി ചെയ്തുവന്ന ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ നിലപാടുതന്നെ തുടരാനാണ് ശ്രമിച്ചത്. ഓരോ ഗവൺമെന്റും അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. ഭൂപരിഷ്കരണം ഉൾപ്പെടെ ഈ നാട്ടിലെ ഏറ്റവും സാധാരണക്കാരുടെ ജീവിതം പ്രത്യേകമായി ശ്രദ്ധിച്ചുകൊണ്ടാണ് ഒന്നാം ഇ.എം.എസ്. മന്ത്രിസഭ മുതൽ ഇങ്ങോട്ട് തുടർന്നുപോരുന്നത്. അതിനുശേഷം സാക്ഷരതാ പ്രസ്ഥാനവും ജനകീയാസൂത്രണവും നവ കേരളമിഷനും ഉൾപ്പെടെ ഓരോ ഘട്ടത്തിലും വ്യത്യസ്തമായ വിവിധ പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി വളരെയധികം മാറ്റങ്ങൾ വന്നിട്ടുണ്ട്. കേരളത്തിൽ ആരോഗ്യരംഗത്ത് വന്നിട്ടുള്ള മാറ്റങ്ങൾ ഞാൻ എടുത്തുപറയുന്നില്ല.

കാരുണ്യ പദ്ധതിയിലൂടെ ഇന്നിപ്പോൾ 17000-ത്തിലധികം കാർഡിയോളജി പോലുള്ള സർജറി ഒരു മാസം സൗജന്യമായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. ഇക്കാര്യം ഞാൻ മുമ്പ് സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. മുമ്പ് മരുന്ന് ലഭിക്കുന്നില്ലെന്ന് പറഞ്ഞാൽ അതിനർത്ഥം മിക്സ്ചറും പാരസെറ്റാമോളും മറ്റു ഗുളികകളും ലഭിക്കാനില്ലെന്നായിരുന്നു.

എന്നാൽ ഇപ്പോൾ സർജറിയുമായി ബന്ധപ്പെട്ട് സ്റ്റെന്റ് ലഭിക്കുന്നില്ലെന്ന പരാതിയാണ് കേൾക്കുന്നത്. അതും ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ കഴിഞ്ഞ വർഷത്തേക്കാൾ 30 മുതൽ 35 ശതമാനം വരെ അതായത്, 200 കോടി രൂപ വരെ അധികം വകയിരുത്തിയിട്ടുണ്ട്. ആൻജിയോപ്ലാസ്റ്റി, കരൾ മാറ്റിവയ്ക്കൽ, ശ്വാസകോശം, ഹൃദയം മാറ്റിവയ്ക്കലടക്കമുള്ള ഓപ്പറേഷനുകൾ സർക്കാർ ആശുപത്രിയിൽ നടത്തുന്നുണ്ട്. അടുത്ത ആഴ്ച അതായത് ഫെബ്രുവരി 9-ന് കൊച്ചിയിലെ കാൻസർ സെന്ററിന്റെ ഉദ്ഘാടനം നടക്കാൻ പോവുകയാണ്. നേരത്തെ ഇത്തരം സംവിധാനങ്ങൾ തിരുവനന്തപുരത്ത് ഉണ്ടായിരുന്നെങ്കിലും മറ്റു ജില്ലകളിൽ ഉണ്ടായിരുന്നില്ല. അതിനുശേഷം മലബാർ കാൻസർ സെന്റർ വലിയ സൗകര്യങ്ങളുള്ള കാൻസർ സെന്ററായി ഉയർന്നുവന്നിട്ടുണ്ട്. റോബോട്ടിക് സർജറി വരെ അവിടെ നടത്തുന്നുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജിൽ റോബോട്ടിക് സർജറിക്ക് ഇപ്രാവശ്യം തുക നീക്കിവച്ചിട്ടുണ്ട്. കളമശ്ശേരിയിൽ ആരംഭിക്കാൻ പോകുന്ന കാൻസർ സെന്ററിനും മലബാർ കാൻസർ സെന്ററിനും റോബോട്ടിക് സർജറിക്കായി തുക വകയിരുത്തിയിട്ടുണ്ട്. താലൂക്ക് ആശുപത്രികളിലെ സൗകര്യങ്ങളും

പൊതു ആരോഗ്യരംഗത്തുള്ള സംവിധാനങ്ങളെക്കുറിച്ചും പ്രത്യേകിച്ച് എടുത്തുപറയേണ്ടതില്ല. ഇങ്ങനെ ഓരോ മേഖലയിലും കാര്യങ്ങൾ ചെയ്യുന്നതിന്റെ ഫലമായി വളരെയധികം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്തും നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഏറ്റവും അടിസ്ഥാന വിഭാഗത്തിന്റെ കാര്യങ്ങളിൽ പരിഗണന കൊടുക്കുകയെന്നുള്ളതാണ് സർക്കാരിന്റെ ഏറ്റവും പ്രധാന ലക്ഷ്യം എന്നതിൽ യാതൊരു തർക്കവുമില്ല. അടിസ്ഥാന വിഭാഗത്തിൽ നിന്നുള്ള കുട്ടികൾ എറണാകുളത്തെ വളരെ പ്രശസ്തമായ ഒരു ഐ.ടി. കമ്പനിയിൽ ജോലി ചെയ്യുന്നു. അവർ വളരെ പാവപ്പെട്ട ഉന്നതികളിൽനിന്നുള്ള ചെറുപ്പക്കാരാണ്. നമ്മുടെ നാട്ടിൽ പരമ്പരാഗത മേഖലയിൽ അവർ ചെയ്തിരുന്ന ജോലിയല്ല ഇപ്പോൾ ചെയ്യുന്നത്. വിദ്യാഭ്യാസം എല്ലാവർക്കും കൊടുക്കുന്നുണ്ട്. എല്ലാ മേഖലയിലുമുള്ളവർക്ക് വിദ്യാഭ്യാസം നൽകിയതിന്റെ ഭാഗമായുള്ള മാറ്റം സമൂഹത്തിൽ സംഭവിച്ചിട്ടുണ്ട്. ഇപ്പോൾ ഡിഗ്രി തലംവരെ സൗജന്യ വിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനം ഒന്നാം ഇ.എം.എസ്. മന്ത്രിസഭയാണ്. കയറിക്കിടക്കാൻ സ്ഥലമില്ലെങ്കിൽ ആർക്കെങ്കിലും പഠിക്കാൻ സാധിക്കുമോ; വീടിന്റെ മുറ്റത്ത് രണ്ട് വാഴ

നട്ടുകഴിഞ്ഞാൽ വാഴക്കുല വെട്ടാൻ അവസരമില്ലെങ്കിൽ ആർക്കെങ്കിലും മക്കളെ പഠിപ്പിക്കാൻ കഴിയുമോ; സ്വന്തം വീട്ടുമുറ്റത്ത് ഒരു വാഴവച്ച് അതിന്റെ കുല വെട്ടി പഴുപ്പിച്ച് തിന്നുന്ന കുട്ടികളുടെ സ്വപ്നവും അവസാനം ജന്മി ആ കുല വെട്ടിക്കൊണ്ടുവരാൻ പറയുമ്പോൾ ഒരു കൊലപാതകം ഉണ്ടായതിനേക്കാളും വലിയ വിഷമത്തോടുകൂടി പിടഞ്ഞു കരയുന്ന കുട്ടികളുടെ അച്ഛന്റെയും അമ്മയുടെയും ചിത്രം ഏറ്റവും ഹൃദ്യമായി ചങ്ങമ്പുഴയുടെ 'വാഴക്കുല' എന്ന കൃതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നില്ല. ഇതുപോലുള്ള സംഭവങ്ങളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എന്നിട്ടും ഇടതുപക്ഷത്തെ പറയുന്നല്ലോ? ആർട്സ് & സയൻസ് കോളേജിലെ ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിനുമുമ്പ് പ്ലസ് ടു തലംവരെയുള്ള വിദ്യാഭ്യാസം സൗജന്യമായിരുന്നു. ആയിരക്കണക്കിന് പാവപ്പെട്ട വിദ്യാർഥികൾക്ക് വിദേശത്ത് പോയി പഠിക്കാൻ 25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ഇടതുപക്ഷത്തിന് ഇടതുപക്ഷത്തെ നഷ്ടപ്പെട്ടത്രേ; എന്നിട്ടോ ഇടതുപക്ഷത്തിന്റെ സ്വഭാവമുള്ളതാർക്കാണ്; രാവിലെ സൂചിപ്പിച്ചതുപോലെ എല്ലാതരത്തിലുമുള്ള തെറ്റുകളും കുറ്റങ്ങളും

വൃത്തികേടുകളും കാണിക്കുന്ന യു.ഡി.എഫ്.-കാരാണ് ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഓരോ മേഖലയിലും സർക്കാർ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ യു.ഡി.എഫ്. എന്താണ് ചെയ്തത്; എന്തെങ്കിലും ആത്മാർത്ഥത കേരളത്തിലെ ജനങ്ങളോട് നിങ്ങൾക്കുണ്ടോ? ഇന്ത്യൻ പാർലമെന്റിൽ കേന്ദ്രമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമന്റെ പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ ട്രെയിനുകളുടെ കാര്യം പറഞ്ഞപ്പോൾ 'കേരളം കേരളം' എന്നുവിളിക്കുന്നത് ഞാനും കേട്ടു. ആമ മുട്ടയല്ലാതെ മറ്റൊന്നും കേരളത്തിന് ലഭിച്ചില്ലെന്നാണ് ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ ചൂണ്ടിക്കാട്ടിയത്. ഇന്ത്യയ്ക്കാകെ ആമ മുട്ടയാണ് ലഭിച്ചത്. കഴിഞ്ഞ പ്രാവശ്യം 'മഖാന' കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി പ്രഖ്യാപിച്ചു. മഖാന എന്നുപറഞ്ഞാൽ താമരക്കുരുവിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഒരു ലൈറ്റ് ഫുഡ്ഡാണ്. ഡയറ്റ് നോക്കുന്നവരാണ് ഇതുപയോഗിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം താമരക്കുരുവാണെങ്കിൽ ഇപ്രാവശ്യം കടലാമകൾക്കാണ് പ്രാധാന്യം ലഭിച്ചിരിക്കുന്നത്. ശുദ്ധജലത്തിലെ ആമയ്ക്കൊന്നുമില്ല. എന്തായാലും നല്ല പരിസ്ഥിതി സ്നേഹമാണ്, ഞാൻ അതിനെ കുറ്റം പറയുന്നതല്ല. എത്രയെത്ര പദ്ധതികൾ

നമ്മൾ ചോദിച്ചു. എന്തെങ്കിലും ഒരു പദ്ധതി അനുവദിച്ചോ? ഏഴ് റെയിൽവേ ഇടനാഴികൾ അനുവദിച്ചു. ഏഴ് റെയിൽവേ ഇടനാഴികൾ വരുമ്പോൾ ഏറ്റവും ന്യായമായി വിഴിഞ്ഞത്തിനും അനുവദിക്കേണ്ടതല്ലേ? ലോകത്തിലെ ഏറ്റവും വലിയ തുറമുഖങ്ങളിലൊന്നാണ് വിഴിഞ്ഞം. വിഴിഞ്ഞത്തിന്റെ സൗകര്യം ഇനിയും വർധിപ്പിക്കാനുണ്ട്. മൂന്ന് ലക്ഷം ടൺ വരെ കപ്പാസിറ്റിയുള്ള വലിയ കപ്പലുകൾക്ക് നങ്കൂരമിടാൻ സാധിക്കുന്ന തുറമുഖമാണിത്. അവിടെ ഒരു മദർഷിപ്പ് നിർമ്മിക്കുന്ന പോർട്ട് ചോദിച്ചിരുന്നു, ഡിഫെൻസിന്റെ ഒരു ഇൻഡസ്ട്രി കോറിഡോർ ചോദിച്ചു. മിനറലിന്റെ കാര്യം വളരെ സ്പെസിഫിക്കായിട്ടാണ് ചോദിച്ചിരുന്നത്. വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഇക്കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. ലോകത്ത് ഇന്ന് ഏറ്റവും അത്യപൂർവമായ മൂലകമാണ് മാഗ്നെറ്റ് ഉണ്ടാക്കാൻ കഴിയുന്ന റെയർ എർത്ത്. ചൈനയിലാണ് ഇപ്പോൾ ഈ മാഗ്നെറ്റ് ഉണ്ടാക്കുന്നത്. മാഗ്നെറ്റ് ലഭ്യമാകാത്തതുകൊണ്ട് അമേരിക്കയിലെയും യൂറോപ്പിലെയും മറ്റ് ഇ.വി. ഇൻഡസ്ട്രികളും തടസ്സം നേരിടുന്നു. മാഗ്നെറ്റ് ഉണ്ടാക്കാൻ കഴിയുന്ന അത്രയും നല്ല റെയർ എർത്താണുള്ളത്. തോറിയവും മോണോസൈറ്റും എല്ലാം ഇവിടെയുണ്ട്. കൽക്കരിയും ഇരുമ്പയിരും ബോക്സൈറ്റും റെയർ എർത്താണ്.

പക്ഷെ, ഒരു കയ്യിലെടുക്കുന്ന സാധനം ഉത്പാദിപ്പിച്ചുകഴിഞ്ഞാൽ സ്വർണ്ണത്തിന്റെ മൂല്യമുള്ള അത്രയും ഉയർന്ന ക്വാളിറ്റിയുള്ളതാണ് റെയർ എർത്ത്. ആ റെയർ എർത്തിൽനിന്നും മാഗ്നെറ്റ് ഉണ്ടാക്കാൻ കഴിയുമെങ്കിൽ അത് വലിയ സാധ്യതയാണ്. അതിനായി ടെക്നോളജിയുടെ സഹായസഹകരണങ്ങൾ വേണ്ടിവരും. മാഗ്നെറ്റ് ഉണ്ടാക്കാൻ കഴിയുമെങ്കിൽ അത് വലിയ സാധ്യതയായതിനാലാണ് റെയർ എർത്ത് കോറിഡോർ നിർദേശിച്ചത്. അല്ലാതെ ഇവിടെ നിന്ന് റെയർ എർത്ത് ട്രെയിനിൽ കയറ്റി അയയ്ക്കാനല്ല ഉദ്ദേശിച്ചത്. അത് 50-70 വർഷംമുമ്പ് ചെയ്തുകൊണ്ടിരുന്നതാണ്. ആ റെയർ എർത്ത് കോറിഡോറിനുപകരം കേന്ദ്രം ഉദ്ദേശിച്ചതെന്താണെന്നറിയില്ല; നമ്മൾ ഉദ്ദേശിച്ചത് ഇതാണ്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ.) ഉണ്ടോ? കെ.എം.എം.എൽ.-ന്റെയടുത്തുതന്നെ ബാക്കി തിരുവനന്തപുരത്തും വിഴിഞ്ഞത്തും തുടങ്ങി എറണാകുളം വരെയുള്ള മേഖലകളിൽ ചെയ്യാനുള്ള കാര്യമാണ് പറഞ്ഞത്. ഇത്തരം കാര്യങ്ങൾ ചോദിച്ചിട്ട് അതിനൊന്നും പണമില്ലെന്നുമാത്രമല്ല എല്ലാത്തിന്റേയും തുക കുറയ്ക്കുകയും ചെയ്തു. ഞാൻ ഓരോന്നിന്റെയും കണക്കെടുത്തുപറയുന്നില്ല.

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കാർഷിക മേഖലയിൽ പ്രത്യേകം ശ്രദ്ധിക്കുന്നയാളാണ്. യൂറിയ, വളം, ഭക്ഷ്യധാന്യങ്ങൾ എന്നിവയുടെയെല്ലാം സബ്സിഡി കുറച്ചു. ആരോഗ്യമേഖലയുടെയും സർവ്വശിക്ഷാ അഭിയാന്റെയും തുക കുറച്ചു. ഇത്തരത്തിൽ എല്ലാ മേഖലകളിലും കേന്ദ്രം തുക കുറച്ചുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞത്തേക്ക് ഒരു കോറിഡോർ ട്രെയിൻ തരണമെന്നുപറഞ്ഞത് എന്തുകൊണ്ടാണ്? ലോകത്തിലെ എല്ലാ വലിയ നഗരങ്ങളും പോർട്ടിനുചുറ്റുമാണ് ഡെവലപ് ചെയ്തിരിക്കുന്നത്. പോർട്ടിനടുത്ത് ഇങ്ങനെയൊരു സംവിധാനം ഉണ്ടെങ്കിൽ അവിടുന്ന് ഡൽഹിയിലേക്കടക്കം മറ്റെല്ലാ സ്ഥലത്തേക്കും സാധനങ്ങൾ കയറ്റി അയയ്ക്കുന്നതിനും കൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്. ഇതൊന്നും അനുവദിക്കുന്ന സമീപനമുണ്ടായില്ല. ആകെ ഏഴ് റെയിൽവേ ഇടനാഴികൾ അനുവദിച്ചെങ്കിലും അതിൽ കേരളം ഉൾപ്പെട്ടിട്ടില്ല. എങ്കിലും കേരളം അത്തരം കാര്യങ്ങളിൽ പുറകോട്ട് പോകാനല്ല ഉദ്ദേശിച്ചിരിക്കുന്നത്. തിരുവനന്തപുരത്തും കോഴിക്കോട്ടും മെട്രോയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഞങ്ങൾ ബജറ്റിൽ RRTS

(Regional Rapid Transit System)-ന്റെ കാര്യം പറഞ്ഞിട്ടുണ്ട്. ഏതുതരത്തിലുള്ള ട്രെയിൻ ആയാലും തിരുവനന്തപുരത്തുനിന്നും കണ്ണൂർ, കാസർഗോഡ് ജില്ലകളിലേക്ക് നാല് മണിക്കൂറിനകം എത്താൻ കഴിയുന്ന സംവിധാനമുണ്ടാകണം. വന്ദേഭാരത് ട്രെയിൻ വന്നപ്പോൾ മഞ്ഞക്കുറ്റി പിഴുതെടുക്കാൻ വന്നവരൊക്കെ ഇപ്പോൾ അതിലാണ് പോകുന്നത്. മഞ്ഞക്കുറ്റി ഇട്ടു, മഞ്ഞക്കുറ്റി എന്തോ വലിയൊരു കുറ്റിയാണൊന്നൊക്കെ എന്തൊരു പ്രചരണമായിരുന്നു. എന്നാലിപ്പോൾ വന്ദേഭാരത് ട്രെയിനുണ്ടെങ്കിൽ അതാണ് ബുക്ക് ചെയ്യാൻ നോക്കുന്നത്. അതിനേക്കാൾ അല്പംകൂടി വേഗതയുള്ള ട്രെയിൻ വരികയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനുള്ള പദ്ധതി സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ ഒന്നാംഘട്ടം തിരുവനന്തപുരത്തുനിന്ന് തൃശ്ശൂർ വരെയും രണ്ടാംഘട്ടം തൃശ്ശൂരിൽനിന്ന് കോഴിക്കോട് വരെയും മൂന്നാംഘട്ടം കോഴിക്കോടുനിന്നും കണ്ണൂർ വരെയും നാലാംഘട്ടം കണ്ണൂരിൽനിന്നും കാസർഗോഡ് വരെയുമാണ്. അത് നടപ്പാക്കുന്നതിന് ഒരു പ്രത്യേകതയുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ ഉപരിതല ഗതാഗതവകുപ്പുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് കേന്ദ്ര വകുപ്പുമന്ത്രിയുമായി

പ്രാഥമികതല ചർച്ച നടത്തിയപ്പോൾ പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി പരിശോധിക്കണമെന്ന് പറഞ്ഞിരുന്നു. മെട്രോ റെയിൽ സംവിധാനവുമായി ഇന്റർ ലിങ്ക് ചെയ്തുകൊണ്ടുള്ള പദ്ധതിയാണിത്. മെട്രോയ്ക്ക് സ്റ്റാൻഡേർഡ് ഗേജ് ആണെന്നതാണ് അതിന്റെ പ്രത്യേകത. ഇപ്പോൾ മീററ്റിൽനിന്ന് ഡൽഹിയിലേക്കുണ്ട്. ഡൽഹിയിലെ മെട്രോ ലൈനിൽക്കൂടി പോയതിനുശേഷം അവിടെനിന്നും സ്റ്റാൻഡേർഡ് ഗേജിൽക്കൂടി മീററ്റിൽ പോയി അവിടത്തെ മെട്രോയിൽ തന്നെ ഓടാം. അതിനാൽ എല്ലാ സ്ഥലത്തുനിന്നും കയറാനും ഇറങ്ങാനും സാധിക്കുന്ന രീതിയിലുള്ള കണക്ടിവിറ്റിയാണുള്ളത്. ഇതുസംബന്ധിച്ച് പുതിയ ആശയങ്ങൾ വന്നാലും പ്രശ്നമില്ല. എന്തായാലും നിലവിൽ അതുമായി മുന്നോട്ടുപോകാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

കേരളത്തിലെ നാഷണൽ ഹൈവേയുടെ കാര്യം എപ്പോഴും പറയുന്നതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. നടപ്പാക്കാൻ സാധിക്കുകയില്ലെന്ന് കരുതിയ നാഷണൽ ഹൈവേകൾ നടപ്പാക്കപ്പെടുന്നു. നാഷണൽ ഹൈവേ വികസനത്തിന് സംസ്ഥാനം തുക നൽകണമെന്ന് കേന്ദ്രം നിർബന്ധിച്ചപ്പോൾ പണം ഇല്ലാതിരുന്നിട്ടുപോലും സംസ്ഥാനം

തുക നൽകി പദ്ധതി പൂർത്തീകരിച്ചു. ഇത്തരത്തിൽ ഓരോ മേഖലയിലെയും അടിസ്ഥാന സൗകര്യവികസനത്തിനോടൊപ്പം ആശുപത്രികൾ അങ്കണവാടികൾ, പ്രായമായവരുടെ സംരക്ഷണത്തിനുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. സംസ്ഥാന സർക്കാർ ഇതെല്ലാം ചെയ്യുമ്പോഴും കേന്ദ്രസർക്കാർ അതിലൊന്നും ഇടപെടാൻ ശ്രമിക്കുന്നില്ല. ഞങ്ങൾ ഇക്കാര്യങ്ങൾ ഉന്നയിക്കുന്നത് എവിടെയാണ്? ഞങ്ങൾക്ക് കത്തയയ്ക്കാം, സമരം ചെയ്യാം, ബഹു. സുപ്രീം കോടതിയിൽ പോകാം. കേന്ദ്രത്തിന്റെ നിലപാടിനെതിരെ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്ത ഒരൊറ്റ സംസ്ഥാനമേയുള്ളൂ. ഗവർണർ ഇവിടെ പ്രസംഗിച്ചപ്പോഴും സംസ്ഥാനത്തിന്റെ നിലപാട് ഞങ്ങൾ അറിയിച്ചു. എന്നാൽ ഇടതുപക്ഷം ബി.ജെ.പി.-യെ താങ്ങുകയാണെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. ബി.ജെ.പി.-യെ താങ്ങിനിൽക്കാനാണെങ്കിൽ അവർക്കെതിരെ ബഹു. സുപ്രീം കോടതിയിൽ കേസ് നടത്തുമോ? അങ്ങനെ കേസ് കൊടുത്തതിനുശേഷം കേരളത്തിന് വേണ്ടത്ര പണം അനുവദിച്ചിട്ടില്ല. ഓരോ പ്രാവശ്യവും ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനും വകുപ്പുദ്യോഗസ്ഥരും കേന്ദ്രത്തെ സമീപിക്കുമ്പോൾ,

നിങ്ങൾ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസ് പിൻവലിച്ചാൽ ഇത്രയും ബുദ്ധിമുട്ടുണ്ടോയെന്നാണ് അവർ ചോദിക്കുന്നത്. കേസ് പിൻവലിക്കാൻ സാധിക്കില്ല, കാരണം ടി കേസ് ഇപ്പോൾ കോൺസ്റ്റിറ്റ്യൂഷൻ ബഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്. എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട പി.എം.ശ്രീ. പദ്ധതിയുൾപ്പെടെ പല പദ്ധതികൾക്കുമായി 5600 കോടി രൂപ ഈ സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കാനുണ്ട്. കേരളത്തിൽനിന്നും ഇടതുപക്ഷ മുന്നണിയെ പ്രതിനിധീകരിച്ച് മുൻ സ്പീക്കറായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ മാത്രമാണുള്ളത്. തൃശ്ശൂർ എം.പി. ഉൾപ്പെടെ ബാക്കി 19 പേരും യു.ഡി.എഫ്.-നുവേണ്ടിയും ഭരണകക്ഷിക്കുവേണ്ടിയും നിൽക്കുന്നവരല്ലേ? കേരളത്തിന്റെ പ്രശ്നങ്ങൾ പാർലമെന്റിൽ ഉന്നയിക്കേണ്ടതല്ലേ? ഇന്നലെ പാർലമെന്റ് സമ്മേളനമുണ്ടായല്ലോ; അവിടെ പറഞ്ഞിട്ട് എവിടെയാണ് ഇറങ്ങിപ്പോയത്? കേരളത്തെയും കേരളത്തിന്റെ പൊതുപ്രശ്നങ്ങളെയും സംബന്ധിച്ച് ഇവരിൽ ആരെങ്കിലും പാർലമെന്റിൽ സംസാരിച്ചിട്ടുണ്ടോ? നാളെ അധികാരത്തിൽ വരുമ്പോൾ ഞങ്ങളിതൊക്കെ ചെയ്തോളാമെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? അധികാരത്തിൽ ആര് വരണമെന്നും വരണ്ടെന്നും

തീരുമാനിക്കുന്നത് ജനങ്ങളാണ്. ഒരു കാര്യം ഉറപ്പാണ്.... യു.ഡി.എഫ്. ഭരണകാലത്ത് 18 മാസക്കാലത്തെ ക്ഷേമ പെൻഷൻ കൊടുത്തില്ലെന്ന അനുഭവം കേരളത്തിനുണ്ടല്ലോ? പിന്നെ എന്ത് പറയുന്നതിനും മടിയൊന്നും ഇല്ലാത്തവരാണവർ.

ഞാൻ വിദ്യാർഥിയായിരുന്ന കാലത്ത് പത്രത്തിൽവന്ന കെ. കരുണാകരന്റെ ഒരു ചിത്രം ഇപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നുണ്ട്; കെ. കരുണാകരനെതിരെ അതിശക്തമായ സമരം ഞങ്ങളെല്ലാം നടത്തിയിട്ടുണ്ട്, ജയിലിൽ പോയിട്ടുണ്ട്; ലാത്തി ചാർജ്ജ് നേരിട്ടിട്ടുണ്ട്, വലിയ തോതിൽ പരിക്കുപറ്റിയിട്ടുണ്ട്. എന്നാൽ കെ. കരുണാകരൻ എന്ന മനുഷ്യനോട് ബഹുമാനക്കുറവൊന്നും ഞങ്ങൾക്കില്ല. ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കുറിച്ചും മറ്റും വഴിയിൽ പ്രസംഗിച്ചതുപോലെ ഞങ്ങൾ പ്രസംഗിക്കാറില്ല, പ്രസംഗിക്കുകയുമില്ല. മുമ്പ് ഒരു വിദ്യാഭ്യാസ പ്രശ്നവുമായി ബന്ധപ്പെട്ട് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇ. ടി. മുഹമ്മദ് ബഷീറിനെ ഞാനും സഖാവ് പി. രാജീവും ചേർന്ന് തടഞ്ഞിട്ടുണ്ട്. തടഞ്ഞുവെന്ന് പറഞ്ഞാൽ ചർച്ചയ്ക്കുപോയി ഞങ്ങൾ അവിടെ കുത്തിയിരുന്നു.

ഞങ്ങളെ പിടിച്ചുപൊക്കി തൂക്കിയെടുത്തുകൊണ്ടാണ് പോയത്. എ.ഐ.എസ്.എഫ്.-ന്റെ സംസ്ഥാന ഭാരവാഹികളെല്ലാം അന്നവിടെയുണ്ടായിരുന്നു. കുറ്റം പറയരുതല്ലോ, ശ്രീ. മോൻസ് ജോസഫും ഞങ്ങളുടെകൂടെ അന്ന് സമരസമിതിയിലും നിരാഹാരത്തിനുമുണ്ടായിരുന്നു. കൂത്തുപറമ്പ് വെടിവയ്പ്പ് സമയത്ത് ശ്രീ. വി. എസ്. സുനിൽകുമാർ, ശ്രീ. മോൻസ് ജോസഫ് ഉൾപ്പെടെ ഞങ്ങളെല്ലാം അന്ന് നിരാഹാരം കിടക്കുകയാണ്. കെ. കരുണാകരൻ അതിശക്തമായി ഞങ്ങളെ നേരിട്ടു. അന്നത്തെ ലാത്തി ചാർജിൽ ഇന്നത്തെ വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള എല്ലാ നേതാക്കന്മാർക്കും പരിക്കുപറ്റുകയുണ്ടായി. കൂത്തുപറമ്പ് വെടിവയ്പ്പ് ഉൾപ്പെടെയുള്ള സംഭവങ്ങളിലെല്ലാം ഞങ്ങൾ സമരം ചെയ്തു. പക്ഷേ, വ്യക്തിപരമായി ആരെയും മോശപ്പെടുത്തി പറഞ്ഞിട്ടില്ല. അന്ന് വന്നൊരു ചിത്രത്തിന്റെ കാര്യം ഞാൻ സൂചിപ്പിച്ചല്ലോ? കെ. കരുണാകരൻ ഒരു ദൂശനിലയിൽ ഇഡ്ഡലി കഴിക്കുന്നു. അതിൽനിന്നുതന്നെ അന്നത്തെ യൂത്ത് കോൺഗ്രസ് നേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തല ഒരു കൈകൊണ്ട് ഇഡ്ഡലി പൊട്ടിച്ച് തിന്നുന്നു. ഏതാനും മാസങ്ങൾ കഴിഞ്ഞില്ല, ആ ഇഡ്ഡലി കഴിച്ച്

പൂർണ്ണമായി ദഹിച്ച് അതിന്റെ ഗുണം രക്തത്തിൽനിന്നും പോയില്ല. നമ്മുടെ ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് അന്ന് കുറച്ചുകൂടി ജൂനിയറായിരുന്നു. ഇവരെല്ലാവരും ചേർന്ന് തിരുത്തൽവാദികളായി ആശുപത്രിയിൽ അബോധാവസ്ഥയിൽ കിടക്കുന്ന ഒരു മനുഷ്യനെ ആ സമയത്ത് ആക്രമിക്കാനും ഇല്ലാതാക്കാനും ശ്രമിച്ചത് ശരിയല്ല. കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വഞ്ചനയുടെയും ചതിയുടെയും കാര്യം ഓർമ്മിപ്പിക്കാൻവേണ്ടി ഞാൻ ഇക്കാര്യം പറഞ്ഞുവെന്നേയുള്ളൂ. ഇപ്പോൾ ഇവർ വലിയ ന്യായം പറയുകയാണല്ലോ? കഴിഞ്ഞ തിരഞ്ഞെടുപ്പിന്, അഞ്ച് വർഷം മുമ്പ് ഞങ്ങളൊന്നും അന്ന് എം.എൽ.എ.-മാരല്ല. അന്നിവർ എന്തൊക്കെയാണ് പറഞ്ഞത്. കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഈന്തപ്പഴത്തിന്റെ കുരു സ്വർണംകൊണ്ടാണെന്ന് പ്രചരിപ്പിച്ച് വിശ്വസിപ്പിക്കാൻ ശ്രമിച്ചില്ലേ? ബഹു. മുഖ്യമന്ത്രിയുടെ വീട്ടിൽ കൊണ്ടുവന്ന ബിരിയാണി ചെമ്പിൽ സ്വർണ്ണം പൂശിയാണ് കൊണ്ടുവന്നതെന്ന് പറഞ്ഞില്ലേ; ഇങ്ങനെയെല്ലാം പറഞ്ഞാൽ കുറേ ആളുകൾ വിശ്വസിക്കില്ലേ? എംബസിയിൽ നിന്നും ഡോ. കെ. ടി. ജലീലിന് ലഭിച്ച ഖുർ-ആൻ-ൽ സ്വർണ്ണം വച്ചിരുന്നു എന്നുപറഞ്ഞില്ലേ; ഇതെല്ലാം കേരളത്തിൽ നടന്ന

സംഭവങ്ങളല്ലേ; അതെല്ലാം ഇപ്പോൾ എവിടെപോയി? ഇത് വീണ്ടും ഓർമ്മിപ്പിക്കാൻ വേണ്ടി പറയുകയാണ്. ഇവർ ഇതല്ല ഇതിനപ്പുറവും ചെയ്യും.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യത്തോടുചേർത്ത് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, കഴിഞ്ഞ കുറേ ദിവസങ്ങളിലായി സഭാ നടപടികൾ സ്തംഭിപ്പിച്ച് വളരെ മോശമായ പ്രകടനമാണ് പ്രതിപക്ഷം ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് വളരെ ശ്രദ്ധേയമായ ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. എസ്.ഐ.റ്റി.-യിൽ പൂർണ്ണമായ വിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിലപാട് സ്വീകരിച്ചിരിക്കുന്നു. എന്നുമാത്രമല്ല, ഡിവിഷൻ ബഞ്ച് ഓപ്പൺ കോർട്ടിൽ പറഞ്ഞത് കുത്തുകേസിൽ കുറ്റപത്രം കൊടുക്കുന്ന വേഗതയിൽ കുറ്റപത്രം കൊടുക്കാവുന്ന കേസല്ലെന്നും ഇതിന്റെ എല്ലാ വശങ്ങളും പരിശോധിക്കണമെന്നുമാണ്. ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച ഉദ്യോഗസ്ഥരുടെ ടീമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ പൂർണമായും എസ്.ഐ.റ്റി.-യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള കണ്ടെത്തലുകൾ

ഇന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിലുണ്ടായെന്ന കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതുപോലെ ഇവർ ഉയർത്തിപ്പിടിച്ചുകൊണ്ടിരിക്കുന്ന ചില ഉത്തരവുകളുടെ തെറ്റായ രീതികളെക്കുറിച്ചുൾപ്പെടെ ഇന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ നാടിനെയാകെ ബാധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്ന ബജറ്റ് സമ്മേളനം അലങ്കോലമാക്കിയതിന് കേരളത്തോട് മാപ്പ് പറയാൻ പ്രതിപക്ഷം തയ്യാറാകണമെന്നുകൂടി ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അദ്ദേഹം പറഞ്ഞത് ഇപ്പോഴത്തെ കാര്യമാണ്. കെ. കരുണാകരന്റെ കാലത്ത് ഞങ്ങളൊക്കെ വിശ്വസിച്ചിരുന്ന കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ തിരഞ്ഞെടുപ്പ് സമയത്ത് ഒരു പ്രത്യേക ആസൂത്രിത ഏജൻസി വന്ന് ആയിരക്കണക്കിന് ഹാൻഡിലുകൾ ഓപ്പൺ ചെയ്ത് എല്ലായിടത്തും കഥയുണ്ടാക്കുകയാണ്. ഗീബൽസിയൻ തന്ത്രമാണ്, അതിന് ഇവർക്ക് പണമുണ്ട്. ആ ഗീബൽസിയൻ തന്ത്രത്തിൽ ഇപ്പോഴത്തെ ഗവൺമെന്റിനെപ്പറ്റി പറയുന്നുണ്ടല്ലോ; നേരത്തെ

സ്വർണ്ണക്കഥകൾ പറഞ്ഞല്ലോ; അതുകഴിഞ്ഞ് എന്താണ്? ഇന്ത്യയിലെ ജനാധിപത്യത്തിനകത്ത് ഇങ്ങനെ ഇല്ലാത്ത കാര്യങ്ങൾ പറയുന്ന, കള്ളത്തരം പറയുന്ന ആളുകളെ പിടിക്കാൻ ഒരു വകുപ്പുമില്ല. അതാണ് ഏറ്റവും വലിയ പ്രശ്നം. ഇല്ലാത്ത കാര്യങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞ് ഒരു ഇളിഭ്യച്ചിരിയോടെ ഇരിക്കുന്നതിന് യാതൊരു മടിയുമില്ല. അതിനെപ്പറ്റി ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരവുമില്ല. അഞ്ചുവർഷം മുമ്പ് അവർ പറഞ്ഞകാര്യങ്ങൾ കേരളത്തിലെ ജനങ്ങൾക്കുമുമ്പിൽ ഓർമ്മിപ്പിക്കുകയാണ്. അന്ന് എന്തൊരു വിവാദമായിരുന്നു. അവർ ഇതല്ല ഇതിനപ്പുറവും ചെയ്യും. ഇതൊക്കെ ചെറിയ കാര്യമല്ലേ?

കെ. കരുണാകരനെതിരെ ചാരക്കേസ് നടന്ന സമയത്ത് ഞങ്ങളൊക്കെ വിദ്യാർഥികളാണ്. ആ ചാരക്കേസിൽ അന്നത്തെ ഡി.ജി.പി.-ക്ക് ഉൾപ്പെടെയുണ്ടായ അനുഭവം നമുക്കറിയാം. ഡി.ജി.പി. അതിലുൾപ്പെട്ടിട്ടില്ല, അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്ന് കെ. കരുണാകരൻ പറഞ്ഞതിനെത്തുടർന്നാണ് അഖിലേന്ത്യാകേന്ദ്രം/എ.ഐ.സി.സി. നേതൃത്വം ഉൾപ്പെടെ ഇടപെട്ട് കെ. കരുണാകരന് രാജിവയ്ക്കേണ്ട

അവസ്ഥയുണ്ടായത്. അദ്ദേഹത്തെപ്പോലെ അത്രയുംകാലം പ്രവർത്തിച്ച ഒരാളെ ഏറ്റവും അപമാനിതനാക്കിയെ സ്വന്തം ശിക്ഷ്യന്മാർ.... എന്നെ നിങ്ങളിലൊരാൾ തള്ളിപറയുമെന്ന് യേശുദേവൻ അന്ത്യത്താഴ വിരുന്നിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ അന്ത്യത്താഴ സദ്യയല്ല നടന്നത്. നിങ്ങളിലൊരാൾ തള്ളിപറയുമെന്നല്ല, നിങ്ങളിലെല്ലാവരും തിരുത്തൽവാദികളായി കോൺഗ്രസുകാരും കോൺഗ്രസ് (എ) ഗ്രൂപ്പുകാരും തള്ളിപ്പറയുമെന്ന് കെ. കരുണാകരൻ പറഞ്ഞില്ല. പക്ഷെ അതാണ് ചെയ്തത്. ജനങ്ങളുടെ മുമ്പിൽ ഇവർ പറയട്ടെ, ഇവർ എന്ത് കള്ളത്തരവും വഞ്ചനയും കാണിക്കട്ടെ, എന്തു നാടകവും കാണിക്കട്ടെ, ആ വഞ്ചന കാണിച്ചതിന്റെ ചരിത്രത്തിൽ നിന്നാണ് ഇങ്ങോട്ടുവരുന്നത്. സ്വന്തം വീട്ടിൽ, സ്വന്തം കാര്യത്തിൽ വഞ്ചന കാണിക്കാനും പിന്നിൽനിന്ന് കുത്താനും മടിയില്ലാത്ത ആളുകളെക്കുറിച്ച് പറഞ്ഞിട്ടെന്താണ് കാര്യം? ഗവൺമെന്റ് ഇവിടെ ചർച്ച ചെയ്യാൻ തയ്യാറായാൽ ഇതിനെല്ലാം മറുപടി പറയേണ്ടിവരും. സർക്കാർ ബജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തെറ്റാണെന്ന് പറയാൻ കഴിയുമോ? ഇന്ത്യയിൽ ഇത്രയും അപകടകരമായ സ്ഥിതി നിലനിൽക്കുമ്പോൾ കേരളത്തിൽ ഇങ്ങനെയൊരു നിലപാടല്ല അവർ സ്വീകരിക്കേണ്ടിയിരുന്നത്.

ഞങ്ങളൊക്കെ സമരങ്ങളിലും പ്രക്ഷോപങ്ങളിലുംകൂടിയാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിലേക്ക് പ്രതിപക്ഷാംഗങ്ങൾ കയറാൻ ശ്രമിച്ചതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഡയസിൽ ആരും കയറിയില്ലെന്ന് ബഹു. പ്രതിപക്ഷനേതാവ് പറഞ്ഞു. മലയാളമനോരമ പത്രത്തിലുൾപ്പെടെ ചാടിക്കയറുന്നതിന്റെ ചിത്രമുണ്ട്. മോർഫ് ചെയ്യുന്ന ചിത്രങ്ങളൊന്നും ഇവിടെനിന്നും കൊടുക്കില്ലല്ലോ; മോർഫ് ചെയ്ത് കൊടുത്തതല്ലല്ലോ? ഇത്രയും നല്ല ചാട്ടക്കാരന്, എം.എൽ.എ.-മാരുടെ സ്പോർട്സ് അല്ലാത്തൊരു സ്പോർട്സ് നടത്തിയാലും ആ ബഹുമാനപ്പെട്ട മെമ്പറിന് നല്ലൊരു ചാട്ടക്കാരനായി സമ്മാനം ലഭിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. സാധാരണ ഒരു പ്രക്ഷോഭമുണ്ടാകുമ്പോൾ നമ്മൾ ചാടുകയും കയറുകയുമൊക്കെ ചെയ്യും. ഞങ്ങളും പ്രക്ഷോഭത്തിലൂടെ വന്നവരാണ്, ഞങ്ങൾ ഒന്നിലും പിന്നോട്ട് മാറിയിരുന്നില്ല. കൂത്തുപറമ്പ് വെടിവയ്പ്പ് സംഭവം ഞാൻ ഓർക്കുകയാണ്. എസ്.എഫ്.ഐ.-യുടെ അഖിലേന്ത്യാ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായിരുന്ന സഖാവ് സുധീഷ് ആർ.എസ്.എസ്. പ്രവർത്തകരാൽ വളരെ പൈശാചികമായി കൊല്ലപ്പെട്ട സംഭവമുണ്ടായി. ആ

രക്തസാക്ഷിദിനം കഴിഞ്ഞ് രണ്ടാഴ്ചയ്ക്കകമായിരുന്നു കണ്ണൂർ ജില്ലാ സമ്മേളനം. കണ്ണൂർ ജില്ലാ സമ്മേളനത്തിൽ സ്റ്റേറ്റ് സെന്ററിൽനിന്നും പങ്കെടുക്കേണ്ട ആളായിരുന്നു ഞാൻ. ഞങ്ങൾ ആ സമ്മേളനം നടത്തുമ്പോൾ അവിടെ നിരോധനാജ്ഞയാണ്. നിരോധനാജ്ഞയായതിനാൽ ആ സമ്മേളന യോഗത്തിൽ പങ്കെടുത്ത മുഴുവൻ ആളുകളെയും പൊലീസ് അറസ്റ്റ് ചെയ്തു. വരുന്ന വഴിയിൽ പൊലീസ് അറസ്റ്റുചെയ്തതിനാൽ കുറെപേർക്ക് സമ്മേളനസ്ഥലത്ത് എത്തിച്ചേരാൻപോലും സാധിച്ചില്ല. സമ്മേളനസ്ഥലത്ത് വന്ന ആളുകളെ മുഴുവൻ അറസ്റ്റുചെയ്ത് പൊലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. അവിടെ വച്ചാണ് ആ സമ്മേളനം നടന്നത്. ഞങ്ങളുടെ തലമുറയ്ക്കും ആവേശമുള്ളതാണ്, ടി പൊലീസ് സ്റ്റേഷനിൽ വച്ച് സമ്മേളനം നടക്കുമ്പോൾ ഞാൻ അവിടെയുണ്ട്, അവിടെ ആ സമ്മേളനത്തിനാകെ നേതൃത്വം നൽകി, ആരെയും ഉപദ്രവിക്കാൻ പാടില്ലെന്ന് പൊലീസിനോട് പറഞ്ഞ് മുന്നിൽനിന്ന ഏറ്റവും പ്രധാനപ്പെട്ടയാൾ, അന്നത്തെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പറും നേതാവുമായ സഖാവ് പിണറായി വിജയനായിരുന്നു. അന്നദ്ദേഹം സംസ്ഥാന സെക്രട്ടറിയായിട്ടില്ല. അദ്ദേഹത്തെക്കൂടാതെ സഖാവ് കോടിയേരി

ബാലകൃഷ്ണൻ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അടക്കമുള്ള നേതാക്കൾ അന്ന് സംസാരിച്ചത് ഞാൻ ഓർക്കുന്നു. ഞങ്ങളുടെ തലമുറക്ക് അത്തരം അനുഭവങ്ങളുണ്ട്. അടിയന്തരാവസ്ഥ കാലത്തെ ക്രൂരമായ പീഡനത്തിന്റെ അനുഭവങ്ങളൊന്നും ലഭിച്ചിട്ടില്ല. പക്ഷെ അന്നുമുതൽ ഇങ്ങോട്ട് ആർ.എസ്.എസ്. പ്രവർത്തകരുടെയും മറ്റു തീവ്രവാദികളുടെയും കൊലക്കത്തിക്കിരയായിട്ടുള്ള അനുഭവങ്ങളുണ്ട്. മാറാട് സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ? ഇത്തരം കാര്യങ്ങളിൽ ഇവിടെ ഇരിക്കുന്ന ഞങ്ങൾ എല്ലാവരും വിവിധ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തിട്ടുള്ളതാണ്. എ.കെ.ജി.-യെപോലുള്ള ആളുകൾ മിച്ചഭൂമിക്കായി നടത്തിയ സമരം, അതിനുമുമ്പ് നടത്തിയ സമരങ്ങൾ, ഒളിവിൽ കഴിഞ്ഞതുമൊക്കെ വളരെ ആവേശപൂർവം കാണുന്നവരാണ് ഞങ്ങൾ. എന്നാൽ ഇവിടെ പ്രതിപക്ഷം സമരങ്ങളുടെ ഭാഗമായിട്ടല്ല മനഃപൂർവം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇടതുപക്ഷത്തെ നഷ്ടപ്പെട്ടുവെന്ന് പറയുന്ന പ്രചരണമുണ്ടല്ലോ; ഈ നാട്ടിലെ സാധാരണ ഉന്നതികളിലും സാധാരണക്കാരന്റെ ജീവിതത്തിലും വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞ ഈ നാട്ടിലെ സാധാരണക്കാരുടെ ജീവിതത്തിന്റെ

എല്ലാ മേഖലയിലും മാറ്റമുണ്ടാക്കാൻ കഴിഞ്ഞ സർക്കാരാണിത്. ഇന്നലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സംസാരിച്ചപ്പോൾ പറഞ്ഞു, നമുക്ക് 1957-ൽ 9% ആളുകൾക്കുമാത്രമെ കേരളത്തിൽ സ്വന്തമായി ഭൂമിക്ക് രേഖ ഉണ്ടായിരുന്നുള്ളൂവെന്നും ഇന്ന് 97 ശതമാനം ആളുകൾക്കും ഭൂമിക്ക് രേഖയുണ്ടെന്നും പറഞ്ഞതായാണ് ഞാൻ ഓർക്കുന്നത്. കേരളത്തിൽ 97% ആളുകൾക്കും അവരുടെ ഭൂമിക്ക് സ്വന്തമായി രേഖയുണ്ടാകണമെങ്കിൽ അതൊരു സർക്കാരിന്റെ കാഴ്ചപ്പാടാണ്. കേരളത്തിൽ വീടില്ലാത്ത ആളുകളൊന്നും അവശേഷിക്കരുതെന്ന ലക്ഷ്യത്തോടെ അഞ്ചേകാൽ ലക്ഷം ആളുകൾക്ക് വീട് നിർമ്മിച്ച് നൽകിയ ഗവൺമെന്റാണിത്. ഇനി രണ്ടോമൂന്നോ ലക്ഷം പേർക്കുകൂടി വീട് കൊടുത്താൽ ഒരാൾക്കുപോലും വീടില്ലാത്ത അവസ്ഥയുണ്ടാകില്ല. ലക്ഷക്കണക്കിന് പട്ടയമാണ് നൽകിയിരിക്കുന്നത്. ബജറ്റിന്റെ കണക്കിൽ അതെല്ലാം കൃത്യമായി പറഞ്ഞിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത വളരെ അപൂർവം ആളുകൾ മാത്രമേ കേരളത്തിലുള്ളൂ. കറന്റ് കട്ടില്ലാത്ത പത്ത് വർഷമാണ് കടന്നുപോയത്, ഇതൊക്കെ സഭയിൽ പ്രതിപക്ഷമുള്ളപ്പോൾ പറയേണ്ട കാര്യങ്ങളാണ്. സഭയിൽ ഇല്ലാത്തതുകൊണ്ട് അവരിത് കേൾക്കുന്നില്ല. പക്ഷെ ഇത്

ജനങ്ങളാകെ കേൾക്കേണ്ട കാര്യമാണ്. അടിസ്ഥാനസൗകര്യ വികസനത്തിന്റെ കാര്യത്തിൽ ബജറ്റിൽ പറയുന്ന ക്യാപിറ്റലിനുപുറമെ Effective Capital Expenditure എന്ന പേരിൽ അതിന്റെ ഇരട്ടി തുകയാണ് KIIFB ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ സർക്കാർ നടപ്പിലാക്കുന്നത്. എസ്.സി./എസ്.ടി വിഭാഗത്തിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പും ലംപ്സം ഗ്രാന്റും ലഭിക്കുന്നില്ലെന്ന് പരാതി കോവിഡ് കഴിഞ്ഞ സമയത്തുണ്ടായിരുന്നു. ഇപ്പോഴും ചിലർ പരാതി പറയാൻ ശ്രമിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് മന്ത്രിയെന്ന നിലയിൽ കഴിഞ്ഞ സഭാകാലയളവുമുതലുള്ള കാര്യങ്ങൾ ഞാൻ പരിശോധിച്ചിരുന്നു. ഒരൊറ്റ രൂപയും കുടിശ്ശികയില്ലാതെ കൊടുത്തു തീർക്കുന്നതിനുള്ള നിലപാടെടുത്തിട്ടുണ്ട്, അത് കൊടുത്തുതീർത്തിട്ടുണ്ട്. ആയിരത്തി ചില്വാനം കോടി രൂപയാണ് കോവിഡ് കാലത്തെ കുടിശ്ശിക കൊടുത്തുതീർത്തത്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഡോ. ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടനുസരിച്ച് 2024-ൽ ലംപ്സം ഗ്രാന്റുൾപ്പെടെ പുതുക്കി നൽകുകയുണ്ടായി. അതുപോലെ എസ്.സി. പ്രൊമോട്ടർമാരുടെ കാര്യത്തിൽ കാലാനുസൃതമായ ചെറിയ മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഈ മേഖലയിൽ

ജനസംഖ്യയേക്കാൾ കൂടുതൽ ഫണ്ട് മാറ്റിവച്ചതിനെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. എസ്.സി. പ്രൊമോട്ടർമാരുടെ കാര്യത്തിൽ അങ്ങനെയൊരു പരിഗണനയുണ്ടാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതെല്ലാം സർക്കാർ പരിഗണിക്കുന്ന വിഷയങ്ങൾ തന്നെയാണ്. മേൽസൂചിപ്പിച്ചതുപോലെ ആ മേഖലയിൽ മുഴുവൻ പണവും കൊടുത്തുതീർക്കുകമാത്രമല്ല, കുട്ടികൾക്ക് വിദേശത്ത് പഠിക്കാൻ പോകുന്നതിനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്. ഈ മേഖലയിലുള്ള ഗവൺമെന്റിന്റെ കാഴ്ചപ്പാടിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇനിയും അക്കാര്യത്തിൽ വർധനവ് വേണമെന്ന് തന്നെയാണ് സർക്കാരിന്റെ സമീപനം. ഓരോരോ വിഷയങ്ങളെടുത്ത് പറഞ്ഞാൽ ധാരാളം കാര്യങ്ങളുണ്ട്. ഹരിതകർമ്മസേനയ്ക്കും ലോട്ടറി തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയ കാര്യം ബജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ ഓട്ടോറിക്ഷ തൊഴിലാളികൾക്ക് അങ്ങനെയൊരു പദ്ധതി കൊണ്ടുവരുമെന്ന് പറഞ്ഞു. ആശ വർക്കർമാർ, അങ്കണവാടി വർക്കർമാർ, പ്രീപ്രൈമറി അധ്യാപകർ, സാക്ഷരതാ പ്രേരക്മാർ, സ്കൂൾ പാചകതൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ വേതനത്തിൽ വർധനവ്

വരുത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നവംബറിൽ പറഞ്ഞ കാര്യത്തിനുവേണ്ടി ഫണ്ട് മാറ്റി വച്ചതാണോയെന്ന് ആശ പ്രവർത്തകരും മറ്റും എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു, അല്ല, നേരത്തെ അനൗൺസ് ചെയ്ത ആയിരം രൂപ തുടരും. അതുകൂടാതെ ഈ ബജറ്റിൽ 1000 രൂപകൂടി വർധിപ്പിച്ചിരിക്കുകയാണ്. അങ്ങനെ രണ്ടായിരം രൂപയുടെ വർധനവാണുണ്ടായിരിക്കുന്നത്. അതേസമയം കേന്ദ്രഗവൺമെന്റ് പന്ത്രണ്ട് വർഷമായി ആശ വർക്കർമാരുടെ വേതനം വർധിപ്പിച്ചിട്ടില്ല. ഇതാണ് കേന്ദ്രത്തിന്റെ സമീപനം. ഈ വർഷമെങ്കിലും അവരുടെ വേതനം വർധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നെങ്കിലും കേന്ദ്രസർക്കാർ വർധിപ്പിച്ചിട്ടില്ല.

കാൻസർ, ലെപ്രസി, എയ്ഡ്സ്, ക്ഷയം രോഗബാധിതരുടെ പ്രതിമാസ പെൻഷനിൽ ആയിരം രൂപ വർധനവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ഡി.എ./ഡി.ആർ.-ന്റെ കാര്യം ഞാനിവിടെ സൂചിപ്പിച്ചിരുന്നു. പങ്കാളിത്ത പെൻഷനിലും വളരെ കൃത്യമായ തീരുമാനമെടുത്തിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന്റെ നടപടിക്രമം ഉടൻതന്നെ ആരംഭിക്കും. സ്കൂൾ വിദ്യാർഥികളുടെ ഇൻഷ്വറൻസ് പദ്ധതി ഈ വർഷം

തന്നെ നടപ്പാക്കാനാണ് ആലോചിക്കുന്നത്. തൊഴിലാളികളും കർഷകരുമെല്ലാം ഒരുമിച്ച് ജീവിക്കുന്ന നാട്ടിൽ ഞങ്ങൾ പറയുന്ന കാര്യങ്ങളുടെ സത്യസന്ധത അവർക്ക് അറിയാമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ഞങ്ങൾ പറയുന്ന കാര്യങ്ങൾ ചെയ്യും, ചെയ്യാവുന്ന കാര്യങ്ങൾ മാത്രമെ പറയാറുള്ളൂവെന്ന് ബഹു. മുഖ്യമന്ത്രി പറയാറുണ്ട്. അമിതമായ കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങൾ ഓരോ വർഷവും ചെയ്യുന്ന കാര്യങ്ങൾ കൂട്ടലാണ്. ഒരുലക്ഷത്തി അറുപതിനായിരം കോടി രൂപയിൽ നിന്നും രണ്ടുലക്ഷത്തി മുപ്പത്തിയയ്യായിരം കോടി രൂപയിലേയ്ക്കെത്തുമ്പോൾ അതനുസരിച്ച് എല്ലാ മേഖലയിലും വർധനവുണ്ടാകുന്നുണ്ട്. നമ്മുടെ നാട്ടിൽ ബി.എം.&ബി.സി. നിലവാരമില്ലാത്ത റോഡുകൾ പൊതുവെയില്ല. അടിസ്ഥാന വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് നല്ല റോഡുകളാണ്. പഞ്ചായത്ത് റോഡുകൾവരെ ബി.എം.&ബി.സി. നിലവാരത്തിലാക്കണമെന്നാണ് ജനങ്ങൾ പറയുന്നത്. ബി.എം.& ബി.സി എല്ലായിടത്തും ചെയ്യാൻ കഴിയില്ല. അതാണ് എം.എൽ.എ.-മാർ നേരിടുന്ന പ്രശ്നം. കേരളത്തെപ്പോലെ ഇത്രയേറെ റോഡുകളുള്ള മറ്റ് സംസ്ഥാനങ്ങളില്ല. ആ രീതിയിൽ മാറ്റം വന്നിട്ടുണ്ട്.

കേരളം കടക്കെണിയിലാണെന്ന് പ്രതിപക്ഷം പറഞ്ഞതിനെ അടിസ്ഥാനസൗകര്യ വികസനത്തിനോട് ചേർത്തു പറയേണ്ടതുണ്ട്. കടക്കെണിയിൽ അല്ലാത്തതുകൊണ്ടാണ് പുതിയ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത്. വയനാട് ജില്ലയിൽ ഒരു 'തുരങ്ക പാത' നിർമ്മിക്കുകയെന്നത് ചിന്തിക്കാൻ കഴിയുന്ന കാര്യമാണോ? എന്നാൽ തുരങ്കപാതയുടെ പണി ആരംഭിച്ചു. ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ, ഒരു സിനിമയിൽ കുതിരവട്ടം പപ്പു പറയുന്നതുപോലെ, ആ താമരശ്ശേരി ചുരം 'ഇപ്പോൾ ശരിയാക്കിത്തരാം, ഇപ്പോൾ ശരിയാക്കിത്തരാം' എന്ന് എത്രയോകാലം യു.ഡി.എഫ്. പറഞ്ഞു. ആ താമരശ്ശേരി ചുരത്തിലൂടെ റോഡ്റോളർ ഉരുണ്ടുരുണ്ടുരുണ്ട് വരുന്നതാണ് ഇപ്പോൾ തമാശയിൽ കാണിക്കുന്നത്. താമരശ്ശേരി ചുരത്തിലൂടെ നേരെ ടണലിലേക്ക് കയറിയാൽ ഏറ്റവും വലിയ ടണൽ പൂർത്തീകരിക്കുന്ന തരത്തിലേക്ക് ആയിരിക്കും. അതുപോലെ ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽനിന്നും തേനി ഭാഗത്തേക്ക് ഞങ്ങൾ ഒരു പുതിയ പഠനം പറഞ്ഞിരുന്നു. അതൊരു പഠനമാണ്. അത് വരട്ടെ. 32 കിലോ മീറ്റർ വനമേഖലയിലേക്ക് കയറി പോകുമ്പോൾ 8 കി.മി. കൊണ്ട് തേനിയിലെത്താം. 8 കിലോ മീറ്റർ ചെന്നാൽ അവിടെ റെയിൽവേ

പാതയുണ്ട്. എന്നോട് പ്രമുഖനായ ഒരു സെലിബ്രിറ്റി പറഞ്ഞത്, ഞാൻ ഇടുക്കിയിൽ പോയി താമസിക്കുമായിരുന്നു, അത്ര നല്ല കാലാവസ്ഥയാണ്. പക്ഷെ അവിടെ എത്തപ്പെടാനുള്ള ബുദ്ധിമുട്ടാണ് പ്രശ്നം. മരിയൻ കോളേജിന്റെ ഭാഗത്തുകൂടി പോകുമ്പോൾ സ്വിറ്റ്സർലാൻഡിലൂടെ പോകുന്നതുപോലെയല്ലേ തോന്നുന്നത്. ഞാൻ സ്വിറ്റ്സർലാൻഡിൽ പോയിട്ടില്ല, ചിത്രം കണ്ടിട്ടേയുള്ളൂ. ഇന്ത്യയിൽ ഏറ്റവും ശുദ്ധമായ അന്തരീക്ഷ വായു ലഭിക്കുന്ന ജില്ലകളാണ് ഇടുക്കിയും വയനാടും. അങ്ങനെയുള്ള സ്ഥലങ്ങളിലെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തണം. അത് ആരോഗ്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഹബ്ബാവുകയെന്ന് പറയുമ്പോൾ നമുക്കിത്രയും കാര്യങ്ങളൊക്കെ ഉപയോഗിക്കാം. റെയിൽവേയുടെ വിഷയവുമായി ബന്ധപ്പെട്ട് ഞങ്ങൾ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയപ്പോൾ ശബരി റെയിൽവേ പദ്ധതിക്കായി ധനസഹായം നൽകാൻ തയ്യാറാണെന്ന കാര്യം സംസ്ഥാന സർക്കാർ വ്യക്തമാക്കിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് പദ്ധതി എത്രയുംവേഗം ആരംഭിക്കണമെന്ന് പറഞ്ഞിരുന്നു. ശബരി റെയിൽവേ പദ്ധതി ശബരിമല മേഖലയിൽ നിന്ന്

ആരംഭിച്ച് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം വരെ എത്തിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കാരണം കിഴക്കൻ മേഖലയ്ക്കുകൂടി റെയിൽവേ ലൈനുകൾ ലഭിക്കുന്നവിധത്തിൽ കാര്യങ്ങൾ നടക്കണം. അതുസംബന്ധിച്ച് പഠനം നടത്തുന്നതിനായി കുറച്ച് പണം മാറ്റി വച്ചിട്ടുണ്ട്. കടക്കെണി സംബന്ധിച്ച കാര്യം പറഞ്ഞതുകൊണ്ട് ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. വാസ്തവത്തിൽ സർക്കാർ ജീവനക്കാർക്കുള്ള ഡി.എ. കുടിശ്ശിക മാത്രമേ നൽകാൻ ബാക്കിയുണ്ടായിരുന്നുള്ളൂ. അല്ലാതെ സംസ്ഥാനത്ത് മറ്റൊരു കടക്കെണിയും നിലവിലില്ല. കിഫ്ബി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നിലവിൽവന്നതിനെത്തുടർന്ന് കേന്ദ്ര സർക്കാർ നമ്മുടെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചു. എന്നിട്ടുപോലും സംസ്ഥാന സർക്കാർ ഈ നിലയിൽ മുന്നോട്ടുപോകുകയാണ്. ഇപ്രാവശ്യത്തെ ബജറ്റിലും കേന്ദ്രം കടമെടുപ്പ് പരിധി വെട്ടിക്കുറച്ചിട്ടുണ്ട്. കേരളത്തിന്റെ മാത്രമല്ല എല്ലാ സംസ്ഥാനങ്ങളുടെയും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചിട്ടുണ്ട്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നിർത്തണമെന്നാണ് പതിനാറാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ അതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഇതുവരെ ഒരു തീരുമാനവുമെടുത്തിട്ടില്ല. എ.ടി.ആർ.-ൽ

'നോട്ടഡ്' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ആ ബജറ്റ് ചർച്ച അവസാനിപ്പിക്കുന്ന ഘട്ടത്തിൽ ഈ വിഷയത്തിൽ അനുകൂല തീരുമാനമുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇത്തരത്തിലുള്ള പല വിഷയങ്ങളും വന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിലും കടക്കെണിയിൽപ്പെടാതെ സംസ്ഥാനം മുന്നോട്ടുപോകുകയാണ്. നമുക്ക് ഇത്രയും പ്രശ്നങ്ങൾ മാത്രമേയുള്ളൂ, അവയെല്ലാം പരിഹരിച്ച് മുന്നോട്ടുപോകാം. കേരളം ആകെ തകർന്നുവെന്ന് തോന്നിപ്പിക്കാനാണോ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസ്ഥാനം കടക്കെണിയിലാണെന്ന് ആവർത്തിച്ച് പറയുന്നത്? ഏത് ആവശ്യത്തിനാണ് സർക്കാർ പണം നൽകാത്തത്? നമ്മുടെ ഖജനാവിൽ 'പൂച്ച പെറ്റ് കിടക്കുകയാണ്' എന്ന് പറഞ്ഞു. കേരളത്തിലെ ഖജനാവിലെ പൂച്ച കറൻസി നോട്ടുകളെയാണോ പ്രസവിക്കുന്നത്; ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും ആവശ്യത്തിന് പണം ലഭ്യമാക്കുകയും എല്ലാ പ്രദേശങ്ങളിലും പുതിയ പദ്ധതികൾ യാഥാർത്ഥ്യമാക്കുകയും അവ പൂർത്തീകരിക്കുമ്പോൾ പ്രതിപക്ഷം അവിടെ ബോർഡ് വയ്ക്കുകയും ചെയ്യുന്നുണ്ട്. ഒരു കാര്യത്തിലും സർക്കാർ പിന്നോട്ടുപോകുന്നില്ല. എന്നിട്ടും

സർക്കാരിനെക്കുറിച്ച് പ്രതിപക്ഷം എന്താണ് ജനങ്ങളോട് പറയാൻ ശ്രമിക്കുന്നത്; ഇവർ നൽകാമെന്ന് പറഞ്ഞതൊന്നും നൽകില്ലെന്ന് പറഞ്ഞ് സർക്കാൻ ജീവനക്കാരെ തെറ്റിദ്ധരിപ്പിക്കുകയാണ്. ക്ഷേമപെൻഷൻ 2000 രൂപയായി വർധിപ്പിച്ചെങ്കിലും അത് നിങ്ങൾക്ക് നൽകാനല്ലെന്ന് സാധാരണക്കാരായ ജനങ്ങളോട് പറയുകയാണ്. എന്നാൽ പറഞ്ഞ കാര്യങ്ങളെല്ലാം കൃത്യമായി നൽകുമെന്ന് കഴിഞ്ഞ കാലങ്ങളിൽ തെളിയിച്ചവരാണ് ഞങ്ങൾ. അത് ഇനിയും തുടരുകതന്നെ ചെയ്യും. ഞങ്ങൾ ഉത്തരവാദിത്വം ഏറ്റെടുത്ത് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രമെ ഇതുവരെ പറഞ്ഞിട്ടുള്ളൂ. ഇങ്ങനെ ഇല്ലാത്ത കടക്കെണിയുടെ കാര്യങ്ങൾ ആവർത്തിച്ച് പറയുന്നവർക്ക് ക്രമസമാധാനത്തെക്കുറിച്ച് ഒന്നും പറയാൻ കഴിയുന്നില്ല. വർഗീയ ലഹളകൾ സൃഷ്ടിക്കാൻ കേരളത്തിൽ ഒരു അവസരവും അത്തരം ശക്തികൾക്ക് ലഭിക്കുന്നില്ല. ഈ ബജറ്റിൽ ഞങ്ങൾ സ്പർശിക്കാത്ത ഏത് മേഖലയാണുള്ളത്? എല്ലാ മേഖലകളെയും ഞങ്ങൾ സ്പർശിച്ചിട്ടുണ്ട്. ഓരോ വകുപ്പുകളുടെയും കാര്യം പ്രത്യേകം എടുത്തുപറയുന്നില്ല. കേരളത്തിന്റെ ദേശീയപാത മാത്രമല്ല, മലയോരപാതയും തീരദേശപാതയും കൂടി നടപ്പാവുകയാണ്. എം.സി. റോഡിന്റെ വികസനത്തിനായി ഭൂമി

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നിലവിലുണ്ട്. ഏഴ് ബൈപ്പാസുകളുടെ നിർമ്മാണമാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. അതിൽ കൊട്ടാരക്കര ബൈപ്പാസിന്റെ പ്രവർത്തനം ആരംഭിച്ച് നിലവിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ നടപടി പൂർത്തിയായിട്ടുണ്ട്. ആദ്യഘട്ടത്തിൽ കേരളത്തിലെ ഏറ്റവും പഴക്കമുള്ള റോഡുകളായ കിളിമാനൂർ, നിലമേൽ, ചടയമംഗലം, ആയൂർ, പന്തളം, ചെങ്ങന്നൂർ, കൊട്ടാരക്കര ബൈപ്പാസുകളുടെ നിർമ്മാണമാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ഈ റോഡുകളെല്ലാം വരികയാണ്. അങ്ങനെ ഓരോ മേഖലയിലും ഈ സൗകര്യങ്ങൾ വരുന്നു. കോലഞ്ചേരി ബൈപ്പാസുമായി ബന്ധപ്പെട്ട് കാര്യത്തിൽ ഇടപെടുന്ന കാര്യം പറഞ്ഞിട്ടുണ്ടെന്ന് തോന്നുന്നു. അതെല്ലാം പ്രാദേശികമായി വരുന്ന കാര്യങ്ങളിൽ നോക്കാം. ഗെയിൽ പൈപ്പ്ലൈനിനെക്കുറിച്ച് പലപ്പോഴും പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കിയതിനെക്കുറിച്ചും സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ കേരള ചരിത്രത്തിൽ ഇതൊരു വലിയ സംഭവമല്ലേ; ആ പദ്ധതി യാഥാർഥ്യമാകുമെന്ന് ആരെങ്കിലും സ്വപ്നം കണ്ടിരുന്നോ? ഈ പദ്ധതി

നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ഞങ്ങൾ സമരം നടത്തിയിട്ടുണ്ട്, ലാത്തിച്ചാർജ്ജുകൾ നേരിട്ടിട്ടുണ്ട്. ഞാൻ ഡി.വൈ.എഫ്.ഐ.-യുടെ അഖിലേന്ത്യാ പ്രസിഡന്റായിരുന്ന കാലത്ത് ലീല ഹോട്ടലിലേക്കുള്ള വഴിയിൽ ഞങ്ങൾ വലിയ ജാഥ സംഘടിപ്പിച്ചു. അന്ന് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന ബഹുമാനപ്പെട്ട ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തന്നെ ആ സമരം ഉദ്ഘാടനം ചെയ്തതായി ഞാൻ ഓർക്കുന്നു. അന്ന് വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാകുമെന്ന് ആരെങ്കിലും കരുതിയിരുന്നോ? വിഴിഞ്ഞം തുറമുഖ പദ്ധതി നടന്നുവെന്ന് മാത്രമല്ല പ്രതീക്ഷിച്ചതിനെക്കാളും കൂടുതൽ കപ്പലുകൾ അവിടെ എത്തിചേരുകയാണ്. 2045-ഓടെ പൂർത്തിയാക്കുമെന്ന് കണക്കാക്കിയിരുന്ന പ്രവർത്തനങ്ങൾ പതിനേഴ് വർഷം മുമ്പേ പൂർത്തിയാകുന്ന സ്ഥിതിയിലേക്ക് ഈ പദ്ധതി മുന്നോട്ടുപോകുകയാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഒരൊറ്റ രൂപ പോലും കേന്ദ്രം നൽകിയിട്ടില്ലെന്ന കാര്യം അടിവരയിട്ട് ഞാനിവിടെ പറയുകയാണ്. എന്നിട്ടും ഈ പദ്ധതി ഞങ്ങൾ പൂർത്തിയാക്കി. വയബിലിറ്റി ഗ്യാപ് ഫണ്ട് പിന്നീട് ലോണായി നൽകിയിട്ടുണ്ട്. രക്തസാക്ഷി മണ്ഡപത്തിനുമുന്നിൽ ഒരു വർഷക്കാലം തുടർച്ചയായി സമരം

നടത്തിയ ചരിത്രവും ഈ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ട്. ഇങ്ങനെയൊക്കെ സമരം നടത്തി നമ്മൾ ഇത് ചെയ്തുവരുന്നു എന്നുള്ളത് ചെറിയ കാര്യമല്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ രണ്ടാം ഘട്ട വികസനത്തിന് തറക്കല്ലിട്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെയെത്തി സംസാരിക്കുകയും പെട്ടെന്ന് മടങ്ങുകയും ചെയ്തു. പദ്ധതി പൂർത്തിയായതൊക്കെ നല്ല കാര്യമാണെങ്കിലും ഇതെല്ലാം കൊണ്ടുവന്നത് ഉമ്മൻ ചാണ്ടിയാണെന്ന് അദ്ദേഹം പറഞ്ഞു. ഉമ്മൻചാണ്ടി സാറിനോട് എല്ലാവർക്കും ബഹുമാനമാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് തുടക്കംകുറിച്ചത്. പിന്നീട് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് പദ്ധതി കുറച്ചുകൂടി മുന്നോട്ടുപോയി. ആ കാലയളവിലാണ് ടെൻഡർ നടപടികൾ ആരംഭിച്ചത്. അന്ന് ടെൻഡർ വിളിച്ച കമ്പനിയുടെ ജോയിന്റ് പാർട്ണർ ഒരു ചൈനീസ് കമ്പനിയാണെന്ന കാരണത്താൽ പ്രതിരോധ മന്ത്രാലയം അനുമതി നൽകിയില്ല. ആ സമയത്ത് ശ്രീ. എ. കെ. ആന്റണിയായിരുന്നു പ്രതിരോധ മന്ത്രി. 2006- 2011 കാലയളവിൽ എൽ.ഡി.എഫ്. സർക്കാർ ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തതായിരുന്നു. പ്രതിരോധ

മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിരുന്നുവെങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തനം അന്നുതന്നെ ആരംഭിക്കുമായിരുന്നു. അതിനുശേഷം കരാർ വയ്ക്കുകയും അതുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉയരുകയുമുണ്ടായി. എന്തായാലും പദ്ധതി യഥാർഥത്തിൽ നടപ്പിലാക്കി ഏറ്റവും കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ഈ സർക്കാരിന്റെ കാലത്താണ്. കോവിഡ് കാരണം കുറച്ച് കാലതാമസമുണ്ടായെങ്കിലും അവിടത്തെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് പദ്ധതി യാഥാർഥ്യമാക്കാൻ ഈ സർക്കാരിന് സാധിച്ചു. ആ മേഖലയിൽ മാത്രമല്ല, നെല്ലിന്റെ കാര്യം നേരത്തെ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ഒരു അംഗം സംസാരിക്കുമ്പോൾ നെല്ലിന്റെ വില അല്പം വർധിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ഒരു കത്തിനെക്കുറിച്ച് ഞാൻ ഇന്ന് ഈ സഭയിൽ പറഞ്ഞിരുന്നു. സംസ്ഥാന സർക്കാർ നെല്ലിന് കിലോയ്ക്ക് 30 രൂപ നൽകുന്നുവെന്നാണ് ആ കത്തിൽ പരാമർശിച്ചിരിക്കുന്നത്. എന്നാൽ ആ മുപ്പത് രൂപയിൽ ഇരുപത്തിയൊന്നും ഇരുപത്തിരണ്ടും രൂപ മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. സംസ്ഥാന സർക്കാർ അധികമായി കൂടുതൽ തുക നൽകുന്നത് ചീത്ത ശീലം പഠിപ്പിക്കുന്ന

നടപടിയാണെന്നും അതുകൊണ്ട് അങ്ങനെ ചെയ്യാൻ പാടില്ലെന്നും പരാമർശിച്ച് കേന്ദ്ര ഗവൺമെന്റിൽ എക്സ്പെൻഡിച്ചർ വിഭാഗത്തിന്റെ കത്ത് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതാണ് കേന്ദ്ര സർക്കാരിന്റെ സമീപനം. അതുപോലെ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 250/- രൂപയാക്കണമെന്നതാണ് സംസ്ഥാനത്തിന്റെ ആഗ്രഹം. അതിനാവശ്യമായ അധിക തുക കേന്ദ്ര സർക്കാർ നൽകണമെന്ന് കഴിഞ്ഞ അഞ്ച് വർഷമായി തുടർച്ചയായി ആവശ്യപ്പെടുകയാണ്. ഈ അഞ്ച് വർഷത്തിനിടയിൽ റബ്ബറിന്റെ തറവില 150 രൂപയിൽ നിന്ന് 200 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. 2021 ഏപ്രിൽ ഒന്നിനാണ് 20 രൂപ വർധിപ്പിച്ച് വില 170 രൂപയാക്കിയത്. പിന്നീട് 10 രൂപയും ഇപ്പോൾ വീണ്ടും 20 രൂപയും കൂടി വർധിപ്പിച്ചുകൊണ്ട് 200 രൂപയാക്കി. കൃഷിക്കാർക്ക് കിലോയ്ക്ക് 200 രൂപ തറവിലയെങ്കിലും കിട്ടത്തക്കവിധത്തിലേക്കാണ് കാര്യങ്ങൾ പോകുന്നത്. അതിന് ആവശ്യമായ പണം മാറ്റിവച്ചിട്ടുണ്ട്. പണം മാറ്റി വച്ചത് ബജറ്റ് പ്ലാൻ ഡോക്യുമെന്റിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന് സർക്കാരിന് ആഗ്രഹമുണ്ട്. അതുസംബന്ധിച്ച് കേന്ദ്ര സർക്കാരിനോട് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച്

മുന്നോട്ടുപോകുമ്പോൾ കൂടുതൽ കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കും. വിപണി ഇടപെടലിന്റെ ഭാഗമായി സിവിൽ സപ്ലൈസിന് ഉൾപ്പെടെ നീക്കിവച്ചിട്ടുള്ള തുക ബജറ്റിൽ പറഞ്ഞിട്ടുള്ളതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. ഇതെല്ലാം സർക്കാർ ചെയ്തത് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 1,27,000/- കോടി രൂപയിലധികം വർധിപ്പിച്ചുകൊണ്ടാണ്. തനത് നികുതിയേതര വരുമാനം 25,000/- കോടി രൂപയോളമാണ് വർധിപ്പിച്ചത്. അങ്ങനെ ആകെ 1,52,645/- കോടി രൂപ വർധിപ്പിച്ചു. ചെലവിലും അതുപോലെ വർധനവുണ്ടാക്കി. അതുകൊണ്ടാണ് സംസ്ഥാന ബജറ്റിന്റെ വലുപ്പം ശരാശരി 1,70,000/- കോടി രൂപ എന്ന നിലയിലേക്ക് ഇപ്പോൾ എത്തിയിട്ടുള്ളത്. ബജറ്റിന്റെ വലുപ്പം കൊണ്ട് മാത്രം കാര്യമില്ല, അതനുസരിച്ച് നാട്ടിലെ ജനങ്ങൾക്ക് എങ്ങനെ ഗുണമുണ്ടാകുമെന്നുള്ളതാണ് നോക്കേണ്ടത്. നമ്മുടെ നാട്ടിൽ കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് വലിയ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. പത്ത് വർഷം കൊണ്ടുണ്ടായ മാറ്റങ്ങളെക്കുറിച്ച് ഞാൻ എടുത്തു പറയുന്നില്ല. വലിയ തോതിലുള്ള മാറ്റങ്ങളുണ്ടായി. ഈ സാമ്പത്തികവർഷം പ്രതീക്ഷിച്ചതിനെക്കാൾ 17,000 കോടി രൂപയാണ് കേന്ദ്ര സർക്കാർ

വെട്ടിക്കുറച്ചത്. ഞാൻ നേരത്തെപറഞ്ഞ കുറവുകളൊന്നും കൂടാതെയാണിത്. കടമെടുപ്പ് പരിധിയും ജി.എസ്.ടി. സംബന്ധിച്ച് ലഭിക്കേണ്ട തുകകളും ഉൾപ്പെടെ കുറച്ചു. ഇങ്ങനെ വിഷയങ്ങളുണ്ടായിട്ടും സർക്കാർ കാര്യങ്ങൾ നടത്തികൊണ്ടുപോകുകയാണ്. ഈ വിഷയങ്ങളൊക്കെ പാർലമെന്റിൽ ശക്തമായി ഉന്നയിക്കേണ്ടത് കേരളത്തിന്റെ പ്രതിനിധികളായ എം.പി.-മാരുടെ ഉത്തരവാദിത്വമാണ്. ദൗർഭാഗ്യവശാൽ, കേരളത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഇരുപത് എം.പി.-മാരിൽ ഒരാൾ മാത്രമാണ് ഇടതുപക്ഷത്തെ പ്രതിനിധീകരിക്കുന്നത്. ഒരാൾ ബി.ജെ.പി.-യും ബാക്കിയെല്ലാവരും യു.ഡി.എഫ്.-ഉം ആണ്. ബി.ജെ.പി. ആണെങ്കിലും അദ്ദേഹം യു.ഡി.എഫ്.-മായി സഹകരിച്ചുതന്നെയാണ് മുന്നോട്ടുപോകുന്ന എന്നതിൽ യാതൊരു തർക്കവുമില്ല. പാർലമെന്റിൽ ഈ വിഷയങ്ങൾ ഉന്നയിക്കേണ്ടതിനുപകരം കേരളം അതിദാരിദ്ര്യ മുക്തമായതിനാൽ ഇനിമുതൽ റേഷൻ നൽകാതിരുന്നുകൂടെ എന്നാണ് അവർ ചോദിക്കുന്നത്. കാരണം കേരളത്തിലെ അതിദരിദ്രർക്ക് റേഷൻ നൽകുന്ന ചില പദ്ധതികളുണ്ട്. അത് നിർത്തലാക്കിക്കൂടെ എന്നാണ് കൊല്ലം മണ്ഡലത്തെയും കോഴിക്കോട് മണ്ഡലത്തെയും പ്രതിനിധീകരിക്കുന്ന

എം.പി.-മാർ ചോദിക്കുന്നത്. കേരളം അതിദാരിദ്ര്യ മുക്തമായതുകൊണ്ട് ഇനിമുതൽ അത്തരം റേഷൻ കാർഡുകൾക്ക് റേഷൻ നൽകുമോ എന്നാണ് ചോദിക്കുന്നത്. എന്നുപറഞ്ഞാൽ റേഷൻ നൽകണ്ട എന്നുതന്നെയാണ് അവർ ആഗ്രഹിക്കുന്നത്. ഇതാണ് കേരളത്തിനുവേണ്ടി അവർ ചെയ്യുന്ന സഹായം. മറ്റൊരു ചോദ്യം ചോദിച്ചത്, സഹകരണ മേഖലയിൽനിന്ന് പണം കേരളത്തിലെ സർക്കാരിന്റെ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുന്നുണ്ടോയെന്നാണ്. പെൻഷനും മറ്റും വർധിപ്പിച്ച സാഹചര്യത്തിൽ സഹകരണ മേഖലയിലൂടെ സംസ്ഥാനത്തിന് പണം വരുന്നുണ്ടെങ്കിൽ അത് തടസ്സപ്പെടുത്താനുള്ള നടപടിയാണ് അവർ സ്വീകരിച്ചത്. നല്ല ആളുകളാണ്, നമ്മുടെ സർക്കാരിനെ ഉറപ്പിച്ച് നിർത്തുന്ന കുറ്റി തന്നെ അവർ ഊരിമാറ്റാനാണ് ശ്രമിക്കുന്നത്. ഇവിടെ ഭരിക്കുന്നത് ഇടതുപക്ഷ സർക്കാർ മാത്രമല്ല, കേരളത്തിന്റെ സർക്കാരാണ്, കേരളത്തിലെ ജനങ്ങളുടെ സർക്കാരാണ്. ജനങ്ങൾക്കായി ഒരു പന്തൽ പോലെ, എല്ലാവർക്കും തണൽ നൽകാൻ നിലകൊള്ളുകയാണ് ഈ സർക്കാർ. ആ പന്തലിന്റെ കുറ്റി, സർക്കാരിന്റെ കുറ്റി ഊരിമാറ്റാൻ ഡൽഹിയിലേക്ക് പോകുന്ന ആളുകളാണോ നമ്മുടെ എം.പി.-മാർ. ഇത് വീഴട്ടെ എന്ന നിലയ്ക്കാണ് അവർ അവിടെ

പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ രണ്ട് ചോദ്യങ്ങൾ പാർലമെന്റിൽ ചോദിച്ചതിന്റെ അനുഭവമുണ്ട്. കേരളത്തിലെ പ്രതിപക്ഷം ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതുകൊണ്ടാണ് ഇക്കാര്യങ്ങളൊക്കെ സഭയിൽ പറയേണ്ടിവരുന്നത്. ഞങ്ങളെ സംബന്ധിച്ച് കേരളത്തിന്റെ ഭാവിയാണ് പ്രശ്നം. എല്ലാ അംഗങ്ങളും പറഞ്ഞതുപോലെ കേരളത്തിൽ എത്ര പണമുണ്ടെങ്കിലും അതിനെക്കാളും വലിയ സമ്പത്ത് നമ്മുടെ ഐക്യമാണ്, ഒരുമയാണ്. ഇത് ഇപ്പോൾ ഉണ്ടായതല്ല. ഇടതുപക്ഷത്തിന് വലിയ പങ്ക് അതിനകത്തുണ്ട്. പക്ഷേ കേരള ചരിത്രമെടുത്ത് പരിശോധിച്ചാൽ ആ പങ്ക് കാണാൻ കഴിയുന്നില്ല. വാസ്കോ ഡ ഗാമ കേരളത്തിൽ വന്ന സമയത്ത് അദ്ദേഹത്തിന്റെ കൂടെ ഇവിടേയ്ക്ക് വന്ന ചില ആളുകളുടെ ഡയറിക്കുറിപ്പിലെ ചില ഭാഗങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൗരസ്ത്യ മേഖലയിലെ ക്രിസ്തീയ ജീവിതം എങ്ങനെയാണെന്ന് അറിയുകയാണ് അതിലെ ഉദ്ദേശ്യം. അന്നും ഇവിടെ ക്രിസ്ത്യാനികളുണ്ട്. കോഴിക്കോട് ഒരു ക്ഷേത്രത്തിൽ പോകുന്ന വഴിക്കൊരു പഴയ പള്ളിയുണ്ട്. അത് അമ്പലമാണെന്ന് തെറ്റിദ്ധരിച്ച് എഴുതിയിരിക്കുകയാണ്, അവിടത്തെ ആളുകൾ മണ്ണ് ദേഹത്ത് പുരട്ടുമെന്നും ഒരു ചരട് ഇട്ടിട്ടുണ്ടെന്നുമൊക്കെയുള്ള അന്നത്തെ ഒബ്സർവേഷൻ

അതിനകത്ത് എഴുതിയിട്ടുണ്ട്. അന്നു മുതലേ വർഗീയതയുണ്ട്. അതുപോലെ കൊല്ലത്ത് വളരെ പഴക്കമുള്ളതും തടി കൊണ്ട് നിർമ്മിച്ചതുമായ ഒരു കാദീശാ പള്ളിയുണ്ട്. അതിന് അറുന്നൂറ് വർഷത്തോളം പഴക്കമുണ്ട്. പോർച്ചുഗീസുകാർ വന്ന് കത്തോലിക്കാ സഭയുടെ ആരംഭം കുറിക്കും മുമ്പുതന്നെ കൊല്ലത്തെ ബിഷപ്പിന് കത്തോലിക്ക സഭയുടെ ചുമതലയുണ്ടായിരുന്നു. ഇന്നലെ കൊടുങ്ങല്ലൂരിന്റെയും ചേരമാൻ ജൂമാ മസ്ജിദിന്റെയും കാര്യമൊക്കെ ഇവിടെ സൂചിപ്പിച്ചു. അവയൊക്കെ എത്ര പഴക്കമുള്ളവയാണ്. അയ്യപ്പന്റെയും വാവര് സ്വാമിയുടെയും സങ്കല്പം കേരളത്തിലല്ലാതെ ഇന്ത്യയിലോ ലോകത്തെവിടെയെങ്കിലുമോ കാണാൻ സാധിക്കുമോ; ആ സൗഹൃദം ഒരു ചെറിയ കാര്യമാണോ? ക്രിസ്ത്യൻ വീടുകളിൽനിന്ന് എണ്ണ പകർന്ന് കൊടുത്താൽ മാത്രമേ വിളക്ക് കത്തിക്കുകയുള്ളൂ ദീപാരാധനയ്ക്കെടുക്കുകയുള്ളൂ ഉത്സവം നടത്തുകയുള്ളൂ എന്ന് വിശ്വാസമുള്ള ക്ഷേത്രങ്ങൾ പരവൂരും വർക്കലയുടെ അതിർത്തിയിലുമൊക്കെ ധാരാളമുണ്ട്. ഈ കുടുംബങ്ങളും ബന്ധങ്ങളുമെല്ലാം പരസ്പരമബന്ധമുള്ളതാണ്. അവിടെ വർഗീയതയുടെ അപകടം പാടില്ലെന്നേ നമ്മൾ പറയുന്നുള്ളൂ. എല്ലാവർക്കും ജീവിക്കണം. കേരളത്തിലെ ഏതെങ്കിലും

ഒരാൾക്ക് അമ്പലത്തിൽ പോകാനോ പള്ളിയിൽ പോകാനോ തടസ്സമുണ്ടോ? കുർബാന കൈക്കൊള്ളാനും നിസ്കരിക്കാനും ദീപാരാധന തൊഴാനും തടസ്സമുണ്ടാകാൻ പാടില്ല. കടകളിൽപ്പോയി ഭക്ഷണം കഴിക്കുമ്പോൾ വീട്ടുകളിൽനിന്നും ഭക്ഷണം കൊണ്ടുപോകുമ്പോൾ ചോറ്റുപാത്രം വന്ന് ആരും തുറന്നുനോക്കി അതിനകത്ത് എന്താണെന്ന് നോക്കാൻ പാടില്ല.

വർഗീയതയും വിശ്വാസവും തമ്മിൽ ചെറിയൊരു വ്യത്യാസമുണ്ടെന്ന് ഞാൻ എപ്പോഴും പറയാറുള്ളതാണ്. അമ്പലത്തിലും പള്ളിയിലും പോയി പ്രാർഥിക്കുമ്പോൾ എല്ലാവർക്കും നല്ലതുവരണമെന്ന് മാത്രമേ പറയാൻ സാധിക്കൂ. കട്ടവാ പള്ളിയിലോ ക്ഷേത്രങ്ങളിലോ പള്ളിയിലോ കാണിക്ക ഇടുമ്പോൾ ദൈവമേ എല്ലാവർക്കും നല്ലതുവരണമെന്ന് പറയണം. വണ്ടി ഓടിക്കുന്ന ആളുകളും കാണിക്ക ഇടുമ്പോൾ ദൈവമേ എനിക്ക് നല്ലതുവരണം വണ്ടിക്ക് അപകടമുണ്ടാകരുതേ എന്ന് പറയണം. അമ്പലത്തിൽ പോയി പ്രാർഥിക്കുമ്പോൾ ദൈവമേ എനിക്ക് നല്ലതുവരണം എന്റെ അയൽവാസിയുടെ തലയിൽ ഇടിത്തീ വീഴണമെന്ന് പറയാൻ സാധിക്കുമോ? ആ പ്രാർഥന അമ്പലത്തിൽ എടുക്കുകയില്ല. പള്ളിയിൽ പോയി കാണിക്ക

ഇടുമ്പോൾ എന്റെ വണ്ടിക്ക് നല്ലത് വരണം, എന്റെ പുറകിൽ ഒരു ബന്ധു അല്ലെങ്കിൽ അയൽക്കാരൻ വരുന്നുണ്ട് അവന്റെ വണ്ടിയുടെ ടയർ പൊട്ടി വണ്ടി കൊക്കയിലേക്ക് മറഞ്ഞ് അവൻ മരിക്കണമെന്ന് പറയാൻ സാധിക്കുമോ? ഇത്തരത്തിൽ അപകടമുണ്ടാകണമെന്ന് ആഗഹിക്കുന്നതാണ് വർഗീയവാദം. എല്ലാവർക്കും നല്ലതുണ്ടാകണമെന്ന് ആഗ്രഹിക്കുന്നതാണ് വിശ്വാസം. വർഗീയവാദവും വിശ്വാസവും തമ്മിലുള്ള വ്യത്യാസം ഇത്രയുമേയുള്ളൂ. ആ വിശ്വാസികളുടെ കൂടെയാണ് ഞങ്ങൾ. ഞങ്ങൾക്കെതിരായി നിൽക്കുന്നവൻ ചാകണമെന്ന് വിചാരിക്കുന്നവരാണ് വർഗീയവാദി. ആ വർഗീയവാദിയുടെ കൂടെ ഞങ്ങൾ നിൽക്കില്ല. അതുകൊണ്ടാണ് 'മതമല്ല മതമല്ല മതമല്ല പ്രശ്നം, എരിയുന്ന വയറിലെ തീയാണ് പ്രശ്നം' എന്ന് ഞങ്ങൾ പറയുന്നത്. ഇനിയും പറയും. ഞങ്ങൾ മുസ്ലീമിന്റെയും ക്രിസ്ത്യാനിയുടെയും ഹിന്ദുവിന്റെയും സിക്കുകാരന്റെയും പാഴ്സിയുടെയും കൂടെയാണ്. ആ മത വിശ്വാസം എന്നത് ലോകാഃ സമസ്താഃ സുഖിനോ ഭവന്തു ആണ്. അതായത് ലോകത്ത് എല്ലാവർക്കും നല്ലതുണ്ടാകണമെന്നാണ്. ആ മതവിശ്വാസത്തെ അതിശക്തമായി മുന്നോട്ടുകൊണ്ടുപോകാനും സംരക്ഷിക്കാനും ഇടതുപക്ഷം അവസാന ശ്വാസം

വരെ പോരാട്ടം. അതിന് യാതൊരു സംശയവുമില്ല. ഇവിടെ മതത്തിന്റെ പേര് പറഞ്ഞ് രാഷ്ട്രീയ ലാഭമുണ്ടാക്കുന്നതാണ്. രാഷ്ട്രീയത്തിനകത്ത് മതം കടക്കാൻ പാടില്ലെന്നുള്ളത് വ്യവസ്ഥാപിതമായ സംവിധാനമാണ്, ലോക രാഷ്ട്രീയത്തിലുള്ളതാണ്. ഇത് അപകടകരമായ സ്ഥിതിയിലേക്ക് നമ്മുടെ നാടിനെ കൊണ്ടുപോകുമെന്നത് ഉറപ്പാണ്. പ്രത്യേകിച്ചും ന്യൂനപക്ഷത്തിന് പ്രതിലോമകരമായി വരുന്നതാണ് അത്തരം വർഗീയത. ഭൂരിപക്ഷത്തിന്റെ ആഗ്രഹം ന്യൂനപക്ഷ വർഗീയത ശക്തിപ്പെടണമെന്നാണ്. ന്യൂനപക്ഷവും ഭൂരിപക്ഷവും പരസ്പരം വർഗീയത കളിച്ചാൽ ഈ നാട്ടിലുണ്ടാകാൻ പോകുന്ന അപകടത്തെക്കുറിച്ച് നമ്മൾ ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇന്ത്യയിൽനിന്നുമുള്ള അനുഭവങ്ങൾ തന്നെ ധാരാളമുണ്ട്. ആ അപകടത്തിലേക്ക് ആളുകളെ കൊണ്ടുപോകാൻവേണ്ടി ശ്രമിക്കുന്നു. അതിന് എല്ലാത്തരം പിന്തുണയും കൊടുക്കുന്നുവെന്നുള്ള രാഷ്ട്രീയം നമ്മുടെ നാട്ടിൽ നല്ലതല്ല. ഇടതുപക്ഷ സർക്കാർ എസ്.ഐ.ആർ.-ന്റെ കൂടെ നിൽക്കുന്നുവെന്ന് പറഞ്ഞവർ എത്രയാണ്? രഹസ്യമായി പാവപ്പെട്ടവരുടെ വീടുകളിൽ പോയി ചർച്ച ചെയ്യുന്ന കാര്യമാണ് ഞാൻ പറയുന്നത്. എസ്.ഐ.ആർ.-നെതിരെ അതിശക്തമായ നിലപാടെടുത്തിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ

മുന്നണി സർക്കാരാണ്. രാഷ്ട്രീയ പാർട്ടിയെന്ന നിലയിൽ ഇടതുപക്ഷം സുപ്രീംകോടതിയിൽ പോകുകയും പ്രത്യേക കക്ഷിയോഗം വിളിക്കുകയും പ്രമേയം പാസ്സാക്കുകയുമൊക്കെ ചെയ്തില്ലേ? പൗരത്വ നിയമം കൊണ്ടുവരുമ്പോൾ അതിനെതിരെ ഞങ്ങൾ സംസാരിച്ചില്ലേ; എസ്.ഐ.ആർ.-നെതിരെ സംസാരിച്ചില്ലേ; ഇത്തരം കാര്യങ്ങളിൽ ശക്തമായ നിലപാടെടുക്കുന്നത് എപ്പോഴും ഇടതുപക്ഷ ഗവൺമെന്റല്ലേ; ഇടതുപക്ഷത്തിന്റെ അത്തരം കാര്യങ്ങൾ പോലും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലേക്ക് പ്രതിപക്ഷം പോകുകയല്ലേ? അവർക്ക് ഇക്കാര്യത്തിലൊന്നും ഒരു പ്രശ്നവുമില്ല. ബാബറി മസ്ജിദ് തകർക്കലിന്റെ സമയം മുതൽ ഇങ്ങോട്ട് കോൺഗ്രസ് എടുക്കുന്ന സമീപനത്തെ സംബന്ധിച്ചൊക്കെ ഞാൻ ആവർത്തിക്കുന്നില്ല. അതെല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾ വീണ്ടും വർഗീയത ഉപയോഗിച്ച് രാഷ്ട്രീയം കളിക്കാൻ ശ്രമിക്കുകയാണവർ. ഇന്ന് രാവിലെ ഇവിടെ ചർച്ച ചെയ്ത വിഷയമായതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. കെ. കരുണാകരനെ കാണാൻപോലും സമ്മതിക്കാതിരുന്ന ശ്രീമതി സോണിയ ഗാന്ധിയോട് മനം മടുത്തതിന്റെ വിഷമത്തിൽ, കോൺഗ്രസ് പാർട്ടിയിൽനിന്ന് എനിക്ക്

മാറിനിൽക്കേണ്ടിവരുമെന്ന് ഗദ്ഗദകണ്ഠനായിപ്പോയ കെ. കരുണാകരനെപ്പോലെയുള്ള ആളുകൾ, മൂപ്പനാരെപ്പോലെയുള്ള ആളുകൾ നിരവധി പണ്ട് ഉണ്ടായിരുന്നു. അവിടേയ്ക്ക് സുഗമമായി കടന്നുചെന്ന് അടുത്തിരുന്ന് ഫോട്ടോയെടുക്കാനും ഏലസ് കെട്ടിക്കൊടുക്കാനും കഴിയുന്നുവെങ്കിൽ അതിന്റെ പിന്നിൽ എന്തോ അപകടമുണ്ട്. അതുകൊണ്ടാണ് പ്രതിപക്ഷം ഇവിടെ ചർച്ചയിലൊന്നും പങ്കെടുക്കാതിരിക്കുന്നതും ചെയറിന്റെ ഡയസ്സിലേക്ക് ചാടിക്കയറുന്നതും. പെട്ടെന്ന് പ്രകോപനമുണ്ടായി സമരം തുടങ്ങുകയാണെന്ന് പറഞ്ഞിട്ട് മിനിഞ്ഞാന്നേ പോസ്റ്ററും ബാനറും തയ്യാറാക്കി സഭക്കകത്തേയ്ക്ക് വരികയാണ്. ഇവിടെ വന്നിട്ടാണ് സമരം ആലോചിച്ചതെന്നാണ് പറയുന്നത്. പക്ഷെ ഇവർക്ക് ഏതോ അതീന്ദ്രിയമായ കഴിവുണ്ട്. അതുകൊണ്ട് ഉടൻതന്നെ വലിയ ബാനറുമായാണ് വരുന്നത്. ഇന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതിനെക്കുറിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പറഞ്ഞല്ലോ? ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് ഈ അന്വേഷണത്തെ സംബന്ധിച്ച് വിശ്വാസം ഏർപ്പെടുത്തിക്കൊള്ളാമെന്നാണ്. പ്രതിപക്ഷത്തിന് ആരെയെങ്കിലും

വിശ്വാസം വേണ്ടേ? ഇവിടെയുള്ളവരോടുള്ള വിശ്വാസക്കുറവ് കാരണം സി.ബി.ഐ. അന്വേഷണം വേണ്ടെന്നുപറഞ്ഞു. അത് മാറ്റിവച്ചു. എന്തായാലും അന്വേഷണത്തെ സംബന്ധിച്ച് നല്ല അഭിപ്രായം പറഞ്ഞല്ലോ? അനുമതി. ശരിയായ ദിശയിലാണ് അന്വേഷണം നടക്കുന്നതെന്ന് പറഞ്ഞു. ഇതിനകത്ത് എന്തിനാണ് പുകമറയുണ്ടാക്കാൻ ശ്രമിക്കുന്നത്. ഏതെങ്കിലും കുറ്റം ചെയ്തിട്ട് വേണ്ടാത്ത പ്രശ്നമൊക്കെയുണ്ടാക്കുന്നതെന്തിനാണ്? ഏതെങ്കിലും കുറ്റവാളിയുണ്ടെങ്കിൽ അത് നോക്കിയാൽ പോരേ? ഇവിടെ രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. ഉണ്ണിക്കൃഷ്ണൻ പോറ്റിയും കൂടിയുള്ള ചിത്രം കാണിക്കുന്നു. അത് മോർഫ് ചെയ്തതാണെന്ന് കാണുമ്പോൾത്തന്നെ അറിയാം. ഒരു ആംബുലൻസ് കൊടുക്കാൻ പോകുന്നിടത്ത് ഒരു പടം എടുക്കുന്നതും ജൻപഥിലെ 10-ാം നമ്പർ വസതി, അതീവ സുരക്ഷിത സ്ഥലം, ഇപ്പോൾ കോൺഗ്രസിന്റെ ഏറ്റവും ഉയർന്ന നേതാക്കന്മാർക്കുപോലും കയറാൻ സാധിക്കാത്ത തരത്തിലുള്ള സ്ഥലത്തുപോയി ഫോട്ടോ എടുക്കുന്നതും വീണ്ടും വിവാദമാക്കുന്നത് എന്തിനാണ്? വിവാദമുണ്ടാക്കാൻ അവർക്ക് എന്തോ താൽപര്യമുണ്ടാകും.

അല്ലെങ്കിൽ ഇതുമായി നടക്കില്ലല്ലോ? ഇവിടെ പറഞ്ഞതുപോലെ സോണിയാ ഗാന്ധിയുമൊത്തുള്ള ഫോട്ടോയുടെ കാര്യത്തിലും അവർ എന്തോ ഉദ്ദേശിച്ചിട്ടുണ്ടാകും. സോണിയ ഗാന്ധിയെയുംകൂടി കുറച്ച് വിവാദത്തിലാക്കിക്കളയാം എന്ന് ചിന്തിച്ചുകാണും, ഇക്കാര്യത്തെക്കുറിച്ചൊന്നും നമുക്കറിയില്ല. എന്തൊക്കെയോ ചില കാര്യങ്ങൾ അവിടെ നടക്കുന്നുണ്ട്.

ഈ സർക്കാരിനെ തകർക്കാൻ വേണ്ടി എല്ലാ തരത്തിലുമുള്ള ശ്രമങ്ങൾ പ്രതിപക്ഷം നടത്തുകയാണ്. ആ ലക്ഷ്യവുമായിട്ടാണ് ഇവിടെ വേണ്ടത്ര കാര്യങ്ങൾ ചർച്ച ചെയ്യാൻപോലും തയ്യാറാകാതെ അവർ ഇക്കാര്യവുമായി സമരം നയിച്ച് മുന്നോട്ട് പോകുന്നത്. സാധാരണക്കാരന്റെ എല്ലാ മേഖലയിലും എന്തെങ്കിലുമൊക്കെ ചെയ്യാൻ ശ്രമിച്ചിട്ടുള്ള സർക്കാരാണിത്. ആ ജീവിതത്തിന് വ്യത്യാസവുമുണ്ട്. ഇപ്രാവശ്യത്തെ ബജറ്റിൽ ഒരു ജെൻഡർ ബജറ്റ് ഉൾപ്പെടെ, പ്രത്യേകിച്ച് വയോജന ബജറ്റ് ഉൾപ്പെടെ ഉൾപ്പെടുത്തി എല്ലാ മേഖലയിലും ശ്രദ്ധ ചെലുത്തിയാണ് ഞങ്ങൾ പോകുന്നത്. തൊഴിലുറപ്പ് പദ്ധതി ഇല്ലാതാകുമെന്ന് വിചാരിച്ച സ്ഥാനത്ത് ഇപ്പോൾ അതിനുവേണ്ടി 1000 കോടി രൂപ മാറ്റിവച്ചു. തദ്ദേശസ്വയംഭരണ

വകുപ്പ് കുടുംബശ്രീയുടെ കാര്യത്തിൽ 130 ഇനങ്ങൾക്ക് അവരുടെ പ്രോഡക്ട് തന്നെ ആധുനിക ടെക്നോളജി ഉപയോഗിച്ച് പായ്ക്ക് ചെയ്ത് മാർക്കറ്റ് ചെയ്യാനുള്ള ഒരു സംവിധാനമുണ്ടാക്കി. 22 കോടി രൂപയാണ് വാല്യൂ ആഡഡ് പ്രോഡക്ടിനുവേണ്ടി മാറ്റിവച്ചത്. നമ്മുടെ ആളുകൾക്ക് ഭക്ഷ്യ പദാർഥങ്ങളുണ്ടാക്കുന്നതിനുള്ള സൗകര്യങ്ങളും മറ്റ് പ്രൊഡക്ഷനുണ്ടാക്കാനുള്ള തുകയും പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽനിന്ന് ഇപ്പോൾ ധാരാളം സംരംഭകർ വരുന്നുണ്ട്. അവർക്ക് പ്രത്യേക സഹായം കൊടുക്കാൻ ഈ ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി മേഖലയിൽ ധാരാളം പദ്ധതികൾ വച്ചിട്ടുണ്ട്. കയർ മേഖലയിലും കശുവണ്ടി മേഖലയിലുമൊക്കെ ചില പ്രത്യേക പദ്ധതികൾക്ക് കുറച്ചുകൂടി പണം വകയിരുത്തണമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അതിന് പണം വയ്ക്കുന്നുണ്ട്. കശുവണ്ടി മേഖലയിൽ സ്വകാര്യ വ്യവസായ മേഖലയുൾപ്പെടെ വലിയ തകർച്ചയിലാണ്. അതിന് പ്രത്യേക പുനരുജ്ജീവന പാക്കേജ് ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ അവർക്ക് ഫുഡ് പ്രോസ്സസിങ്ങിന്റെ എക്സ്പീരിയൻസുണ്ട്. കശുവണ്ടി ഫാക്ടറിയുമായി കേന്ദ്രീകരിച്ച് ഫുഡ്

പ്രോസ്സസിങ്ങിനുവേണ്ടി കുറച്ച് കാര്യങ്ങൾ കൂടി ചെയ്യാൻ സാധിക്കും. അതുമായി ബന്ധപ്പെടുത്തി ഒരു സ്കീം കൂടി പറയുകയാണ്. വ്യവസായ വകുപ്പിന്റെ സഹായമുണ്ടെങ്കിൽ ആ ഫാക്ടറിയിലെ തൊഴിലാളികൾക്ക് അവിടത്തെ സൗകര്യം ഉപയോഗിച്ച് കുറച്ച് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഓരോ മേഖലയിലുമുള്ള കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. ഇതിനകത്ത് വന്ന എല്ലാ കാര്യങ്ങളും എടുത്തുപറയുന്നില്ല. മെമ്പർമാർ കുറെ കാര്യങ്ങൾ ഇപ്പോഴും എഴുതി തരുന്നുണ്ട്. അതെല്ലാം ഈ സമയത്ത് ഉൾപ്പെടുത്താനുള്ള പ്രശ്നങ്ങളും ബുദ്ധിമുട്ടുകളുമുണ്ട്. എങ്കിലും വളരെ നിർബന്ധമായും ചെയ്യേണ്ട ചില കാര്യങ്ങൾകൂടി കൂട്ടിച്ചേർത്ത് പറയുകയാണ്.

വനം-വന്യജീവി മേഖലയിൽ വിളനാശത്തിനും വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്കും നൽകുന്ന നഷ്ടപരിഹാരം നിലവിൽ തുലോം തുച്ഛമാണ്. ഈ തുക വർധിപ്പിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യം കൃത്യമായി പരിശോധിച്ച് നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വന്യമൃഗ ആക്രമണംമൂലം പരിക്കേൽക്കുന്ന ആളുകളിൽ ചിലർ ദീർഘകാലം

കിടപ്പിലാകുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അവർക്ക് നിലവിൽ നൽകുന്നത് വളരെ പരിമിതമായ നഷ്ടപരിഹാരത്തുകയാണ്. അവരുടെ ചികിത്സയ്ക്കും മറ്റുമായി തുക വർധിപ്പിക്കണമെന്ന ആവശ്യമുണ്ടായിട്ടുണ്ട്. വനം-വന്യജീവി വകുപ്പിന്റെ പ്രത്യേക ആവശ്യമെന്ന നിലയിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാം.

കശുവണ്ടി മേഖലയിൽ ഗ്രാറ്റുവിറ്റി നൽകുന്നതിന് തുക അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. കയർ മേഖലയിലെ റിട്ടയർമെന്റ് ബെനഫിറ്റ് കുടിശ്ശികയ്ക്കുള്ള തുക നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ഇക്കാര്യവുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കാം. ഖാദി, കൈത്തറി മേഖലകളിൽ ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാക്കാം. കളമശ്ശേരി നിയോജകമണ്ഡലത്തിലെ ആലുവ-ആലങ്ങാട് റോഡിന്റെ വീതികൂട്ടുന്നതിനും

പോളിടെക്നിക്കിന്റെ ഓഡിറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ടും ഉചിതമായ നടപടി സ്വീകരിക്കും.

കഴിഞ്ഞ തവണ തുക വർധിപ്പിച്ച സമയത്ത് എടുത്തുപറയേണ്ട ചില മേഖലകൾ വിട്ടുപോയത് ഇപ്പോൾ പരാമർശിക്കുകയാണ്. ഒരു ലക്ഷത്തോളം വരുന്ന കരാർ/ദിവസ വേതന ജീവനക്കാരുടെ വേതനം അഞ്ച് ശതമാനം വർധിപ്പിക്കും. 1,600/- രൂപയായിരുന്ന വിശ്വകർമ്മ പെൻഷൻ 2,000/- രൂപയായി വർധിപ്പിക്കും. ഞാൻ ഓരോന്നും എടുത്ത് പറയുന്നില്ല. അഞ്ഞൂറോന്നൂറോ ഗുണഭോക്താക്കൾ ഉൾപ്പെടുന്ന വിവിധ മേഖലകൾക്കുവേണ്ടി തുക വർധിപ്പിക്കുന്ന കാര്യം പൊതുവിൽ പറയുന്നതാണ്. എസ്.സി., എസ്.ടി. പ്രൊമോട്ടർമാരുടെ വേതനത്തിൽ ആയിരം രൂപയുടെ വർധനവുണ്ടാകും. വിദ്യാർഥികളുടെ ലംപ്സം ഗ്രാന്റിനത്തിൽ പത്ത് ശതമാനം വർധനവുണ്ടാകും. പ്രൊഫഷണൽ സ്റ്റേജ് കലാകാരന്മാരുടെയും നാടക കലാകാരന്മാരുടെയും (പ്രൊഫഷണൽ നാടകം ഉൾപ്പെടെ) കാര്യങ്ങൾ സാംസ്കാരിക വകുപ്പിന് കീഴിലാണ് വരുന്നത്. ഈ മേഖലയിൽ അഞ്ച് കോടി രൂപ അധികമായി വകയിരുത്തുന്നു. ചെറുകിട വ്യവസായ പദ്ധതികളെ സഹായിക്കുന്നതിനുള്ള സാമൂഹിക സുരക്ഷാ

പദ്ധതിയിലേക്ക് ഒരു കോടി രൂപ വകയിരുത്തുന്നു. കണ്ണൂർ ഹജ്ജ് ഹൗസിന് പ്ലാൻ ഇനത്തിൽ ഒരു തുക നീക്കിവച്ചിട്ടുണ്ട്. കൂടുതൽ ചെലവ് വരുന്ന ഹജ്ജ് ഹൗസിന്റെ നിർമ്മാണത്തിനായി അഞ്ച് കോടി രൂപകൂടി അനുവദിക്കുന്നു. കണ്ണൂർ വിമാനത്താവളത്തോട് ചേർന്നുള്ള ഹജ്ജ് ക്യാമ്പിന് സാധാരണഗതിയിൽ സഹായം നൽകാറുണ്ട്. ഇതിന് ഈ വർഷം ഒരു കോടി രൂപ അനുവദിക്കുന്നു; കഴിഞ്ഞ വർഷവും തുക അനുവദിച്ചിരുന്നു. കുറേയേറെ റോഡുകൾക്കും പാലങ്ങൾക്കും നൽകിയ തുകകൾ സംബന്ധിച്ച് ഞാൻ വായിക്കുന്നില്ല. ആ വിവരങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു.+ കാസർഗോഡ് തൃക്കരിപ്പൂർ ചന്തേര റെയിൽവേ മേൽപ്പാലത്തിന് അഞ്ച് കോടി രൂപ നൽകും. കരകൗശല വികസന കോർപ്പറേഷന്റെ ഓഫീസ് ആധുനികവൽക്കരിക്കുന്നതിന് അമ്പത് ലക്ഷം രൂപ നൽകും. ഹോർട്ടി കൾച്ചർ മിഷന് പ്രവർത്തന ഗ്രാന്റായി ഒരു കോടി രൂപ നീക്കിവയ്ക്കും. വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം)-യുടെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. അവർക്ക് റെഫ്രിജറേറ്റഡ് ഗോഡൗണുകൾ ഇല്ല.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായ സാഹചര്യത്തിൽ പച്ചക്കറിയും ഫ്രൂട്ട്സും കളക്ട് ചെയ്ത് റെഫ്രിജറേറ്റഡ് ഗോഡൗണിൽ സൂക്ഷിച്ചശേഷം വിതരണത്തിന് കൊണ്ടുപോയാൽ കുറച്ചുകൂടി നല്ലതാണ്. അതിനായി അവർക്ക് അഞ്ച് കോടി രൂപ പ്രത്യേകമായി അനുവദിക്കും. ഇത് കാർഷിക മേഖലയ്ക്ക് ഏറെ ആശ്വാസം നൽകും.

ലൈബ്രറി കൗൺസിലിൽ ലൈബ്രേറിയന്മാർക്ക് തുക വർധിപ്പിച്ചെങ്കിലും ലൈബ്രറി കൗൺസിലിന് അത്രയും തുക നൽകാൻ കഴിയില്ല. അതുകൊണ്ട് ലൈബ്രറി കൗൺസിലിന് അഞ്ച് കോടി രൂപ പ്രത്യേക ഗ്രാന്റായി നൽകും. കോട്ടയം ജില്ലയിലെ നാഗമ്പടം ശ്രീ മഹാദേവർ ക്ഷേത്രവുമായി ബന്ധപ്പെട്ട് വളരെ പഴക്കമുള്ളൊരു പിൽഗ്രിം സെന്ററുണ്ട്. ഈ തീർഥാടന ടൂറിസത്തിനായി രണ്ട് കോടി രൂപ അനുവദിക്കും. അരൂർ, തുറവൂർ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം സംബന്ധിച്ച് ശ്രീമതി ദെലീമ, എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇരുപത്തിരണ്ട് കോടി രൂപയുടെ ടാങ്കാണ് അവിടെ വേണ്ടത്. ഈ വർഷം അവിടെ അഞ്ച് കോടി രൂപ അനുവദിക്കും. ബാക്കി പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ചെയ്യാൻ കഴിയും.

കൈത്തറി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പ്രധാനപ്പെട്ടൊരു ആവശ്യമാണ്. പല ഫാക്ടറികളും നല്ല തുണിത്തരങ്ങൾ നിർമ്മിക്കുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ അവസ്ഥ ശോചനീയമാണ്. ഇവിടത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി അഞ്ച് കോടി രൂപ നീക്കിവയ്ക്കുന്നു. വകുപ്പ് ആവശ്യമായ പരിശോധന നടത്തി പ്രസ്തുത തുക ഓരോ സംഘങ്ങൾക്കും നൽകാവുന്നതാണ്. കണ്ണൂരിലെ കല്ല്യാശ്ശേരിയിൽ നല്ല തുണിത്തരങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. ബാലരാമപുരം കൈത്തറി, ചേന്ദമംഗലം കൈത്തറി എന്നിവയെല്ലാം പ്രശസ്തമാണ്. എന്റെ നിയോജകമണ്ഡലത്തിലെ വെളിയത്തുള്ള അഞ്ച് സാധാരണ കൈത്തറി സംഘങ്ങളെക്കൂടാതെ പരവൂർ, ചാത്തന്നൂർ തുടങ്ങിയ സ്ഥലങ്ങളിലും കൈത്തറിയുണ്ട്. ഇപ്പോൾ കൈത്തറി സംഘങ്ങളിൽ കൂടുതൽ നല്ല ടെക്നോളജി സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായും തുക വകയിരുത്തുന്നു.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിരന്തരമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ് അവരുടെ അധിവർഷാനുകൂല്യം കുറച്ചുകൂടി കൂട്ടണമെന്നുള്ളത്. ഇതിനായി അടുത്ത വർഷത്തേക്ക് അമ്പത് കോടി രൂപ

മാറ്റിവയ്ക്കുന്നു. റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിന് സഹായമായി ഒരു കോടി രൂപ നീക്കിവയ്ക്കുന്നു. കൊല്ലം ജില്ലയിലെ വളരെ പഴക്കമുള്ളൊരു പ്രതിമയാണ് ശ്രീനാരായണ കോളേജിന് സമീപത്തുള്ള അയ്യങ്കാളി പ്രതിമ. അത് പുതുക്കി പണിയുന്നതിനായി ഇരുപത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സാമൂഹ്യ രംഗത്ത് പ്രവർത്തിച്ചിരുന്ന പാമ്പാടി ജോൺ ജോസഫിന്റെ പേരിലുള്ള പഠന കേന്ദ്രം, മഹാത്മാ കുഞ്ഞൻ വെളുമ്പൻ പഠന ഗവേഷണ കേന്ദ്രം എന്നിവയ്ക്കാവശ്യമായ തുക നീക്കിവയ്ക്കുന്നുണ്ട്. സുകുമാർ അഴീക്കോടിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് അവിടെയുള്ള പഠന കേന്ദ്രത്തിന് രണ്ട് കോടി രൂപ നീക്കിവയ്ക്കുന്നു.

തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, CAPE(Co-operative Academy of Professional Education)-ന്റെ കാര്യംകൂടി പരിഗണിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് ഉൾപ്പെടുത്താം. ലക്കിടി കിള്ളിക്കുറിശ്ശിമംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് അഞ്ച് ലക്ഷം രൂപകൂടി അധികമായി നീക്കിവയ്ക്കും. ഞാൻ എല്ലാം വായിക്കുന്നില്ല. മുളവന-ചാമുണ്ടിമൂല റോഡിന് രണ്ട് കോടി രൂപ, ഐ.എച്ച്.ആർ.ഡി. ആർട്സ്

ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന് അഞ്ച് കോടി രൂപ, കോങ്ങാട്-പത്തിരിപ്പാല ബൈപ്പാസിന് മൂന്ന് കോടി രൂപ, കോട്ടംമുറി തിരുവേഗപ്പുറ പാലത്തിന് അഞ്ച് കോടി രൂപ, പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന് അധികമായി അഞ്ച് കോടി രൂപ എന്നിങ്ങനെ നീക്കിവയ്ക്കുന്നുണ്ട്. കാവിലംപാറ പഞ്ചായത്ത് തെങ്ങിൻതൈ നഴ്സറിക്ക് അമ്പത് ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, കിൻഫ്ര ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് തുക നീക്കിവച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അത് ഇവിടെ പറയേണ്ട ആവശ്യമില്ല. അതിന്റെ പ്രവർത്തനങ്ങൾ നേരത്തെ നടന്നുകൊണ്ടിരിക്കുന്നതാണ്. അഡീഷണൽ തുക നീക്കിവയ്ക്കേണ്ട ഇനമല്ല അത്. വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി കിൻഫ്രയ്ക്ക് ആയിരം കോടി രൂപ ലോൺ എടുത്ത് ഗ്യാരന്റി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പെൻഷൻ തുക നൽകുന്നതിന് അങ്കണവാടി ക്ഷേമനിധിക്ക് സഹായം നൽകേണ്ടതുണ്ട്. ചില കാര്യങ്ങൾ അഡ്മിനിസ്ട്രേറ്റീവ് ആയി

ചെയ്യാവുന്നതാണ്. ഈ സാമ്പത്തിക വർഷംതന്നെ ക്ഷേമനിധിക്ക് സഹായം നൽകും. പ്രീ-പ്രൈമറി ആയമാരുടെ പ്രതിമാസ വേതനം അഞ്ഞൂറ് രൂപ വർധിപ്പിക്കും. ഇതുപോലെ ചെറിയ ചെറിയ കാര്യങ്ങളുണ്ട്. എല്ലാം ഉൾക്കൊള്ളുന്ന ലിസ്റ്റ് എന്റെ കൈവശമില്ല. അമ്പതും അഞ്ഞൂറും മൂന്നൂറും ഗുണഭോക്താക്കൾ ഉൾക്കൊള്ളുന്ന ഇനങ്ങളുണ്ട്. നോൺ ജേർണലിസ്റ്റ് പെൻഷൻ വർധിപ്പിക്കും. വകുപ്പുമായി ആലോചിച്ച് തുകയുടെ കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കും. കക്ക വ്യവസായത്തിനുള്ള സഹായം ഈ വർഷംതന്നെ നൽകും, അതിനായി തുക നീക്കിവയ്ക്കും. പൊതുവിൽ ഇത്രയും കാര്യങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ചേന്ദംപള്ളി റോഡ്, വാമനപുരം മിനി സിവിൽ സ്റ്റേഷൻ, കണ്ണൂർ ഹജ്ജ് ഹൗസ്, കടയ്ക്കൽ ചിങ്ങേലി റോഡ് തുടങ്ങി ഉയർന്നുവന്നിട്ടുള്ള ചെറിയ ചെറിയ ആവശ്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ടൈ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുന്നു.+ ചെറിയ ചില മേഖലകളിൽ വ്യത്യാസം വരുന്ന കാര്യങ്ങളുണ്ട്. ക്ഷേമനിധിയുടെയും പെൻഷന്റെയും കാര്യങ്ങളാണവ. അതെല്ലാം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

തെങ്ങ് കയറ്റ/മരം കയറ്റ തൊഴിലാളികൾ വീണ് പരിക്കേറ്റ് മരണപ്പെടുന്ന സംഭവങ്ങളുണ്ട്. അവർക്കുള്ള ധനസഹായം നിലവിൽ രണ്ട് ലക്ഷം രൂപയാണ്. ആ തുകയിൽ കാലോചിതമായ വർധനവ് വരുത്തേണ്ടതുണ്ട്. അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാം. ലംപ്സം ഗ്രാന്റിന്റെ കാര്യത്തിലാണ് പ്രധാന അനൗൺസ്മെന്റ് വരുന്നത്. പത്ത് ശതമാനം വർധനവ് എന്നത് വലിയൊരു തുകയാണ്. പ്രായം ചെന്നവരെ പരിപാലിക്കുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായവും പരിഗണിക്കും. കെ. എം. മാണി ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപയും പാലാ ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ആറ് കോടി രൂപയും പാലാ ഇൻഫോസിറ്റിക്ക് ഏഴര കോടി രൂപയും നീക്കിവയ്ക്കുന്നുണ്ട്. കശുവണ്ടി മേഖലയിലെ പുതിയ തൊഴിൽ ഫെസിലിറ്റേഷനുമായി ബന്ധപ്പെട്ട് പത്ത് കോടി രൂപ നീക്കിവയ്ക്കും. കൂടാതെ എസ്.സി., എസ്.ടി. മേഖലയിൽ പുതുതായി വരുന്ന സംരംഭകർക്കായി തുക നീക്കിവച്ചിട്ടുണ്ട്. അവർക്ക് ഇന്ററസ്റ്റ് സബ്സിഡി അഞ്ച് ശതമാനം നൽകുന്നത് നന്നായിരിക്കും. എസ്.സി., എസ്.ടി. മേഖലയിലെ പുതിയ സംരംഭകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള സഹായമാണിത്. ഹീമോഫീലിയ രോഗികൾ

ഉൾപ്പെടെയുള്ളവർക്കായുള്ള KARE (Kerala United Against Rare Diseases) പദ്ധതിക്കായി ഈ വർഷം നീക്കിവച്ചിരുന്ന തുക തീർന്നു. വലിയ ചെലവുവരുന്ന ഈ പദ്ധതിയിലേക്ക് മുപ്പത് കോടി രൂപ നീക്കിവയ്ക്കുന്നു. ഇത്രയും കാര്യങ്ങളാണ് പൊതുചർച്ചയുടെ ഭാഗമായി വന്നത്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിന്മേലുള്ള പൊതുചർച്ച ഇവിടെ അവസാനിച്ചിരിക്കുകയാണ്. സഭാ ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം പൊതുചർച്ച പൂർത്തിയാകുന്നതോടുകൂടി ബജറ്റിലെ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്കും റിപ്പോർട്ടിനുമായി റഫർ ചെയ്യപ്പെടുന്നതാണ്. അതത് സബ്ജക്ട് കമ്മിറ്റികൾ യോഗം ചേരേണ്ടത് സംബന്ധിച്ച് ഷെഡ്യൂൾ സർക്കുലേറ്റ് ചെയ്യുന്നതാണ്. 2026, ഫെബ്രുവരി 6-ാം തീയതി മുതൽ ആരംഭിക്കുന്ന സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ എല്ലാ അംഗങ്ങളും കൃത്യമായി പങ്കെടുക്കുകയും തങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സമിതിയിൽ ചർച്ച ചെയ്യണമെന്നും ചെയർ അഭ്യർത്ഥിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഫെബ്രുവരി മാസം 05-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 1.22-ന് പിരിഞ്ഞു.)

* * * * *